# സർഗ്ഗാത്മക രചനയും ആശയവിനിമയ ശേഷിയും

## Common Course in Malayalam

## For

## BA/B Sc

## I SEMESTER

*(2011 Admission)*

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

Calicut University P.O. Malappuram, Kerala, India 673 635

107

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

**BA/B Sc**

**I Semester**

**Common Course in Malayalam**

# സർഗ്ഗാത്മക രചനയും ആശയവിനിമയ ശേഷിയും

**Prepared by:**

*Sri. A.P. Sasidharan*
*Assistant Professor,*
*Department of Malayalam,*
*A.V.A.H. Arts & Science College,*
*Payyoli Angadi*

Sruitnized by:
*Dr. K.M. Priyadarsanlal*
*Swathi, Malapparamba*
*Kozhikode - 673009.*

Layout: ***Comppuyter Section, SDE***

**(c)**
Reserved

**ഉള്ളടക്കം** **പേജ്**

| | | |
|---|---|---|
| മൊഡ്യൂൾ –1 | എഴുത്തിന്റെ സാമാന്യ നിയമങ്ങൾ | 5 |
| മൊഡ്യൂൾ –2 | രചനാ പരിശീലനം | 11 |
| മൊഡ്യൂൾ –3 | മലയാളവും ജനപ്രിയമാധ്യമങ്ങളും | 19 |
| മൊഡ്യൂൾ –4 | മലയാളവും വിവരസാങ്കേതികതയും | 31 |

# മൊഡ്യൂൾ –1

# എഴുത്തിന്റെ സാമാന്യ നിയമങ്ങൾ

## വിശദപഠനം: സർഗ്ഗസാഹിതി

### 1. ഒരു കഥ ജനിക്കുന്നു - എം.ടി.വാസുദേവൻ നായർ

വൈയക്തികാനുഭവങ്ങളും സാമൂഹ്യാനുഭവങ്ങളും ഒരു പ്രത്യേക രീതിയിൽ രാസപരിണാമങ്ങൾക്ക് വിധേയമാകുമ്പോഴാണ് സർഗ്ഗാത്മകതയുടെ ആകാശങ്ങൾ വികസ്വരമാകുന്നത്. ജീവിതാനുഭവത്തിന്റെ ഏതേത് കെട്ടിക്കുടുക്കുകളിലാണ് കലയുടെ ഊർജ്ജം സംഭരിക്കപ്പെട്ടിരിക്കുന്നതെന്ന് കലാകാരന് പോലും വ്യക്തല്ല. ഓരോ എഴുത്തുകാരനുള്ളിലും ഒളിച്ചു വെയ്ക്കപ്പെട്ട അഗ്നിയുണ്ട്. തന്റെ രചനാതന്ത്രങ്ങളുടെ സവിശേഷതയിൽ അത് സ്വയം പ്രകാശിക്കുകയായി.

എഴുത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച്, എഴുത്തുകാരന്റെ രചനാകൗശലങ്ങളെക്കുറിച്ച് എം.ടി എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് 'കാഥികന്റെ പണിപ്പുര'. ഇതിൽ നിന്നും എടുത്തു ചേർത്തിട്ടുള്ളതാണ് 'ഒരു കഥ ജനിക്കുന്നു' എന്ന ലേഖനം. ചെറുകഥയുടെ ശില്പശൈലിയാണ് അദ്ദേഹം ഈ ലേഖനത്തിൽ പരിശോധനാവിധേയമാക്കുന്നത്. ഏറ്റവും പ്രിയപ്പെട്ട കഥ എന്ന നിലയിൽ 'നിന്റെ ഓർമ്മയ്ക്ക്' എഴുതാനിടയായ സന്ദർഭമാണ് ലേഖനത്തിന്റെ വിഷയമെങ്കിലും തന്റെ മറ്റ് ചില കഥകളും കഥാപാത്രങ്ങളും രൂപപ്പെടാനിടയായ പശ്ചാത്തലവും വിശദമാക്കുന്നുണ്ട്. ഒരു കഥ പണിപ്പുരയിൽ രൂപം പ്രാപിക്കുന്നതെങ്ങിനെ എന്ന് സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കുകയാണദ്ദേഹം.

ഒരു കഥയുടെ ജന്മകാരണം എന്തെന്ന് എഴുത്തുകാരനു പോലും വ്യക്തമാക്കാൻ കഴിയുന്നതല്ല എന്ന് എം.ടി.നീരീക്ഷിക്കുന്നു ഒരു പാട് മുന്നൊരുക്കങ്ങളുമായി ചെന്നിരുന്നാൽ നടക്കുന്ന പ്രക്രിയയല്ല കഥാരചന. എന്നാൽ ഒരു മുന്നൊരുക്കമില്ലാതെയും തികച്ചും അത്ഭുതകരമായും അത് പ്രത്യക്ഷപ്പെടുകയും ചെയ്തേക്കാം. സുഹൃത്തുക്കളുടെയും പത്രക്കാരുടെയും നിർബന്ധവും, സമ്മർദ്ദവും, പ്രലോഭനവും ഒന്നും രചനയ്ക്ക് സഹായകമാകണമെന്നില്ല. പലപ്പോഴും എഴുതണമെന്ന് ആലോചിക്കുക പോലും ചെയ്യാത്ത സമയത്തായിരിക്കും എഴുത്തിന്റെ മിന്നൽ പിണരുകൾ രൂപം കൊള്ളുന്നത്. തന്റെ പല കഥകളും ഇങ്ങിനെ അവിചാരിതമായി രചിക്കപ്പെട്ടതാണെന്ന് എം.ടി.നിരീക്ഷിക്കുന്നുണ്ട്.

എഴുത്താരംഭിക്കുന്നതിന് മുമ്പു തന്നെ കഥയെ പൂർണ്ണമായി കാണാൻ കഴിയണമെന്ന് എം.ടി.പറയുന്നു. കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ, ചുറ്റുപാടുകൾ, ഭാവങ്ങൾ ഇവയെക്കുറിച്ചെല്ലാം വ്യക്തമായൊരു ധാരണയുണ്ടായിരിക്കണം. തുടക്കവും, അവസാനവും, കഥയുടെ പേരും കൂടി തീരുമാനിച്ച ശേഷമാണെങ്കിൽ പിന്നെ പകർത്തി എഴുത്തിന്റെ പ്രശ്നം മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇതിനിടയിലും പെട്ടെന്നുള്ള പ്രേരണകൊണ്ട് ചില മാറ്റങ്ങൾ സംഭവിക്കുന്നതും സാധാരണമാണ്. ഇത്തരം ഭാഗങ്ങളായിരിക്കും പിന്നീട് ഏറെ ശ്രദ്ധിക്കപ്പെടുന്നവയായിത്തീരുന്നത്.

എം.ടിയുടെ അഭിപ്രായത്തിൽ കഥയെഴുത്തിന് സാമാന്യമായ ഒരു നിയമവും ഇല്ല. നിശ്ചയിച്ചുറപ്പിക്കപ്പെട്ട സമയമോ, പദ്ധതിയോ ഒന്നും കഥയെഴുത്തിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല. 'അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ' എന്ന കഥയെഴുതിയ പശ്ചാത്തലം എം.ടി.വിവരിക്കുന്നുണ്ട്. ബൈബിൾ സ്വാധീനത്തിൽ എഴുതിയ കഥയാണത്. ബൈബിൾ വായിക്കുന്ന സമയത്ത് കഥയെഴുത്തിനെക്കുറിച്ചൊന്നും ആലോചിച്ചിരുന്നില്ല. പിന്നീടാണ് ദൈവപുത്രനും, യൂദാസും കണ്ടുമുട്ടിയിരുന്നെങ്കിൽ എന്ന ആലോചന ഉണ്ടാവുന്നത്. അങ്ങനെ തികച്ചും യാദൃച്ഛികമായി എഴുതിത്തീർന്ന കഥയാണ് അതെന്ന് എം.ടി ഓർമ്മിക്കുന്നു.

കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ് എന്നീ പ്രസിദ്ധ കഥകളുടെ പശ്ചാത്തലത്തെപ്പറ്റിയും സാന്ദർഭികമായി എം.ടി. സൂചിപ്പിക്കുന്നുണ്ട്. വലിയ അധ്വാനമൊന്നും കൂടാതെ എളുപ്പത്തിൽ എഴുതിത്തീർത്ത കഥയാണ് കുട്ട്യേടത്തി. വലിയ പ്രചോദനമൊന്നും അതിനുണ്ടായിട്ടില്ല. പ്രചോദനം ഒരർത്ഥത്തിൽ കള്ളനാണയമാണെന്നാണ് എം.ടിയുടെ പക്ഷം. വെറുതെ സ്വന്തം ഗ്രാമത്തെക്കുറിച്ചാലോചിക്കിരിക്കുമ്പോൾ തറവാടിൽ നിന്ന് പണ്ട് ആത്മഹത്യ ചെയ്ത മീനാക്ഷിയേടത്തിയെ ഓർത്തു. അങ്ങിനെയുണ്ടായ കഥയാണ് കുട്ട്യേടത്തി.

തന്റെ കഥാജീവിതത്തിൽ ഏറെ വേദനിപ്പിക്കുകയും എഴുതിക്കഴിഞ്ഞപ്പോൾ കരയിപ്പിക്കുകയും ചെയ്ത ഒരു കഥ മാത്രമേയുള്ളൂ എന്ന് എം.ടി പറയുന്നുണ്ട്. സ്വന്തം ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ചോര പൊടിയുന്ന ഓരേടായിട്ടാണ് 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയെ എം.ടി. ഇന്നുമോർമ്മിക്കുന്നത്. സഹോദരിമാരില്ലാതെ വളർന്ന കുട്ടിക്കാലത്ത് അച്ഛന്റെ കൂടെ സിലോണിൽ നിന്നും വന്ന ഒരു പെൺകുട്ടിയെക്കുറിച്ചുള്ള വേദന നിറഞ്ഞ ഓർമ്മയാണ് ഈ കഥയ്ക്ക് അടിസ്ഥാനം. ഒരു സഹോദരി വന്നു കയറിയതിന്റെ ആഹ്ലാദമാണ് എം.ടിക്ക് ഉണ്ടായതെങ്കിൽ, വീട്ടിൽ അതൊരു ഭൂകമ്പം തന്നെയാണുണ്ടാക്കിയത്. ഒരു കുട്ടിയുടെ മനസ്സിന് ഉൾക്കൊള്ളാൻ പറ്റാത്ത എന്തെല്ലാമോ പ്രശ്നങ്ങൾ ആ വരവിൽ തന്നെ ഉണ്ടായിരുന്നു എന്ന് അച്ഛനും അമ്മയും തമ്മിലുള്ള വഴക്കിൽ നിന്ന് മനസ്സിലാവുന്നുണ്ട്. കുറച്ച് ദിവസങ്ങൾക്ക് ശേഷം അച്ഛൻ പോയപ്പോൾ ആ കുട്ടിയും തിരിച്ചുപോയി. പിന്നീടൊരിക്കലും അവളെ കാണാനിട വന്നിട്ടില്ല. ഏറെ വർഷങ്ങൾക്ക് ശേഷം ഒരു സ്നേഹിതന്റെ സഹോദരിയുടെ കല്യാണത്തിന് പോയ സമയത്ത് ആരോ ആ പെൺകുട്ടിയുടെ വിവാഹം കഴിഞ്ഞ കഥ എം.ടിയോട് പറയുന്നു. പഴയ ഓർമ്മകളെല്ലാം ഇതോടെ എം.ടിയിലേക്ക് തിരിച്ചു വരികയുണ്ടായി. അതോടെ അനുഭവിച്ച വേദന എങ്ങിനെയെങ്കിലും കഥാരൂപത്തിൽ അവതരിപ്പിക്കണമെന്ന ചിന്തയായി. എഴുതാൻ ആരംഭിച്ചതോടെ പ്രയാസങ്ങളും ആരംഭിച്ചു. അമ്മയുടെ കാഴ്ചപ്പാടിലോ, പെൺകുട്ടിയുടെ കാഴ്ചപ്പാടിലോ ആരുടെ ഭാഗത്ത് നിന്നാവണം കഥ പറഞ്ഞ് തുടങ്ങേണ്ടത് എന്നതായിരുന്നു പ്രശ്നം. അവസാനം കഥ നടക്കുന്ന കാലത്തെ താനെന്ന പത്ത് വയസ്സുകാരന്റെ കാഴ്ചപ്പാടിലൂടെ പ്രിയസഹോദരിക്ക് മംഗളം നേർന്നു കൊണ്ട് കഥ എഴുതി അവസാനിപ്പിക്കുകയാണുണ്ടായത്. തന്റെ മനസ്സിൽ ഒരുപാട് കാലം വേദനിപ്പിച്ച ഒരു കഥയായിട്ടാണ് ഈ കഥയെ എം.ടി.പരിചയപ്പെടുത്തുന്നത്.

## 2. എന്റെ പണിപ്പുര – ഇടശ്ശേരി

കാല്പനികതയുടെ സ്വപ്നലോകങ്ങളിലും വൈകാരികതയുടെ മിഥ്യാഭ്രമങ്ങളിലും കുരുങ്ങിപ്പോയ മലയാള കവിതയെ വീണ്ടെടുത്ത് വീണ്ടും ജന ജീവിതത്തിന്റെ സാധാരണ പരിസരങ്ങളിലേക്ക് കൊണ്ടുവരുന്നതിൽ പ്രധാന പങ്ക് വഹിച്ച കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. ജീവിത പ്രതിസന്ധികളെ നേരിടുന്നതിൽ പ്രകടിപ്പിച്ച ധീരതയും ആർജ്ജവവും ആണ് ഇടശ്ശേരിയെ മലയാളത്തിന്റെ പ്രിയകവിയാക്കിത്തീർത്തത്.

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ' – എന്ന പ്രഖ്യാപനം അദ്ദേഹത്തെ ശക്തിയുടെ കവി എന്ന വിശേഷണത്തിന് അർഹനാക്കിത്തീർക്കുന്നു. വയലും വയൽക്കരയും, പൂതവും, പൂത്തമാവും തെയ്യക്കോലങ്ങളും കാവൽ നിൽക്കുന്ന ഗ്രാമീണജിവിതമായിരുന്നു ഇടശ്ശേരി കവിതകളുടെ ഊർജ്ജം. സ്വന്തം കവിതാരചനയുടെ വിവിധ ഘട്ടങ്ങളുടെ സവിശേഷതകളെ അവലോകനം ചെയ്യുന്ന ലേഖനമാണ് 'എന്റെ പണിപ്പുര'.

ഉള്ളിൽ തട്ടുന്ന ഏതനുഭവവും കവിതയ്ക്ക് കാരണമാവാം. യുക്തിയെക്കാളേറെ, അയുക്തിക്കും, ഭാവനയ്ക്കുമാണ് ഈ ഘട്ടത്തിൽ പ്രാധാന്യം. അന്തർമുഖത്വവും ഏകാന്തതയുമാണ് ഈ സന്ദർഭത്തിൽ കവിയെ ഭരിക്കുന്നത്. 'മധുരമായ വേദനയുടെയും, ആസ്വാദ്യമായ ദു:ഖത്തിന്റെയും കാലം' എന്നാണ് ഇടശ്ശേരി ഈ ഘട്ടത്തെ വിളിക്കുന്നത്. മനസ് വികാരഭരിതമായതുകൊണ്ടു മാത്രം കവിതാരചന സാധ്യമാകണമെന്നില്ല. കവിത എഴുതണമെന്ന ഇച്ഛാശക്തി കൂടെ ഉണ്ടെങ്കിൽ മാത്രമേ കവിതാ രചന സാധ്യമാവുകയുള്ളൂ എന്ന് ഇടശ്ശേരി കൂട്ടിച്ചേർക്കുന്നു.

ഏതോ അഗാധതയിൽ നിന്ന് വാരിയെടുത്ത അയിർമണ്ണുമായി കവി തന്റെ പണിപ്പുരയിൽ പ്രവേശിക്കുകയാണ്. പിന്നീട് മറ്റൊരു കാര്യത്തിലും ശ്രദ്ധ നൽകാതെ അയിർമണ്ണിനെ പാകപ്പെടുത്തുന്നതിലായിരിക്കും കവിയുടെ ഏകാഗ്രത. ഈ ഘട്ടത്തിൽ മറ്റൊന്നും കവിയെ അലോസരപ്പെടുത്തുന്നില്ല. വാരിയെടുത്ത അയിർമണ്ണിൽ കവിതയ്ക്കു വേണ്ട അല്പം അംശങ്ങൾ ഉണ്ടായിരിക്കും. അവ്യക്തമായ രൂപവും എഴുതാൻ പോകുന്നതിന്റെ ഏകദേശ ഭാവങ്ങളും ഇതിൽ ഉൾച്ചേർന്നിരിക്കും.

'പുത്തൻ കലവും അരിവാളും' എന്ന തന്റെ കവിതയുടെ രൂപപ്പെടൽ എങ്ങിനെ ആയിരുന്നു എന്ന് കവി ആലോചിക്കുന്നുണ്ട്. രണ്ട് ചോദ്യങ്ങളായിരുന്നു ഈ കവിതയുടെ ഉല്പത്തിക്ക് നിദാനം. ആര് വിതച്ചു? ആര് കൊയ്തു? ഈ രണ്ട് ചോദ്യങ്ങൾ ഒരുപാട് കാലം കവിയുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. പിന്നീടാണ് അവയ്ക്ക് താളവും ഭാവവും കഥാപാത്രസ്വഭാവങ്ങളും പകർന്ന് ഇന്നത്തെ നിലയിൽ പ്രസിദ്ധമാവുന്നത്.

ബോധപൂർവ്വമല്ലാതെ ഒരു കവിതയും താൻ എഴുതിയിട്ടില്ലെന്ന് ഇടശ്ശേരി പറയുന്നുണ്ട്. അഥവാ എഴുതിപ്പോയാൽ തന്നെ ബോധപൂർവ്വം പരിശോധിച്ചും മിനുസപ്പെടുത്തിയും നിരൂപണം ചെയ്തും മാത്രമേ വായനക്കാർക്ക് മുമ്പിൽ എത്തിക്കാറുള്ളൂ.

എഴുതിക്കഴിഞ്ഞ കവിതയിൽ നിരൂപണബുദ്ധി പ്രയോഗിക്കുന്നതിനോട് ഇടശ്ശേരിക്ക് അധികം യോജിപ്പില്ല. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയെ ഇല്ലാതാക്കുന്ന ഗതി വരരുത് എന്നാണ് ഈ വിഷയത്തിൽ അദ്ദേഹത്തിന് പറയാനുള്ളത്. കവിതാ നിർമ്മാണവേളയിൽ കുറച്ച് നിരൂപണബുദ്ധി ചെലുത്താൻ കവിയെ പ്രേരിപ്പിച്ചത് ചില നല്ല സുഹൃത്തുക്കളാണെന്ന് കവി ഓർക്കുന്നു. എന്തായാലും നിരൂപണത്തിന്റെ കാര്യത്തിൽ ഒരു മധ്യവർത്തിത്വം സ്വീകരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ട്.

കവിതയ്ക്ക് രൂപമാണോ ഭാവമാണോ ആദ്യം ഉണ്ടാവുന്നത് എന്നതിന് കൃത്യമായി ഉത്തരം പറയാനാവില്ല എന്നാണ് സ്വാനുഭവത്തിൽ നിന്ന് അദ്ദേഹം പറയുന്നത്. രൂപത്തിന് വേണ്ട ഭാവമോ, ഭാവത്തിന് വേണ്ട രൂപമോ, സ്വയം വാർന്നുവീണുകൊള്ളും എന്നാണ് അദ്ദേഹത്തിന്റെ അനുഭവം.

തന്റെ കവിതാ രചനയുടെ പണിപ്പുരയെ നാട്ടുമ്പുറത്തെ 'കരുവാന്റെ ആല'യോടാണ് കവി സാദൃശ്യപ്പെടുത്തുന്നത്. ആലയിൽ ശ്രദ്ധാപൂർവ്വം പണിതെടുത്ത ഒരു പേനാക്കത്തി തന്റെ കരുവാത്തിയെ കാണിക്കുന്നു. അവരത് തിരിച്ചും മറിച്ചും പരിശോധിച്ച് നന്നായിട്ടുണ്ട് എന്നഭിപ്രായം പറയുന്നു. സംതൃപ്തനായ കവി രണ്ട് തുടയ്ക്കൽ കൂടി തുടച്ച് അത് ആവശ്യക്കാർക്ക് നൽകുകയാണ്. ഇങ്ങനെ തിളക്കവും മൂർച്ചയും ഭംഗിയുമുള്ള ഒരു കത്തി കരുവാന്റെ ആലയിൽ നിന്ന്, നിർമ്മിക്കപ്പെടും പോലെയാണ് സ്വപ്നങ്ങൾക്ക് മേൽ തപസ്സ് ചെയ്ത് പതം വരുത്തി താൻ കവിത മെനഞ്ഞെടുക്കുന്നതെന്ന് ഇടശ്ശേരി വ്യക്തമാക്കുകയാണ്.

## 3. രംഗപ്രസാധനം - ഒരു കല - ജി.ശങ്കരപ്പിള്ള

മലയാള നാടകവേദിയിൽ ഭാവരൂപ അവതരണങ്ങളുടെ കാര്യത്തിൽ പരീക്ഷണങ്ങളുടെ കാലമായിരുന്നു. ജി.ശങ്കരപിള്ളയുടെ കാലം: നാടകരചനയിലും, സംവിധാനത്തിലും ഏറെ പരിചയമുള്ള അദ്ദേഹം മലയാളികളുടെ ദൃശ്യബോധത്തെ സാരമായി സ്വാധീനിച്ച നാടകപ്രവർത്തകനാണ്. നാടോടിക്കഥകളും, പുരാണകഥകളും വർത്തമാന ജീവിത പരിസരത്ത് പുനർവായനയ്ക്ക് വിധേയമാക്കുകയും അങ്ങനെ കാലിക പ്രസക്തിയുള്ള ഒട്ടേറെ വിഷയങ്ങളെ രംഗവേദിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ നാടകാനുഭവങ്ങളെ മുൻനിർത്തി നാടകരചനയും, അവതരണവും വിശദമാക്കുന്ന ധാരാളം ലേഖനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. അദ്ദേഹത്തിന്റെ 'നാടകദർശനം' എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തിട്ടുള്ളതാണ് 'രംഗപ്രസാധനം- ഒരു കല' എന്ന ലേഖനം. കഥാരചനയും കവിതയെഴുത്തും പോലെ തന്നെ നാടകസംവിധാനവും ഒരു സർഗ്ഗാത്മക പ്രവർത്തനമാണെന്ന് സ്ഥാപിക്കാനും, ഒരു നല്ല നാടകത്തിന്റെ സൃഷ്ടിക്ക് ആത്മബോധമുള്ള ഒരു സംവിധായകന്റെ സഹായം അനിവാര്യമാണെന്ന് വ്യക്തമാക്കാനുമാണ് ഈ ലേഖനത്തിൽ അദ്ദേഹം ശ്രമിക്കുന്നത്.

നാടകം ഒരു ദൃശ്യകലയാണ്. രംഗാവതരണവുമായി ബന്ധപ്പെട്ടാണ് അത് നിലനിൽക്കുന്നത്. എന്നാൽ നാടക രചന ഒരു സർഗ്ഗാത്മക കലയാണെന്ന് സമ്മതിക്കുന്നവർ പോലും രംഗാവതരണം വെറും കൗശലം മാത്രമായിട്ടാണ് പരിഗണിക്കുന്നത്. എഴുത്തുകാരനെ അപേക്ഷിച്ച് രണ്ടാം സ്ഥാനം മാത്രമേ സംവിധായകന് ലഭിച്ചിട്ടുള്ളൂ. രംഗപ്രസാധനം ഒരു സ്വതന്ത്രകലയാണെന്ന് നിരൂപകർ ആരും സമ്മതിച്ചതായി അറിവില്ല. നാടകത്തിന്റെ ജീവൻ അവതരണത്തിലാണെന്നും രംഗപ്രസാധനം ഒരു കലയാണെന്നും വ്യക്തമാക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

രംഗവേദി നടീനടന്മാർക്ക് സംഭാഷണങ്ങൾ വിളിച്ചു പറയാനോ, അലങ്കാരപ്പണി കൊണ്ട് മോടി പിടിപ്പിക്കാനോ ഉള്ള ഒരു ഇടം മാത്രമല്ല. അതിനു ജീവനും ചൈതന്യവും ഭാഷയുമുണ്ട്. വേദിയുടെ ഈ സവിശേഷത തിരിച്ചറിഞ്ഞ് അതിനെ ആത്മാവിഷ്കാരത്തിന്റെ മാധ്യമമാക്കിത്തീർക്കുകയാണ് രംഗപ്രസാധനം എന്ന കല.

'പ്ലേ പ്രൊഡക്ഷൻ' എന്ന കൃതിയിൽ മിൽട്ടൺ സ്മിത്താണ് രംഗപ്രസാധനത്തെ വ്യക്തമായി നിർവചിക്കുന്നത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'സ്ക്രിപ്റ്റ് പ്ലേ ആയിത്തീരുന്ന പ്രക്രിയയാണ് രംഗപ്രസാധനം'. സംവിധായകൻ, നാടകകൃത്ത്, രംഗവേദി, നടൻ എന്നിവരുടെ ഒത്തു ചേരലിലാണ് രംഗാവതരണം പൂർണ്ണതയിലെത്തുന്നത്. നാടകരചയിതാവിന്റെ ഭാവനയിൽ രൂപം കൊണ്ട ഒരു സ്വപ്നലോകത്തെ പ്രേക്ഷകന് മുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്ന കലയാണത്. ഈ കലയിൽ എഴുതപ്പെട്ട നാടകം, നടീനടന്മാർ,

വേദിയുടെ സാധ്യതകൾ എന്നിവയെല്ലാം ചേരുംപടി ചേർക്കുന്ന ഒരു സംഘാടകനാണ് സംവിധായകൻ. നാടകം ഉണ്ടായ കാലം മുതൽ തന്നെ ഈ സംഘാടകനും ഉണ്ടായിരുന്നു. പ്രാചീന ഭാരതീയ നാടകങ്ങളിൽ സൂത്രധാരന്റെ പങ്ക് രംഗാവതരണ സംഘാടനമായിരുന്നു എന്ന് ലേഖകൻ നിരീക്ഷിക്കുന്നുണ്ട്.

റിയലിസ്റ്റിക് കാലഘട്ടത്തിലാണ് സംവിധായകന്റെ ആവശ്യകതയെക്കുറിച്ച് കൂടുതൽ ധാരണ ഉണ്ടാവുന്നത്. അതോടെ അവതരണം വെറും കൗശലമാണെന്ന കാഴ്ചപ്പാട് മാറി. കലാകാരന്റെ അതീന്ദ്രിയസ്വഭാവത്തോടെ പ്രവർത്തിക്കുന്നവനാണ് സംവിധായകൻ എന്ന കാഴ്ചപ്പാട് രൂപപ്പെട്ടു. സ്വന്തം സർഗ്ഗശക്തിയുടെ അംശം കലർത്തി രചനയെ പുന:സംഘടിപ്പിക്കുന്ന കലാകാരനാണ് സംവിധായകൻ എന്ന് വ്യക്തമാക്കപ്പെട്ടു.

ഒരു നല്ല സംവിധായകന്റെ സവിശേഷതകതൾ എന്തെല്ലാമാണെന്ന് ലേഖകൻ വ്യക്തമാക്കുന്നുണ്ട്. എഴുത്തുകാരന്റെ പ്രതിഭയും, സംഘാടകശക്തിയും, നാടകാവതരണത്തെക്കുറിച്ചുള്ള നല്ല ബോധവും അയാൾക്കുണ്ടാവണം. ഒരു നാടകം തന്നെ വ്യത്യസ്ത സംവിധായകർ വ്യത്യസ്ത രീതിയിലാണ് രംഗത്ത് അവതരിപ്പിക്കുന്നത്. സാഹിത്യകൃതി നല്ല രീതിയിൽ മനസ്സിലാക്കിയ ശേഷമേ അയാൾ രംഗാവതരണത്തിന് തയ്യാറാവാൻ പാടുള്ളൂ. ഇതിന് നാല് ഘട്ടങ്ങളാണുള്ളത്. ധ്യാനഘട്ടം, ആസൂത്രണഘട്ടം, ശിക്ഷണഘട്ടം, പ്രയോഗഘട്ടം എന്നിവയാണവ. രചനാവേളയിൽ സംഭവിക്കുന്ന മാനസികപ്രക്രിയകൾ തന്നെയാണ് അവതരണഘട്ടത്തിലും സംഭവിക്കുന്നത് എന്ന് ധ്യാനഘട്ടം പരിശോധിച്ചാൽ മനസ്സിലാവുന്നതാണ്.

നാടകമാണ് സംവിധായകന്റെ അസംസ്കൃത വസ്തു. അതുകൊണ്ട് തന്നെ അവതരണത്തിനുള്ള നാടകം തെരഞ്ഞെടുക്കുമ്പോൾ അയാൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. തന്റെ ചിന്താപദ്ധതിക്കനുയോജ്യമായ ഒരു നാടകമായിരിക്കണം അത്. അവതരണച്ചെലവ്-പരിശീലനത്തിനുള്ള സമയം എന്നിവ നേരത്തെ തീരുമാനിച്ചിരിക്കണം. എല്ലാറ്റിനുമുപരി നാടകം കാണാനെത്തുന്നവരെക്കുറിച്ചുള്ള ഒരു സാമാന്യ ധാരണയും ഉണ്ടായിരിക്കണം. നാടകം തെരഞ്ഞെടുത്തു കഴിഞ്ഞാൽ അവതരണത്തെക്കുറിച്ചുള്ള ആലോചനയാണ്. ഒരു നാടകത്തിൽ പ്രധാനമായും രണ്ടംശങ്ങളാണുള്ളത്. രചനയിൽ വെളിപ്പെടുന്ന നാടകത്തിന്റെ സങ്കല്പം, സംവിധാനത്തിൽ പ്രത്യക്ഷപ്പെടുന്ന സംവിധായകന്റെ സങ്കല്പം. ഒരു നാടകത്തിന് ഇതു രണ്ടും പ്രധാനമാണ്

നല്ല രചനയും നല്ല രംഗപ്രധാനവും ഒരു നാടകത്തിന്റെ വിജയത്തിന് പ്രധാനമാണ്. കൃതിയിലെ അടിസ്ഥാനാശയം ചിലപ്പോൾ പ്രത്യക്ഷവും ചിലപ്പോൾ പരോക്ഷവും ആയിരിക്കാം. ചിലത് പല തരം വ്യഖ്യാനങ്ങൾക്കും ഇട നൽകുന്നതായിരിക്കും. ഇതിൽ ഏറ്റവും യുക്തവും, ഹൃദയസ്പർശിയുമായ ആശയം കണ്ടെത്തി അവതരിപ്പിക്കുന്നതിലാണ് സംവിധായകന്റെ വിജയം. നാടകത്തെ അറിയലാണ് സംവിധായകന്റെ ധർമ്മം. നാടകത്തിന്റെ ആത്മാവ് കണ്ടെത്തിയാൽ മറ്റെല്ലാം താനേ രൂപപ്പെട്ടുകൊള്ളും എന്നാണ് ലേഖകന്റെ അനുഭവം.

കഥയറിഞ്ഞ് ധാരണയിലെത്തിയാൽ സംവിധായകൻ ആസൂത്രണത്തിലേക്ക് തിരിയുകയായി. ഒരു വികാരം വളർന്ന് വികസിച്ച് സാഹിത്യകൃതിയായിത്തീരുന്നതിന് തുല്യമാണ് ഈ ഘട്ടം.

ഇതെല്ലാം തെളിയിക്കുന്നത് മറ്റേതൊരു സർഗ്ഗാത്മക പ്രവർത്തനം പോലെ തന്നെയാണ് രംഗപ്രസാധനവും എന്നാണ്. പക്ഷേ ഇന്നും നാടകവേദി എഴുത്തുകാരന്റെയും, നടന്റെയും, മാനേജരുടെയും മാത്രമാണ്. രംഗപ്രസാധനത്തെ കലയായി അംഗീകരിക്കുകയും. സംവിധായകനെ കലാകാരനാക്കി സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ നല്ല നാടകങ്ങൾ ഉണ്ടാവുകയുള്ളൂ എന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്.

### 4. കഥയിൽ നിന്ന് തിരക്കഥയിലേക്ക് - ആർ.വി.എം.ദിവാകരൻ

ആധുനിക സാങ്കേതിക വിദ്യയുടെ കലാരൂപമാണ് സിനിമ. വായനാനുഭവത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ അനുഭവമാണ് സിനിമയിലെ ദൃശ്യാനുഭവം നൽകുന്നത്. ദൃശ്യാനുഭവങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന സാഹിത്യാനുഭവത്തെക്കുറിച്ചാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്. സാഹിത്യ രചനകളെ അടിസ്ഥാനമാക്കി സിനിമകൾ ചെയ്യുമ്പോൾ പ്രധാന ഉപാധിയായി വരുന്നത് തിരക്കഥകളാണ്. സാഹിത്യകൃതി തിരക്കഥയാവുമ്പോൾ യുക്തമായ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെടാറുണ്ട്. ഇന്ന് തിരക്കഥകളും സാഹിത്യരൂപമെന്ന നിലയിൽ പ്രസിദ്ധീകരിക്കപ്പെടുകയും വായനക്കാരെ ആകർഷിക്കുകയും ചെയ്യുന്നുണ്ട്. എം.ടി. വാസുദേവൻ നായരുടെ പ്രധാന തിരക്കഥകളെ അടിസ്ഥാനമാക്കി സാഹിത്യഭാഷ എങ്ങിനെ ദൃശ്യഭാഷയായിത്തീരുന്നു എന്ന് പരിശോധിക്കുകയാണ് ലേഖകൻ.

അലൻ റെനെ, ഗൊദാർദ് തുടങ്ങിയ ലോകോത്തര സംവിധായകർക്കൊന്നും തന്നെ നോവൽ സിനിമയാക്കി മാറ്റുന്നതിനോട് യോജിപ്പില്ല. 'തണുത്ത ഭക്ഷണം വീണ്ടും ചൂടാക്കി കഴിക്കുന്നതി'നോടാണ്

അനുകല്പനം എന്ന പ്രക്രിയയെ അലൻ റെനെ സാദൃശ്യപ്പെടുത്തിയത്. എങ്കിലും ആദ്യകാലങ്ങളിൽ തന്നെ പ്രശസ്തങ്ങളായ പല സാഹിത്യകൃതികളും സിനിമാരൂപം കൈക്കൊണ്ടതായി കാണുന്നുണ്ട്. സാഹിത്യ കൃതി സിനിമയാവുമ്പോൾ സംവിധായകനെക്കാൾ ഉത്തരവാദിത്വം തിരക്കഥാകൃത്തിനാണെന്ന് ലേഖകൻ പറയുന്നു. അതു കൊണ്ടായിരിക്കണം ആദ്യകാലങ്ങളിൽ സാഹിത്യത്തിൽ അറിയപ്പെട്ടവർ തന്നെയാണ് തിരക്കഥാകൃത്തുക്കളായി അറിയപ്പെട്ടതും. പുതിയ കാലത്ത് തിരക്കഥാ രചന ഒരു സ്കിൽഡ് ജോബാണെന്ന നിലയിൽ ആർക്കുമെഴുതാവുന്ന ഒന്നായി മാറിയിട്ടുണ്ട്. തിരക്കഥാ രചനയ്ക്കുള്ള സോഫ്റ്റ്വേറുകളും ഇന്ന് മാർക്കറ്റിൽ ലഭിക്കുന്നുണ്ട്.

തിരക്കഥാ രചനയ്ക്ക് മറ്റ് സാഹിത്യരൂപങ്ങളിൽ നിന്നുള്ള പ്രധാന വ്യത്യാസമായി കാണുന്നത്, എഴുത്തുകാരന്റെ സ്വാതന്ത്ര്യക്കുറവാണ്. സംവിധായകന്റെ, നിർമ്മാതാവിന്റെ, അഭിനേതാവിന്റെയെല്ലാം താൽപര്യങ്ങൾ അയാൾ പരിഗണിക്കേണ്ടി വരും. കൂടാതെ മാധ്യമത്തിന്റെ പരിമിതികൾ അയാൾ നല്ല രീതിയിൽ മനസ്സിലാക്കേണ്ടതുണ്ട്.

സാഹിത്യകൃതി സിനിമയാക്കുമ്പോൾ തിരക്കഥാകൃത്തിന് ധാരാളം സാധ്യതകളുണ്ട്. അനുകല്പനം ഒരു തരം സാഹിത്യവിമർശനമാണെന്നു വരെ അഭിപ്രായമുണ്ട്. നോവലിൽ പലതരം കഥാഘടനകൾ നിലനിൽക്കേ തനിക്ക് ആകർഷണീയമായി തോന്നിയ കഥാഗതിയെ അവലംബിച്ചാണ് അയാൾ തിരക്കഥ തയ്യാറാക്കുന്നത്. തർജ്ജമയിൽ നഷ്ടപ്പെടുന്നതാണ് കവിത എന്ന് വിവർത്തനത്തെക്കുറിച്ച് ഫ്രോസ്റ്റ് പറഞ്ഞത് അനുകല്പനത്തെക്കുറിച്ചും ശരിയാണ്. പലപ്പോഴും മൂലകൃതിയിൽ ധാരാളം വ്യതിയാനങ്ങൾ, പ്രത്യേകിച്ച് ദൃശ്യത്തിന് പ്രാധാന്യം നൽകുന്നവ വരുത്തിയാണ് തിരക്കഥ തയ്യാറാക്കുന്നത്.

ജോർജ്ജ് ബ്ലൂസ്റ്റോണിന്റെ ‘നോവൽസ് ഇന്റു ഫിലിം’ എന്ന അനുകല്പനത്തെക്കുറിച്ചുള്ള കൃതിയിൽ ഒരു നോവലും അപ്പാടെ തിരക്കഥയാക്കാൻ കഴിയില്ല എന്നു പറയുന്നുണ്ട്. ഒട്ടേറെ കഥാപാത്രങ്ങളും അനവധി ഉപകഥകളും ഒക്കെയുള്ള സാഹിത്യസാഗരമായ നോവലുകൾ ആദ്യം ചുരുക്കിയെഴുതിയതിന് ശേഷമേ തിരക്കഥാ രൂപത്തിൽ പരിവർത്തനപ്പെടുത്താവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്. ചെറുകഥയാണ് സ്വീകരിക്കുന്നതെങ്കിൽ കൂട്ടിച്ചേർക്കലുകളാണ് വേണ്ടി വരുന്നത്. മലയാളത്തിൽ ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ തിരക്കഥകൾ എഴുതിയ എം.ടിക്ക് ചെറുകഥകളാണ് കൂടുതൽ സ്വീകാര്യമായി തോന്നിയിട്ടുള്ളത്. സ്വന്തം കഥകളെ കൂടാതെ എസ്.കെ, ചെറുകാട്, എൻ.എൻ. പിഷാരടി എന്നിവരുടെ കഥകൾക്കും അദ്ദേഹം തിരക്കഥകൾ എഴുതിയിട്ടുണ്ട്.

എം.ടി എഴുതിയ തിരക്കഥകളിലേറെയും സ്വന്തം കഥകളെ ആസ്പദമാക്കിയാണ്. സ്വന്തം ജീവിതാനുഭവങ്ങളും തനിക്കു ചുറ്റുമുള്ള ലോകവുമായിരുന്നു അദ്ദേഹത്തിന്റെ വിഷയങ്ങൾ. തന്റെ ഗ്രാമത്തിലെ വേലായുധൻ എന്ന ഭ്രാന്തന്റെ കഥയാണ് ‘ഇരുട്ടിന്റെ ആത്മാവ്.’ വേലായുധൻ കാണുന്ന ലോകമാണ് കഥയുടെ വിഷയം. വേലായുധന്റെ അത്മഗതമാണ് കഥയുടെ ഭാഷ. ഇത് തിരക്കഥയായപ്പോൾ വേലായുധനെ നിരീക്ഷിക്കുന്ന മറ്റുള്ളവരുടെ കണ്ണിലൂടെയാണ് കഥ വികസിക്കുന്നത്. കഥയിൽ അവന്റെ ഭ്രാന്താണ് വിഷയമെങ്കിൽ തിരക്കഥയിൽ എല്ലാവരും ചേർന്ന് അവനെ ഭ്രാന്തനാക്കുകയാണ് ചെയ്യുന്നത്.

ഒരു കുട്ടിയുടെ കണ്ണിലൂടെ ലോകത്തെ കാണുന്ന ഓപ്പോൾ എന്ന കഥ തിരക്കഥയായപ്പോഴും എം.ടി ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കഥയിൽ അപ്പു കാണുന്ന ലോകമാണെങ്കിൽ, സിനിമയിൽ അപ്പുവിന്റെ ലോകത്തെ നമുക്ക് കാണിച്ചു തരികയാണ് തിരക്കഥാകൃത്ത് ചെയ്യുന്നത്. മാത്രമല്ല കഥയിൽ നിന്ന് വ്യത്യസ്തമായി ധാരാളം കൂട്ടിച്ചേർക്കലുകളും തിരക്കഥയിൽ നടത്തിയിട്ടുണ്ട്. അപ്പു കല്യാണത്തിൽ പങ്കെടുക്കുന്നതും, ഓപ്പോളുടെ ഒപ്പം വയനാട്ടിലേക്ക് പോകുന്നതും, അപ്പു തന്റെ മകനാണെന്ന് മാളു ഗോവിന്ദൻകുട്ടിക്ക് മുമ്പിൽ വെളിപ്പെടുത്തുന്നതുമെല്ലാം സിനിമയ്ക്കാവശ്യമായ കൂട്ടിച്ചേർക്കലുകൾ ആണ്.

കുട്ട്യേടത്തി തനിക്ക് കുടുംബത്തിൽ പരിചയമുള്ള മീനാക്ഷിയേടത്തിയുടെ കഥയാണ്. സൗന്ദര്യമില്ലാത്തതു കൊണ്ട് മാത്രം അവഗണിക്കപ്പെട്ട് അവസാനം ആത്മഹത്യ ചെയ്യേണ്ടി വന്ന കഥാപാത്രമാണവർ. തിരക്കഥയിൽ ഒരദൃശ്യസഞ്ചാരിയുടെ വീക്ഷണത്തിൽ ഫ്ളാഷ്ബാക്കിലാണ് കഥ നടക്കുന്നത്. കുട്ട്യേടത്തി മരിച്ചു എന്ന കഥപറച്ചിലിൽ നിന്നാണ് സിനിമയാരംഭിക്കുന്നത്.

അതുപോലെ ‘പള്ളിവാളും കാൽച്ചിലമ്പും’ എന്ന കഥ ‘നിർമാല്യം’ എന്ന സിനിമയായപ്പോഴും ഒരുപാട് മാറ്റങ്ങൾ വരുത്തിയതായി കാണാം. വിരുദ്ധബിംബങ്ങളെ ചേർത്ത് സിനിമയ്ക്കാവശ്യമായ സ്പെഷൽ ഇഫക്ടുകൾ സൃഷ്ടിക്കാനും എം.ടി ശ്രദ്ധിച്ചിട്ടുണ്ട്.

എസ്.കെ.പൊറ്റക്കാടിന്റെ ‘കടവ് തോണി’ എന്ന കഥ ‘കടവ്’ എന്ന പേരിൽ ചലച്ചിത്രമാക്കിയപ്പോഴും ധാരാളം മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. തികച്ചും ഒരു പുതിയ കഥ തന്നെയായിത്തീരുന്നു

കടവ്.കഥയിൽ തോണിക്കാണ് പ്രധാന്യമെങ്കിൽ സിനിമയിൽ കടവിനാണ് പ്രാധാന്യം ലഭിച്ചിരിക്കുന്നത്. കഥയെ യുക്തിഭദ്രമാക്കുകയാണ് തിരക്കഥയിൽ ചെയ്തത്. കണ്ടു പരിചയപ്പെട്ട ഒരു പെൺകുട്ടിയേയു മന്വേഷിച്ച് പോകുന്ന ഒരാൺകുട്ടിയുടെ കഥയായിട്ടാണ് എം.ടി. ഈ കഥ പരിഷ്കരിച്ചിരിക്കുന്നത്.

നേരത്തെ താൻ തന്നെ എഴുതിയ ഒരു കഥ തിരക്കഥയാക്കി മാറ്റി എഴുതുമ്പോൾ ഒരാത്മവിമർശനം കൂടി നടക്കുന്നുണ്ട്. സാഹിത്യമാധ്യമത്തിൽ നിന്ന് ദൃശ്യമാധ്യമത്തിലേക്ക് വരുമ്പോഴുള്ള എല്ലാ വൈവിധ്യ ങ്ങളും ഉറപ്പാക്കപ്പെടുന്നുണ്ട്. 'ശത്രു' എന്ന കഥ 'സദയം' എന്ന സിനിമയായപ്പോൾ ഉണ്ടായ മാറ്റവും ഇത് തന്നെയാണ്. തൂക്കുമരം കാത്തിരിക്കുന്ന ഒരു ജയിൽപ്പുള്ളിയും, ജയിൽ സന്ദർശിക്കാനെത്തുന്ന ഒരാളിന്റെ അനുഭവങ്ങളുമാണ് കഥയുടെ വിഷയമെങ്കിൽ, തന്റെ മകനെ കൊന്ന കൊലയാളിയുടെ തൂക്കു മരണം ഉറപ്പുവരുത്താൻ ട്രാൻസ്ഫർ വാങ്ങിയെത്തുന്ന ഒരു ഡോക്ടറുടെ പ്രതികരണങ്ങളിലൂടെയാണ് സിനിമയിലെ കഥ ചുരുളഴിയുന്നത്. അവസാനം കൊലപാതകത്തിന്റെ സത്യാംശം മനസ്സിലാവുന്നതോടെ, കൊലപാതകിയെക്കാൾ നികൃഷ്ടനാണ് കൊല്ലപ്പെട്ട തന്റെ മകൻ എന്ന് തിരിച്ചറിയുമ്പോൾ ഡോക്ടർക്കു ണ്ടാവുന്ന മനംമാറ്റവും വേദനയുമാണ് സിനിമയിൽ അവതരിപ്പിക്കപ്പെടുന്നത്.

എം.ടിയുടെ കഥാഭാഷയും തിരക്കഥ ഭാഷയും തമ്മിൽ വ്യത്യാസമുണ്ട്. സിനിമാറ്റിക്കാവാൻ അവ ശ്യമായ ഘടനാപരമായ ഭാഷ, തിരക്കഥ സിനിമയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുന്ന ഭാഷ, തിരക്കഥ യിലെ സംഭാഷണഭാഷ - ഇവ മൂന്നും ചേർന്നതാണ് തിരക്കഥയുടെ ഭാഷ. തിരക്കഥയ്ക്ക് സാഹിത്യ ത്തിന്റെ രൂപഭാവങ്ങൾ വേണ്ട. ചിത്രീകരണക്ഷമമല്ലാത്തത് തിരക്കഥയിൽ വന്നിട്ട് കാര്യമില്ല. എങ്കിലും എം. ടിയുടെ തിരക്കഥാഭാഷയിൽ സാഹിത്യഭാഷ നല്ല രീതിയിൽ സ്വാധീനം ചെലുത്തുന്നതായി കാണാം.

ഉദാ: ചോദ്യചിഹ്നം പോലെ അയാൾ നിന്നു.

സംഗീതം അയവിറക്കുന്ന നദീതീരം.

ഇത്തരം ചിത്രീകരണക്ഷമമല്ലാത്ത കാര്യങ്ങൾ യഥാർത്ഥത്തിൽ സംവിധായകനുള്ള നിർദ്ദേശങ്ങൾ തന്നെയാണ്. ക്യാമറ, വെളിച്ചം, ശബ്ദം, സംഗീതം എന്നിവ ഉപയോഗിച്ച് സംവിധായകൻ ഈ മൂഡ് സിനി മയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്.

# മൊഡ്യൂൾ–2.

# രചനാ പരിശീലനം

## A ഫീച്ചർ റൈറ്റിംഗ്:

ആനുകാലികങ്ങളിൽ വായനക്കാരുടെ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റുന്നതാണ് ഫീച്ചറുകൾ. ഫീച്ചറുകൾ ഒരു തരത്തിൽ വർത്തകൾ തന്നെയാണ്. ഭാഷയിലും അവതരണത്തിലുമാണ് വ്യത്യാസമുള്ളത്. വാർത്തകൾ സംഭവത്തിന്റെ കേന്ദ്രാശയത്തെ മാത്രം അവതരിപ്പിക്കുമ്പോൾ ഫീച്ചർ സമഗ്ര ചിത്രീകരണമാണ് നടത്തുന്നത്. ലേഖകന്റെ നിരീക്ഷണപാടവവും, പൊതുവിജ്ഞാനവും വസ്തുതകൾ വിശകലനം ചെയ്ത് ആകർഷകമായി അവതരിപ്പിക്കാനുള്ള കഴിവുമാണ് ഫീച്ചറിനെ വ്യത്യസ്തമാക്കുന്നത്. ഇവിടെ ലേഖകന്റെ വ്യക്തിപരമായി കഴിവുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. വലിച്ചു നീട്ടി എഴുതുന്ന വാർത്തയല്ല ഫീച്ചർ; അത് കഥയോ ലേഖനമോ അല്ല, ഇതിന്റെയെല്ലാം ചേരുവകൾ ഫീച്ചറിൽ ഉണ്ടുതാനും. "വാർത്തകൾക്ക് പിന്നിലെ രസകരവും വിജ്ഞാനപ്രദവുമായ കാര്യങ്ങൾ വാർത്താരൂപത്തിലല്ലാതെ കഥാരൂപത്തിലോ ആലങ്കാരികമായോ അവതരിപ്പിക്കുന്നതിനാണ് ഫീച്ചർ എന്നു പറയുന്നത്." ഫീച്ചറുകൾക്ക് ഏതെങ്കിലും വാർത്തകളുമായി ബന്ധമുണ്ടായിരിക്കും. കഥാസ്വഭാവമുണ്ടെങ്കിലും ഇത് വെറും കഥയല്ല. കഥകൾ സാങ്കല്പികമായിരിക്കും. ഫീച്ചറുകൾ യാഥാർത്ഥ്യവുമായാണ് ബന്ധപ്പെടുന്നത്.

ലേഖനസ്വഭാവമുണ്ടെങ്കിലും സാധാരണ അർത്ഥത്തിൽ ലേഖനങ്ങളല്ല ഇവ. ലേഖനം ഒരു കാഴ്ചപ്പാടിന്റെ അവതരണമാണ്. അത് ലളിതമാവണമെന്നില്ല. ഫീച്ചറുകൾ ലളിതവും രസകരവുമായിരിക്കണമെന്ന് നിർബന്ധമാണ്.

വാർത്തകളാണ് ഫീച്ചറുകളുടെ പ്രഭവകേന്ദ്രമെങ്കിലും അവ വെറും വാർത്താവതരണമല്ല നടത്തുന്നത്. വാർത്തകളെക്കാൾ വായനക്ഷമത ഫീച്ചറുകൾക്കുണ്ടാവണം. വാർത്തകൾ ആരും നിർബന്ധിപ്പിച്ച് വായിപ്പിക്കേണ്ടതില്ല. എന്നാൽ ഫീച്ചറുകളിലേക്ക് വായനക്കാരന്റെ ശ്രദ്ധ ആകർഷിക്കേണ്ടതുണ്ട്. വാർത്തകൾ പോലെ സമയബന്ധിതമായിരിക്കില്ല ഫീച്ചറുകൾ. വാർത്തകൾക്ക് ആ സമയത്തെ മൂല്യം മാത്രമേയുള്ളൂ. ഫീച്ചറുകൾ അങ്ങിനെയല്ല. അതെപ്പോഴും പ്രസിദ്ധീകരിക്കാവുന്നതാണ്.

ഫീച്ചറുകളുടെ സവിശേഷതകളെ ഇങ്ങനെ ചുരുക്കാം – ലളിതമായിരിക്കണം, രസകരമായിരിക്കണം, വിജ്ഞാനപ്രദമായിരിക്കണം, വൈകാരികമായിരിക്കണം, പ്രാധാന്യമുള്ള വിഷയത്തെപ്പറ്റിയാവണം. സാധാരണ വായനക്കാരെ മുന്നിൽ കണ്ടാണ് ഫിച്ചർ രചന നടത്തേണ്ടത്. ലളിതമായും രസകരമായും ആകർഷണീയമായും സംവിധാനം ചെയ്താൽ മാത്രമേ ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ സാധിക്കുകയുള്ളൂ. പേജുകൾ മറിക്കുമ്പോൾ വായനക്കാരന്റെ കണ്ണുകളെ പിടിച്ചു നിറുത്താൻ കഴിയുന്ന വിധം ചിത്രങ്ങൾ, ഫോട്ടോകൾ, ചെറിയ ഇലസ്ട്രേഷനുകൾ, കാർട്ടൂണുകൾ, ഗ്രാഫുകൾ എന്നിവ ഫീച്ചറുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

## വിവിധതരം ഫീച്ചറുകൾ

**എ. വാർത്താഫീച്ചറുകൾ**: വാർത്തയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഫീച്ചറുകളാണിവ. വാർത്തയ്ക്കുപിന്നിലെ യഥാർത്ഥ കാരണങ്ങളും, അതിന്റെ ചരിത്രവും, ദൃക്സാക്ഷിവിവരണങ്ങളും എല്ലാം ഇതിൽ വരും.

ഉദാഹരണമായി ഒരു വിമാനാപകടം നടന്നു എന്ന വാർത്ത വന്നാൽ കൂടുതൽ ആളുകൾ മരണമടയുന്നതോടെ അത് പ്രാധാന്യമേറിയ വാർത്തയാവുന്നു. എന്നാൽ അപകടം നടന്ന സ്ഥലം, അതിന്റെ വിവരണം, വിമാനക്കമ്പനി, യന്ത്രത്തകരാറ്, അവരുടെ മറ്റ് വിമാനങ്ങളുടെ സ്ഥിതി, മുൻപ് ഇതേ പോലെ നടന്ന വിമാനാപകടങ്ങളുടെ ചരിത്രം, സംഭവം നടന്ന തിയ്യതിക്കുള്ള പ്രാധാന്യം, പരുക്ക് പറ്റിയവരുമായുള്ള ഇന്റർവ്യൂകൾ, ദൃക്സാക്ഷി വിവരണം, ഫോട്ടോകൾ, അധികാരികളുടെ അശ്രദ്ധ, പരിഹാരനിർദ്ദേശങ്ങൾ എല്ലാം ചേർന്നതായിരിക്കും ഫീച്ചറിന്റെ ഘടന. നാടകീയതയും വൈകാരികതയും, ഇത്തരം അപകടങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള സന്മനസുമെല്ലാം ഫീച്ചറിന്റെ സവിശേഷതകളായിരിക്കണം.

വാർത്താഫീച്ചറിന്റെ മറ്റൊരു മുഖമാണ് 'കർട്ടൺ റെയ്സർ' ഫീച്ചറുകൾ. ഉദാഹരണമായി ലോകകപ്പ് ഫുട്ബോൾ തിയ്യതി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞാൽ കളി തുടങ്ങുന്നതിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് പത്രങ്ങളിൽ പഴയ കളികളുടെയും കളിക്കാരുടെയും അപൂർവചിത്രങ്ങൾ സഹിതം ഫീച്ചറുകൾ പ്രസിദ്ധീകരിക്കും. ഇതാണ് കർട്ടൺ റെയ്സർ ഫീച്ചറുകൾ.

**ബി. ആനിവേഴ്സറി ഫീച്ചറുകൾ:** വർഷംതോറും ആവർത്തിക്കപ്പെടുന്ന ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിശേഷദിവസങ്ങൾ എന്നിവയ്ക്ക് പിറകിലെ സംഭവഗതികളുടെ രസകരമായ ചിത്രീകരണങ്ങളാണ് ഇവ. ഓണം, പുതുവത്സരം, ബക്രീദ്, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, തൃശൂർപൂരം എന്നിവയെക്കുറിച്ചുള്ള ഫീച്ചറുകൾ ഇത്തരത്തിലുള്ളതാണ്. എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നതിനാൽ ഓരോ വർഷവും വൈവിധ്യങ്ങളാണ് ഫീച്ചറുകളുടെ ആകർഷണീയത. നേരത്തെ തന്നെ തയ്യാർ ചെയ്തു വെക്കാം എന്നതാണ് ഈ ഫീച്ചറുകളുടെ പ്രത്യേകത. ഇത്തരം ഫീച്ചറുകൾ തയ്യാറാക്കാൻ വൈദഗ്ദ്യമുള്ള പ്രത്യേകം ലേഖകർ തന്നെ ഓരോ പത്രസ്ഥാപനങ്ങളിലും ഉണ്ടായിരിക്കും.

**സി. ഹ്യൂമർ ഇന്ററസ്റ്റ് ഫീച്ചർ:** വായനക്കാരിൽ സഹതാപവും വൈകാരികതയും സൃഷ്ടിക്കുകയാണ് ഇത്തരം ഫീച്ചറുകൾ ചെയ്യുന്നത്. വലിയ പ്രകൃതിദുരന്തങ്ങൾ, അപകടങ്ങൾ, കണ്ണീരിന്റെ കഥകൾ എന്നിവ ഇത്തരം ഫീച്ചറുകൾക്ക് വിഷയമായിത്തീരുന്നു. ഉദാഹരണമായി ആദിവാസി മേഖലകളിലെ പട്ടിണി മരണങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതർ, സാധാരണക്കാർ നേരിടേണ്ടി വരുന്ന അടിച്ചമർത്തലുകൾ എന്നിവ ഹ്യൂമൺ ഇന്ററസ്റ്റ് ഫീച്ചറുകളായി പ്രത്യക്ഷപ്പെടാറുണ്ട്.

**ഡി. വിനോദ ഫീച്ചറുകൾ:** വായനക്കാരെ രസിപ്പിക്കാനും, വിനോദിപ്പിക്കാനും വേണ്ടി മാത്രമുള്ളവയാണ് ഇവ. എഴുത്തുകാരന്റെ നർമ്മബോധവും, ഏത് വിഷയത്തെയും തമാശയാക്കി അവതരിപ്പിക്കാനുമുള്ള കഴിവുമാണ് ഇതിനടിസ്ഥാനം. ആക്ഷേപഹാസ്യം ഇത്തരം ഫീച്ചറുകളുടെ പ്രധാന സവിശേഷതയാണ്.

**ഇ. പേഴ്സണാലിറ്റി ഫീച്ചർ:** ഓർമ്മിക്കപ്പെടേണ്ട പ്രസിദ്ധ വ്യക്തികളുടെ ജീവിതത്തെക്കുറിച്ചുള്ള ചിത്രീകരണമാണിവ. ശാസ്ത്രജ്ഞന്മാർ, സാമൂഹ്യ-രാഷ്ട്രീയ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവരെ അനുസ്മരിച്ചോ, ജീവിത ഘട്ടത്തിൽ അഭിമുഖം നടത്തിയോ തയ്യാറാക്കുന്ന ഫീച്ചറുകളാണിവ. വ്യക്തികളുടെ നേട്ടങ്ങൾ, അവരുടെ സംഭാവനകൾ എന്നിവ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യം കൂടി ഇത്തരം ഫീച്ചറുകൾക്കുണ്ട്.

**എഫ്. അനലിറ്റിക്കൽ ഫീച്ചർ:** ഗൗരവപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള ആഴമേറിയ പഠനങ്ങളാണ് ഇവ. സാമ്പത്തിക രാഷ്ട്രീയ ശാസ്ത്ര മേഖലകളിലെ ചില പ്രധാനവിഷയങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങളും പരിഹാരമാർഗ്ഗങ്ങളും ആയ ഇവ വിനോദവായനയ്ക്ക് വേണ്ടി ഉള്ളവയല്ല.

**ജി. സൈഡ് ബാർ ഫീച്ചർ:** ഒരു പ്രധാന വാർത്തയോടൊപ്പം വരേണ്ട കാര്യങ്ങൾ അതിൽ നേരിട്ട് ഉൾപ്പെടുത്താൻ കഴിയാതെ വരുമ്പോൾ വാർത്താമധ്യത്തിലോ, വാർത്താഭാഗങ്ങളിലോ, പ്രത്യേകംബോക്സുകളിലോ, നിറം മാറിയോ ചേർക്കുന്നവയാണിവ. വാർത്തകളെക്കാൾ ആളുകൾക്ക് താൽപര്യം ഈ ബോക്സ് കോളങ്ങളിലായിരിക്കും.

**എച്ച്. ബ്രൈറ്റ് ഫീച്ചർ:** പെട്ടെന്ന് വായനക്കാരെ ആകർഷിപ്പിക്കും വിധം നിറങ്ങളിലോ, ചിത്രങ്ങൾ ചേർത്തോ, ബോക്സുകളിലോ നൽകുന്ന ചെറിയ ഫീച്ചറുകളാണിവ. പലപ്പോഴും വിസ്മയകരമായ സംഭവങ്ങളായിരിക്കും ഇവയുടെ വിഷയം.

**ഐ. ഫോട്ടോ ഫീച്ചർ:** ഒരു വിശേഷവ്യക്തിയെ അനുസ്മരിക്കൽ, പ്രധാന ആഘോഷങ്ങൾ, എന്നിവയെ നിരവധി ഫോട്ടോകളിലൂടെ അവതരിപ്പിക്കുന്നതാണ് ഫോട്ടോ ഫീച്ചർ. ഒരു പ്രസിദ്ധ വ്യക്തി മരിച്ചാൽ അദ്ദേഹത്തിന്റെ ജീവിത ചിത്രീകരണം ഫോട്ടോകളിലൂടെ അവതരിപ്പിക്കുന്നത് പത്രങ്ങളിൽ സാധാരണമാണ് അതുപോലെ പ്രസിദ്ധങ്ങളായ ആഘോഷങ്ങളും, ഉത്സവങ്ങളും, ഫോട്ടോകളിലൂടെ അവതരിപ്പിക്കാറുണ്ട്.

**ജെ. കോമ്പിനേഷൻ ഫീച്ചർ:** ഫീച്ചറും ഫോട്ടോഫീച്ചറും ചേർത്തോ, അല്ലെങ്കിൽ ഒന്നിലേറെ ഫീച്ചറുകളായോ കോമ്പിനേഷൻ ഫീച്ചറുകൾ ഉണ്ടാവാം. കൂട്ടിയിണക്കി തയ്യാറാക്കപ്പെടുന്നവയാണ് കോമ്പിനേഷൻ ഫീച്ചറുകൾ.

**ഫീച്ചർ രചന:** ഫീച്ചർ രചനയ്ക്ക് ആദ്യം വേണ്ടത് സാധ്യതയുള്ള ഒരു വിഷയം കണ്ടെത്തുകയാണ്. വിഷയം ലഭിച്ചാൽ അതിനെക്കുറിച്ച് കിട്ടാവുന്ന എല്ലാ വിവരങ്ങളും ശേഖരിക്കേണ്ടതാണ്. ഫോട്ടോകൾ, ചിത്രങ്ങൾ, അഭിമുഖങ്ങൾ ഇങ്ങനെ ആവശ്യമുള്ളതെല്ലാം ശേഖരിക്കേണ്ടതുണ്ട്.

വായനക്കാരെ ആകർഷിക്കുന്ന ആമുഖമാണ് ഫീച്ചറിന്റെ പ്രധാനഭാഗം. അതു വായിച്ചാൽ ഫീച്ചർ മുഴുവൻ വായിക്കാനുള്ള ആഗ്രഹം വായനക്കാരനുണ്ടാവണം. ഒരു കഥയിലൂടെയോ, ഉദ്ധരണിയിലൂടെയോ, ഒരു ചോദ്യത്തിലൂടെയോ, കവിതാശകലത്തിലൂടെയോ ആമുഖം ആരംഭിക്കാവുന്നതാണ്.

ആമുഖം കഴിഞ്ഞാൽ ഫീച്ചർ ശരീരമായി. വായന തുടരാൻ പ്രേരിപ്പിക്കുന്ന ആകാംക്ഷ നിലനിർത്താൻ ശരീരത്തിന് കഴിയണം. പിന്നീട് ഉപസംഹാരമാണ്. വായിച്ച ഫീച്ചറിനെ അല്പദിവസത്തേക്കെങ്കിലും ഓർമ്മയിൽ നിലനിർത്താൻ കഴിയുന്ന രീതിയിലാവണം അതിന്റെ ഉപസംഹാരം. അനാവശ്യമായ പദങ്ങളും ആവർത്തന വിരസമായ ശൈലികളും മനം മടുപ്പിക്കുന്ന പ്രയോഗവിശേഷങ്ങളും ഫീച്ചർ രചനയിൽ ഒരിടത്തും ഉണ്ടായിരിക്കരുത് എന്നത് ഓർമ്മിക്കേണ്ട കാര്യമാണ്.

**റേഡിയോ ഫീച്ചർ:** റേഡിയോ ഫീച്ചറുകൾ പൊതുവെ ചിത്രീകരണങ്ങൾഎന്നാണറിയപ്പെടുന്നത്. വസ്തുതകളെ നാടകീയമായി അവതരിപ്പിക്കാൻ കഴിയുന്നു എന്നതും, റെക്കോഡ് ചെയ്യാവുന്ന എന്തും ശബ്ദവിന്യാസത്തിലൂടെ അവതരിപ്പിക്കാമെന്നതും ഇതിന്റെ മേന്മയാണ്. ആകാശവാണിയിൽ വയലും വീടും, വിദ്യാർത്ഥികൾക്കു വേണ്ടി, അദ്ധ്യാപകർക്ക് വേണ്ടി എന്നിവയിലെല്ലാം ഫീച്ചറുകൾ അവതരിപ്പിക്കാറുണ്ട്. കുമാരനാശാനെപ്പറ്റിയുള്ള ഒരു പ്രഭാഷണം അധികനേരം കേട്ടിരിക്കുക മടുപ്പുളവാക്കിയേക്കാം. ഒരു വ്യക്തി തന്നെ സ്വരഭേദമില്ലാതെ അങ്ങിനെ സംസാരിച്ചുപോകുന്നതാണിത്. എന്നാൽ ആശാനെപ്പറ്റിയുള്ള ഒരു ഫീച്ചർ വളരെ ആകർഷകമായും ഉള്ളിൽതട്ടും വിധവും അവതരിപ്പിക്കാം. ഒരു കുട്ടി ആശാന്റെ കവിതാഭാഗം ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ അതുകേട്ട് കൊണ്ടുവരുന്ന ഒരാൾ അതിനെക്കുറിച്ച് തുടങ്ങുന്ന സംശയത്തിലോ, ചോദ്യത്തിലോ, അഭിപ്രായത്തിലോ അത് ആരംഭിക്കാം. പിന്നെ കൂട്ടായ ചർച്ചകളും, വേറെയും കഥാപാത്രങ്ങളും സംഭാഷണങ്ങളുമെല്ലാം സന്നിവേശിപ്പിക്കാവുന്നതാണ്. വൈവിധ്യമാർന്ന ശബ്ദങ്ങളും പശ്ചാത്തലസംഗീതവും അറിവിന്റെ ആഴവുമെല്ലാം റേഡിയോ ഫീച്ചറിനെ നല്ല രീതിയിൽ അവതരിപ്പിക്കാൻ സഹായകമാകുന്ന ഘടകങ്ങളാണ്.

## C. ലഘുലേഖ:

കച്ചവട കേന്ദ്രിതമായ മാധ്യമസമൂഹം ജനസാമാന്യത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ മറന്ന് സെൻസേഷനൽ ന്യൂസുകൾക്ക് പിന്നാലെ പോകുമ്പോൾ അതിനെ പ്രതിരോധിക്കാൻ വേണ്ടി രൂപം കൊള്ളുന്നതാണ് ലഘുലേഖയടക്കമുള്ള സമാന്തര മാധ്യമപ്രവർത്തനങ്ങൾ. ജനസമൂഹത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളിലേക്ക് പൊതുസമ്മതി ആർജ്ജിക്കാൻ വേണ്ടിയാണ് ലഘുലേഖകൾ പ്രസിദ്ധീകരിക്കുന്നത്. ഒരു പ്രത്യേകപ്രശ്നം മുൻനിർത്തി ഏതെങ്കിലും രാഷ്ട്രീയ, സാസ്കാരിക വേദികളോ, സംഘടനകളോ പുറത്തിറക്കുന്നവയാണ് ഇതിലേറെയും. സൗജന്യമായോ, നിസ്സാര തുക സംഭാവനയായി സ്വീകരിച്ചോ ലഘുലേഖകൾ വിതരണം ചെയ്യാറുണ്ട്.

നല്ല പഠനവും, ഗൗരവമേറിയ സമീപനവും ഏതൊരു ലഘുലേഖയുടെയും സവിശേഷതകളാണ്. സാധാരണക്കാർക്ക് പിടികിട്ടാത്ത ഒളിഞ്ഞുകിടക്കുന്ന വിഷയങ്ങൾ പുറത്തെടുത്ത് ചർച്ചാവിഷയമാക്കിത്തീർക്കാൻ ഇവ നല്ലൊരു ഉപാധിയാണ്. ജനാധിപത്യവ്യവസ്ഥയിൽ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നല്ല വേദികളാണ് ഇവ.

ലഘുലേഖയുടെ പ്രവർത്തന ചരിത്രത്തിൽ വിസ്മരിക്കാനാവാത്ത നാമമാണ് തോമസ് പെയിനിന്റേത്. ഇംഗ്ലണ്ടിലും അമേരിക്കയിലും തൊഴിൽപരമായ അടിച്ചമർത്തലിനെതിരായി പെയിൻ പുറത്തിറക്കിയ ലഘുലേഖകൾ ഭരണകൂടത്തിന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്നവയായിരുന്നു. അദ്ദേഹത്തിന്റെ 'കോമൺസെൻസ്', റൈറ്റ്സ് ഓഫ് മാൻ', 'ഏജ് ഓഫ് റീസൺ' തുടങ്ങിയ ലഘുലേഖകൾ ലഘുലേഖാചരിത്രത്തിലെ മഹത്തായ സംഭാവനകളായി കരുതപ്പെടുന്നു. നിരോധിക്കപ്പെടുകയും, ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടുകയും, പല വട്ടം ജയിൽശിക്ഷയ്ക്ക് വിധേയനായിത്തീരുകയും ചെയ്തെങ്കിലും പെയ്ൻ ലഘുലേഖകൾ വഴി ഭരണകൂടത്തിനോട് തന്റെ സമരം തുടരുക തന്നെ ചെയ്യുന്നുണ്ട്.

ഇന്നും ജനജീവിതത്തെ ബാധിക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ അഭിപ്രായരൂപീകരണം നടത്തുന്നതിൽ ലഘുലേഖകൾക്ക് വലിയ പങ്കുണ്ട്. രാഷ്ട്രീയപാർട്ടികളുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികകൾ ഇക്കൂട്ടത്തിൽ വരുന്നവയാണ്. സൈലന്റ്‌വാലി, പ്ലാച്ചിമട, ആദിവാസി ഭൂമി, എൻഡോസൾഫാൻ തുടങ്ങിയ ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം ശക്തമായ വെല്ലുവിളിയുയർത്താൻ ലഘുലേഖകൾക്ക് കഴിഞ്ഞിട്ടുണ്ട്.

## D ലിറ്റിൽ മാഗസിനുകൾ

ഒരു ചെറിയ വായനാവൃന്ദം മാത്രമുള്ളതും, കച്ചവടതാല്പര്യങ്ങൾക്കതീതമായി എല്ലാത്തരം അധികാരഘടനകൾക്കും, എസ്റ്റാബ്ലിഷ്മെന്റുകൾക്കും എതിരായ കാഴ്ചപ്പാടുകൾ വെച്ചു പുലർത്തുന്നതുമായ ചെയ്യുന്ന സമാന്തര രചനകളാണ് ലിറ്റിൽ മാഗസിനുകൾ. മുഖ്യധാരാ മാധ്യമങ്ങളുടെ കച്ചവട താല്പര്യങ്ങൾക്കെതിരായാണ് ലിറ്റിൽ മാഗസിനുകൾ രൂപം കൊണ്ടത്. നടന്നു പഴകിയ വഴികളെയും, ആവർത്തനവിരസമായ ആവിഷ്കരണ സമ്പ്രദായങ്ങളെയും പരിഷ്കരിക്കണമെന്ന് അഗ്രഹിച്ചിരുന്ന എല്ലാ ലോകങ്ങളിലും ലിറ്റിൽ മാഗസിനുകൾ ഉണ്ടായിട്ടുണ്ട്. ഇംഗ്ലീഷ് ആധുനികതയുടെ വക്താവായ ടി.എസ്.എലിയറ്റ്, എഫ്.ആർ ലവീസ് എന്നിവർ അവരുടെ കാലത്ത് ലിറ്റിൽ മാഗസിനുകൾ പ്രസിദ്ധീകരിച്ചിരുന്നു.

എം.വി.ദേവന്റെ പത്രാധിപത്യത്തിൽ 1950കളിൽ പുറത്തിറങ്ങിയ നവസാഹിതിയാണ് മലയാളത്തിലെ ആദ്യ ലിറ്റിൽ മാഗസിൻ. അന്നത്തെ പ്രസിദ്ധ കവികളായ ഇടശ്ശേരി, എൻ.വി എന്നിവർ ഇതിന്റെ പത്രാധിപസമിതിയിലുണ്ടായിരുന്നു. നാടകകൃത്തും സ്വതന്ത്രചിന്തകനുമായിരുന്ന സി.ജെ.തോമസിന്റെ രക്ഷാധികാരത്തിൽ പുറത്തിറങ്ങിയ 'ഗോപുരം' വളരെ പ്രസിദ്ധമായിരുന്നു. ബഷീറിന്റെ 'പാത്തുമ്മയുടെ ആട്' ഗോപുരത്തിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്.

മലയാളത്തിലെ എക്കാലത്തെയും മഹത്തായ ലിറ്റിൽ മാഗസിൻ ചിന്തകനും ഹ്യൂമനിസ്റ്റുമായ എം. ഗോവിന്ദന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയ 'സമീക്ഷ' ആയിരുന്നു. ആനന്ദിന്റെ 'മരണസർട്ടിഫിക്കറ്റ്, സി.എൻ ന്റെ 'കലി' എന്നിവ ആദ്യം പ്രസിദ്ധീകരിക്കുന്നത് ഇതിലാണ്. ഇതിൽ നിരൂപണം, കവിത, ചിത്രകല എന്നിവയ്ക്കായി പ്രത്യേക പംക്തികളും, സ്പെഷ്യൽ പതിപ്പുകളും ഉണ്ടായിരുന്നു. 1960 കളിൽ മലയാള സാഹിത്യത്തിൽ അറിയപ്പെടുന്ന സ്വതന്ത്രചിന്തകരുടെയും, കലാകാരന്മാരുടെയും നല്ല രീതിയിലുള്ള സഹകരണം സമീക്ഷയ്ക്ക് ലഭിച്ചിരുന്നു.

അയ്യപ്പപ്പണിക്കരുടെ 'കേരളകവിത, എ.അയ്യപ്പന്റെ 'അക്ഷരം', സച്ചിദാനന്ദന്റെ 'ജ്വാല' തുടങ്ങിയവ ഗൗരവമേറിയ വായനയ്ക്കും ചിന്തയ്ക്കും പ്രാധാന്യം നൽകി. ബോധി, പ്രേരണ, യെനാൻ, സംക്രമണം, പാഠഭേദം എന്നിവയും അഅക്കാലഘട്ടത്തിൽ വിപ്ലവകരമായ ചുവടുകൾ വെച്ച ലിറ്റിൽ മാഗസിനുകളായിരുന്നു. യാഥാസ്ഥിതികത്വത്തിന്റെ തടവറയിൽ കുരുങ്ങിപ്പോയ ഭാഷയെയും, ആവിഷ്കരണ പദ്ധതികളെയും പുതുക്കിപ്പണിയുന്നതിൽ ലിറ്റിൽ മാഗസിനുകൾ വഹിച്ച പങ്ക് വളരെ വലുതായിരുന്നു.

**E ചുമർമാഗസിനുകൾ:** നോട്ടീസുകളും, പോസ്റ്ററുകളുമായിരിക്കണം ചുമർമാഗസിനുകളുടെ മുൻഗാമികൾ. ആളുകൾ അറിയണമെന്നു തോന്നുന്ന കാര്യങ്ങൾ ഒരു കടലാസിലെഴുതി ചുവരിൽ പതിക്കുക എന്നതാണിതിന്റെ രീതി. പത്രങ്ങൾ വരുന്നതിന് മുമ്പ് തന്നെ ഇത്തരത്തിലുള്ള ആശയപ്രചരണ സമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. സ്കൂളുകളിലും കോളേജ് കാമ്പസുകളിലും വായനാമൂലകളും അവിടെ ചുവർ മാഗസിനുകളും കാണാവുന്നതാണ്. ചെലവ് കുറഞ്ഞ രീതിയിൽ കാര്യങ്ങൾ വായനക്കാരിൽ എത്തിക്കുക എന്നതാണ് ഇത് ലക്ഷ്യം വെക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ചുമർപത്രമായി അറിയപ്പെടുന്നത് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലെ ജേർണലിസം ക്ലബ് പ്രദർശിപ്പിച്ച 'ഒഡീസ്സിയാണ്. ഈ പത്രം കടലാസിലല്ല തുണിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

**F അഭിമുഖങ്ങൾ:** പത്രമാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം അഭിമുഖങ്ങൾ സുപ്രധാനമാണ്. അഭിമുഖത്തിന് തയ്യാറെടുക്കുന്ന ലേഖകന് താൻ അഭിമുഖീകരിക്കുന്ന വ്യക്തിയെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രവർത്തന മേഖലയെക്കുറിച്ചും നല്ല അറിവ് ഉണ്ടായിരിക്കേണ്ടതാണ്. ചിത്രകാരനോ, കവിയോ, കായിക താരമോ, സിനിമാ താരമോ, രാഷ്ട്രീയ സാമൂഹ്യപ്രവർത്തകനോ ആരായാലും അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയെപ്പറ്റി പൊതുവായ അറിവില്ലാത്ത ആൾ അഭിമുഖത്തിന് പോകാതിരിക്കുന്നതാണ് നല്ലത്. ചില പ്രത്യേക

വിഷയങ്ങളിൽ ഒരാൾക്കുള്ള അഭിപ്രായങ്ങൾ, വിയോജിപ്പുകൾ, നിലപാടുകൾ എന്നിവ പൊതുജന സമക്ഷം അറിയിക്കുകയാണ് അഭിമുഖത്തിന്റെ ലക്ഷ്യം. അഭിമുഖത്തിന് വിധേയനാകുന്ന ആൾ ഏതെങ്കിലും മേഖല യിൽ പ്രവർത്ത വൈദഗ്ധ്യം തെളിയിച്ച വ്യക്തിയായിരിക്കും. അദ്ദേഹത്തിന് തനിക്കറിയേണ്ട ചില വിഷയ ങ്ങളുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾക്ക് ഉത്തരമുണ്ടോ എന്നാണ് ചോദ്യകർത്താവിനറിയേണ്ടത്. അതു കൊണ്ട് തന്നെ ചോദ്യകർത്താവിന്റെ അഭിപ്രായങ്ങൾക്ക് ഇവിടെ ഒരു പ്രസക്തിയുമില്ല എന്ന് മനസ്സിലാക്ക ണം. അഭിമുഖം ഒരിക്കലും ഒരു ചർച്ചയല്ല, ചോദ്യകർത്താവിന്റെ അറിവ് പ്രകടിപ്പിക്കാനുള്ള വേദിയുമല്ല. അധികാരമല്ല, വിനയമാണ് ഇവിടെ പ്രകടമാകേണ്ടത്. 'ഞാൻ' എന്ന ഒരു പദം ചോദ്യകർത്താവിന്റെ പദാവ ലിയിൽ പോലും ഉണ്ടാവാൻ പാടില്ലെന്നാണ് വിദഗ്ദനിരീക്ഷണം. സംഭാഷണക്കാരനായല്ല നല്ലൊരു കേൾവി ക്കാരനായാണ് ചോദ്യകർത്താവ് ഇടപെടേണ്ടത്. ലോകപ്രസിദ്ധരായ പല പത്രപ്രവർത്തകരും ചരിത്രത്തി ലിടം നേടിയത് തങ്ങളുടെ അഭിമുഖ റിപ്പോർട്ടിംഗ് വഴിയായിരുന്നു. തോക്കിന് മുമ്പിൽ ഭയപ്പെടാതെ തീവ്ര വാദി കേന്ദ്രങ്ങളിലും മറ്റും പോയി അവരുടെ നേതൃത്വത്തെ ഇന്റർവ്യൂ ചെയ്ത് പ്രസിദ്ധരായവർ നമ്മുടെ പത്രപ്രവർത്തനരംഗത്തും ഉണ്ട്. തന്ത്രപരതയും, വിവേകവും നയപരമായ സമീപനവും ലേഖകന് ഉണ്ടായി രിക്കണം. അയാളുടെ സമീപനമാണ് ഇന്റർവ്യൂവിന്റെ വിജയത്തിനടിസ്ഥാനം.

അഭിമുഖങ്ങൾ മൂന്നു വിധത്തിലാണുള്ളത്

ഇൻഫർമേഷൻ ഇന്റർവ്യൂ
ഒപ്പീനിയൻ ഇന്റർവ്യൂ
ഫീച്ചർ ഇന്റർവ്യൂ

ഇൻഫർമേഷൻ ഇന്റർവ്യൂ വിവരങ്ങൾ നൽകാൻ വേണ്ടിയുള്ളതാണ്. പ്രത്യേകിച്ച് മുന്നൊരുക്ക ങ്ങൾ ഒന്നുമില്ലാതെയും ഇത് വേണ്ടി വരാറുണ്ട്. ഉദാഹരണമായി ഒരു ബസ്സപകടം നടന്ന ഇടത്ത് ലേഖകൻ എത്തിച്ചേരുമ്പോൾ വിവരശേഖരണത്തിനായി അയാൾ പലരെയും സമീപിക്കേണ്ടി വരും. ദൃക്സാക്ഷി കൾ, യാത്രക്കാർ, പോലീസുദ്യോഗസ്ഥന്മാർ, ആശുപത്രി ജീവനക്കാർ ഇങ്ങനെ പലരെയും സമീപിച്ചാണ് അയാൾ വിവരങ്ങൾ ശേഖരിക്കുന്നത്.

സർക്കാർ തലത്തിലുള്ള ചില വിവരങ്ങൾ അറിയാൻ ഉന്നതോദ്യോഗസ്ഥരെ സമീപിക്കുന്നതും ഇത്തരം ഇന്റർവ്യൂവിൽപെടുന്നു. ഇവിടെ അറിയേണ്ട വിവരങ്ങൾഎന്തെല്ലാമാണെന്ന് നേരത്തെ അധികാരി കളെ ധരിപ്പിക്കേണ്ടി വരും.

ഒപ്പീനിയൻ ഇന്റർവ്യൂകൾ ചില പ്രത്യേക വിഷയങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായരൂപീകരണ ത്തിന്റെ ഭാഗമായി നടത്തുന്നതാണ്. സർക്കാരിന്റെ ഒരു പ്രത്യേക പോളിസിയെക്കുറിച്ച് പ്രതിപക്ഷനേതാവ്, വിദ്യാർത്ഥി സംഘടനകൾ, തൊഴിലാളി സംഘടനകൾ എന്നിവരിൽ നിന്ന് അഭിമുഖം വഴിയായി അഭിപ്രായം ശേഖരിക്കുന്നത് മാധ്യമങ്ങളിൽ സാധാരണമാണ്.

ഫീച്ചർ ഇന്റർവ്യൂകളാണ് യഥാർത്ഥ അഭിമുഖങ്ങളുടെ സ്വഭാവം പ്രദർശിപ്പിക്കുന്നത്. ഇവിടെ അറി യേണ്ട കാര്യങ്ങൾ ചോദ്യകർത്താവ് വിവരദായകന് മുമ്പിൽ അവതരിപ്പിക്കുകയും കൃത്യമായ നോട്സുക ളിലൂടെയും റെക്കോഡിംഗിലൂടെയും പിന്നീട് പകർത്തിയെടുത്ത് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്യുന്നത്. ഇത്തരം ഇന്റർവ്യൂകളിൽ ലേഖകന്റെ സാഹിത്യപരിചയം, വർണ്ണനാബോധം, മനോധർമ്മം എന്നിവയ്ക്കു കൂടി സാംഗത്യമുണ്ട്. വ്യക്തിയുടെ ഫോട്ടോകൾ, ജീവിതത്തിലെ വിവിധ സന്ദർഭങ്ങൾ എന്നിവ ഇന്റർവ്യൂ വിന്റെ ഭാഗമായി കൊടുത്തിരിക്കും.

അഭിമുഖങ്ങളിൽ സംഭാഷകന്റെ വിശ്വാസം ആർജ്ജിക്കാനാണ് ചോദ്യകർത്താവ് ശ്രമിക്കേണ്ടത്. ഇയാൾ കുഴപ്പമില്ല എന്നു തോന്നിയാൽ ചോദിക്കാത്തതിനും ആയാൾ മറുപടി പറഞ്ഞെന്നിരിക്കും. ഇങ്ങനെ തനിക്കു വേണ്ടതെല്ലാം വ്യക്തമായും സത്യസന്ധമായും രൂപീകരിക്കാനുള്ള ഒരു സന്ദർഭമായി ചോദ്യ കർത്താവ് അഭിമുഖങ്ങളെ ഉപയോഗിക്കേണ്ടതുണ്ട്.

## നാടകം റേഡിയോവിൽ

സാഹിത്യകൃതി റേഡിയോവിൽ അവതരിപ്പിക്കുമ്പോൾ കുറെക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വായ നാനുഭവത്തെ വെറും ശ്രവ്യമായി മാത്രം സ്വീകരിക്കുമ്പോൾ ഒരുപാട് മാറ്റങ്ങൾ കൃതിക്ക് വരുത്തേണ്ടതു ണ്ട്. സാധാരണയായി സ്റ്റേജിൽ നാം കാണുന്ന നാടകം എന്ന കലാരൂപത്തെയാണ് റേഡിയോവിലേക്ക് കൊണ്ടുപോകുന്നതെങ്കിൽ ചതുർവിധാഭിനയങ്ങളിൽ വാചികം മാത്രമാണ് സ്വീകരിക്കുന്നത്. സംഭാഷണവും

സൗണ്ട് ഇഫക്ടുകളും മാത്രം ആശ്രയിച്ച് പശ്ചാത്തലവും കഥാഖ്യാനവും സാധിക്കേണ്ടതുണ്ട്. ഈ പരിമിതികൾ ഉള്ളപ്പോൾ തന്നെ മറ്റൊരു മാധ്യമത്തിനുമില്ലാത്ത കുറെ സാധ്യതകളും റേഡിയോവിനുണ്ട്. ലോകത്തിലെവിടെയും ഉള്ള കഥ എന്ന നിലയിൽ – കരയിലോ, കടലിലോ, ആകാശത്തോ, കപ്പലിലോ, വിമാനത്തിലോ- എവിടെയായാലും ഉള്ള രംഗങ്ങൾ നിഷ്പ്രയാസം റേഡിയോ നാടകത്തിൽ അവതരിപ്പിക്കാൻ സാധിക്കും.

സ്റ്റേജ് നാടകം കണ്ണിന്റെ കലയാണെങ്കിൽ റേഡിയോ നാടകം കാതിന്റെ കലയാണ്. സ്റ്റേജ് നാടകത്തിൽ എല്ലാം കണ്ണിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുകയാണെങ്കിൽ റേഡിയോവിൽ എല്ലാം സൗണ്ട് ഇഫക്ടുകളിലൂടെ പ്രേക്ഷക മനസ്സിൽ തോന്നിപ്പിക്കുകയാണ് ചെയ്യുന്നത്.

സ്റ്റേജ് നാടകത്തിൽ എല്ലാം നേരിട്ട് കണ്ട് മനസ്സിലാക്കാൻ കഴിയുമെങ്കിൽ റേഡിയോ നാടകത്തിൽ വാക്കുകളിലൂടെ മാത്രമേ മനസ്സിലാവുകയുള്ളൂ. കത്തിയുമായി അക്രമിക്കാൻ വരുന്ന ഒരാളെ രംഗത്ത് കാണിക്കാൻ എളുപ്പമാണ്. റേഡിയോവിൽ ' ആ കത്തി താഴെ ഇടൂ' എന്നു പറഞ്ഞാൽ മാത്രമേ അക്രമിയുടെ കയ്യിൽ കത്തിയുണ്ടെന്ന് മനസ്സിലാവുകയുള്ളൂ. അതുപോലെ കഥാപാത്ര ബന്ധങ്ങൾ, അകലം അടുപ്പം എന്നിവയും സംഭാഷണത്തിലൂടെയും പ്രത്യേക ശബ്ദ വ്യന്യാസത്തിലൂടെയുമാണ് റേഡിയോ നാടകങ്ങളിൽ അവതരിപ്പിക്കുന്നത്. ദൃശ്യബിംബങ്ങളെ മുഴുവൻ ശബ്ദബിംബങ്ങളാക്കി മാറ്റിക്കൊണ്ട് മാത്രമേ നാടകമടക്കമുള്ള സാഹിത്യരൂപങ്ങളെ റേഡിയോവിൽ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ.

## വിശദപഠനം: 1. ഉച്ചാരണം- എ.ആർ രാജരാജവർമ്മ

മലയാള സാഹിത്യവിദ്യാർത്ഥികൾക്കും, ഭാഷശാസ്ത്രാ വിദ്യാർത്ഥികൾക്കും അവിസ്മരണീയമായ നാമമാണ് എ.ആർ.രാജരാജവർമ്മയുടേത്. ഭാഷാ ശാസ്ത്രത്തിലും, വ്യാകരണത്തിലും, ഭാഷാ ചരിത്രത്തിലും അദ്ദേഹത്തിന്റെ ശാസ്ത്രീയവും സൂക്ഷ്മവുമായ ദർശനം വ്യാപരിച്ചതിന്റെ അനശ്വരമായ മാതൃകയാണ് 'കേരളപാണിനീയം' എന്ന വ്യാകരണ ഗ്രന്ഥം. രചിക്കപ്പെട്ട് നൂറോളം വർഷങ്ങൾ കഴിഞ്ഞെങ്കിലും അതിന്റെ മാഹാത്മ്യത്തെയും, അപ്രമാദിത്വത്തെയും മറികടക്കാൻ കഴിയുന്ന ഒരു വ്യാകരണഗ്രന്ഥവും മലയാളക്കരയിൽ ഉണ്ടായിട്ടില്ല. കവിതാ സംബന്ധമായ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ വിമർശനാത്മക ദൃഷ്ടികൾ പതിഞ്ഞതിന്റെ മഹത്തായ സംഭാവനകളാണ് വൃത്തഞ്ജരിയും, ഭാഷാഭൂഷണവും. വൃത്തസംബന്ധമായ പ്രശ്നങ്ങൾക്ക് ഇന്നും ആധികാരികം വൃത്തമഞ്ജരി ആയതു പോലെ അലങ്കാര സിദ്ധാന്തത്തിന്റെ അടിത്തറയായി നിൽക്കാൻ ഭാഷാഭൂഷണത്തിനും കഴിയുന്നുണ്ട്. സാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ച 'പ്രബന്ധസംഗ്രഹം' എന്ന എ.ആറിന്റെ  കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് 'ഉച്ചാരണം' എന്ന ഭാഗം. ഉച്ചാരണവിഷയത്തിൽ ശാസ്ത്രീയതയും മൗലികതയും ഓരോ ഭാഷയും കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് അദ്ദേഹം ഈ ഭാഗത്ത് ചർച്ച ചെയ്യുന്നത്. ആശയവിനിമയമാണ് ഭാഷയുടെ ലക്ഷ്യമെന്നിരിക്കെ, അർത്ഥവിനിമയത്തിന്റെ ഒരു പ്രധാന അടിസ്ഥാനം പദോച്ചാരണം തന്നെയാണെന്ന് അദ്ദേഹം ഇവിടെ വ്യക്തമാക്കുകയാണ്. ഇംഗ്ലീഷ്, സംസ്കൃതം പോലുള്ള ഭാഷകളിൽ ഭാഷാ പഠനത്തോടൊപ്പം തന്നെ ഉച്ചാരണ പഠനത്തിനും പ്രാധാന്യം നൽകുന്നത് ഇക്കാരണത്താലാണ്.

ഒരു ഭാഷ പ്രൗഢഭാഷയാകണമെങ്കിൽ അതിൽ ലിപിയും സാഹിത്യവും ആവശ്യമാണ്. ലിപിയും സാഹിത്യവും ഉണ്ടാകുന്നത് വരെ ഉച്ചാരണങ്ങൾക്ക് വ്യവസ്ഥയുണ്ടാവുകയില്ല. നല്ല രൂപങ്ങൾ കണ്ടെത്തി സാഹിത്യഭാഷയിൽ മാനകീകരിക്കപ്പെടുന്നതുവരെ പ്രതിദിനം ഉച്ചാരണം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

പൗരാണിക സംസ്കൃതത്തിൽ വൈദികസംസ്കൃതമെന്നും ലൗകിക സംസ്കൃതമെന്നും രണ്ടുൾപിരിവുകൾ ഉണ്ടായിരുന്നു. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ഭാഷ വൈദികവും കാളിദാസനെപ്പോലുള്ള കവികൾ ഉപയോഗിച്ചത് ലൗകിക സംസ്കൃതവുമാണ്. വേദങ്ങളിൽ ഉച്ചാരണങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. ഋഗ്വേദത്തിൽ 'ഡ'കാരത്തെ 'ള' എന്നും 'ഢ' യെ 'ള്ഹ' എന്നും ഉച്ചരിക്കണം. യജുർവേദത്തിൽ 'ഫ'യ്ക്ക് F ന്റെ ഉച്ചാരണമാണുള്ളത്. അനുസ്വാരത്തെ 'ഗ്ം' എന്നാണുച്ചരിക്കേണ്ടത്. ഇത്തരം ഉച്ചാരണ വിശേഷങ്ങളെല്ലാം വ്യക്തമാക്കിക്കൊണ്ട് അവതരിപ്പിച്ചിട്ടുള്ള പ്രാചീന ഉച്ചാരണശാസ്ത്രഗ്രന്ഥങ്ങളാണ് 'പ്രാതിശാഖ്യങ്ങൾ'.

ഉച്ചാരണത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഇംഗ്ലീഷിൽ മരരലിេ  എന്നു വിളിക്കുന്ന യത്നഭേദമാണ്. ഒരു പദത്തിലെ എല്ലാ അക്ഷരങ്ങളെയും ഒരേ ബലത്തിലല്ല ഉച്ചരിക്കേണ്ടത്. പ്രധാന അക്ഷരങ്ങളെ നല്ല ബലത്തിൽ ഉച്ചരിക്കേണ്ടതുണ്ട്. പ്രകൃതിപ്രത്യയങ്ങൾ ചേരുന്നിടത്ത് പ്രകൃതിക്ക് കൂടുതൽ ഊന്നൽ

നൽകേണ്ടതുണ്ട്. ഇംഗ്ലീഷ് പോലുള്ള ഭാഷകളിൽ നാമത്തെ ക്രിയയാക്കാനും, കാലഭേദം കാണിക്കാനും, അർത്ഥവ്യത്യാസമുണ്ടാക്കാനുമെല്ലാം ഉച്ചാരണദാർഢ്യം ഉപയോഗിക്കുന്നുണ്ട്. സംസ്കൃതത്തിൽ ഇത്തരം ഉച്ചാരണ വ്യത്യാസങ്ങളെ പൊതുവെ 'സ്വരം' എന്നു പറയുന്നു. ഉദാത്തം, അനുദാത്തം, സ്വരിതം എന്നിങ്ങനെ മൂന്നു സ്വരവ്യതിയാനങ്ങളാണുള്ളത്. പ്രകൃതി പ്രത്യയങ്ങളിൽ പ്രധാനമായ പ്രകൃതിയെ ഉയർന്ന സ്ഥായിയിലും അപ്രധാനമായ പ്രത്യയത്തെ താഴ്ന്ന സ്ഥായിയിലുമാണ് ഉച്ചരിക്കുന്നത്. ഇതാണ് സ്വരഭേദം എന്നു പറയുന്നത്.

സംസ്കൃതത്തിലെ മറ്റൊരു ഉച്ചാരണവിശേഷം ബാണി അഥവാ ഈണം ആണ്. ഓരോ ഭാഷകൾക്കും ഉച്ചാരണത്തിൽ അതിന്റേതായ ഈണം ഉണ്ടായിരിക്കും. മലയാളികളെ സംബന്ധിച്ചിടത്തോളം തമിഴ് സംസ്കൃത ബന്ധം ഉള്ളതിനാൽ ലോകത്തിലെ ഏത് പദങ്ങളും ഉച്ചരിക്കുന്നതിൽ ഒരു പ്രയാസവുമില്ലെന്ന് എ.ആർ നിരീക്ഷിക്കുന്നു. ഈയൊരു കാര്യത്തിൽ മലയാളികൾ ഭാഗ്യവാന്മാരാണെന്നാണ് അദ്ദേഹത്തിന്റെ സുചിന്തിതാഭിപ്രായം.

പല ഭാഷകൾക്കും അവരുടേതായ ഉച്ചാരണവിശേഷങ്ങൾ ഉണ്ട്. ബംഗാളികൾ 'വ' എല്ലാം 'ബ' ആയാണ് ഉച്ചരിക്കുക. തമിഴിൽ ഘോഷശബ്ദങ്ങൾക്ക് ഉച്ചാരണമില്ല, മൃദുവായിട്ടാണ് ഉച്ചാരണം. മലയാളത്തിലും ചില ഉച്ചാരണ വിലക്ഷണങ്ങൾ ഉണ്ട്. ചന്ദനത്തെ ചന്നവും, ഗണപതിയെ ഗെണപതിയും, ഉത്സാഹത്തെ ഉല്സാഹമായും ആണ് മലയാളികൾ ഉച്ചരിക്കുന്നത്. ഇത്തരം ഉച്ചാരണങ്ങൾക്കെല്ലാം തന്നെ ചരിത്രപരമായ കാരണങ്ങൾ ഉണ്ടായിരിക്കും എന്നാണ് എ.ആറിന്റെ വിദഗ്ദ്ധ നിരീക്ഷണം.

## വിശദപഠനം:2 മലയാള ശൈലി (ഒന്നാമധ്യായം): കുട്ടികൃഷ്ണമാരാർ

മലയാള സാഹിത്യചരിത്രത്തിൽ അർത്ഥവത്തായ വാക്കുകൊണ്ടും ചിന്തകൊണ്ടും അനശ്വര സംഭാവനകൾ നൽകിയ പോയ തലമുറയിലെ നിരൂപകനാണ് കുട്ടികൃഷ്ണമാരാർ. മലയാള സാഹിത്യത്തിൽ യോജിപ്പിന്റെയും വിയോജിപ്പിന്റെയും ഭാഷ കൊണ്ട് അദ്ദേഹം സൃഷ്ടിച്ച സൗന്ദര്യമണ്ഡലം സൂര്യതേജസ്സോടെ ഇന്നും പ്രകാശം പരത്തി നിൽക്കുന്നു.

എഴുത്തിനും വാക്കിനും സംഭവിക്കുന്ന ബോധപൂർവ്വമോ അല്ലാത്തതോ ആയ വൈകല്യങ്ങളെക്കുറിച്ച് എല്ലായ്പ്പോഴും അസ്വസ്ഥതയും, ആകുലതയും വെച്ച് പുലർത്തിയുരുന്ന ഭാഷാസ്നേഹിയായിരുന്നു മാരാർ. സ്വന്തം ഭാഷയെക്കുറിച്ചുള്ള അജ്ഞത കൊണ്ടോ, വിദേശഭാഷകളോടുള്ള അമിതാദരവ് കൊണ്ടോ മലയാളമെഴുതുമ്പോൾ സംഭവിക്കുന്ന വൻവീഴ്ചകളെ അംഗീകരിക്കാൻ കഴിയുന്ന മനസ്സായിരുന്നില്ല മാരാരുടേത്. മലയാള ശൈലി എന്ന ഗ്രന്ഥം ഈ വഴിക്കുള്ള അന്വേഷണഫലമാണ്. തെറ്റില്ലാത്ത മലയാളം എന്ന കാഴ്ചപ്പാടിന്റെ ആധികാരികവും മൗലികവുമായ ആദ്യ ശബ്ദം തന്നെയാണ് ഈ കൃതി.

ഭാഷയിൽ സംഭവിക്കുന്ന പുരോഗതിയെയും വികാസത്തെയും സംശയദൃഷ്ട്യാ നോക്കിക്കാണുന്ന നിരൂപകനല്ല മാരാർ. രാമചരിതം മുതലിങ്ങോട്ടുള്ള ലിഖിത സാഹിത്യത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാ പുരോഗതി വിലയിരുത്തുകയാണെങ്കിൽ വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായിത്തീർന്ന ഭാഷയാണ് മലയാളം. രാമചരിതം, കണ്ണശ്ശരാമായണം ഇവയിലെ ഭാഷ ഇന്നത്തെ മലയാളിക്ക് മനസ്സിലാക്കാൻ കഴിയുന്നതല്ല.

ഒരു ഭാഷയിലുണ്ടാകുന്ന പരിണാമങ്ങളെ രണ്ടുതരത്തിൽ കാണാമെന്ന് അദ്ദേഹം പറയുന്നു. ഒന്ന് നിരീക്ഷിക്കുന്നു. അത് സംസാരിക്കുന്ന ജനങ്ങളുടെ സൗകര്യവും എളുപ്പവും അടിസ്ഥാനമാക്കിയുള്ള മാറ്റമാണെങ്കിൽ, മറ്റേത് എഴുതുന്നതുവരുടെയും സംസാരിക്കുന്നവരുടെയും അറിവില്ലായ്മയിൽ നിന്ന് ഉടലെടുക്കുന്നതാണ്. 'കാണുവാൻ' എന്നത് 'കാണാൻ' എന്നു ചുരുങ്ങുന്നത് സൗകര്യമാണെങ്കിൽ, 'കാണുന്നതിലേയ്ക്ക്' എന്നൊരാൾ പറയുന്നത് അറിവില്ലായ്മ കൊണ്ടാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. സങ്കീർണ്ണതയിൽ നിന്ന് ലാളിത്യത്തിലേക്കാണ് ഭാഷ പുരോഗമിക്കേണ്ടത്. പകരം സങ്കീർണ്ണതയും സ്ഥൂലതയും വർദ്ധിക്കുന്നത് ഒരിക്കലും ഭാഷയ്ക്ക് നല്ലതല്ല.

മറ്റു ഭാഷകളിൽ പ്രത്യേകിച്ച് ഇംഗ്ലീഷ്, സംസ്കൃതം എന്നിവയിൽ അറിവു നേടിയവർക്ക് സ്വന്തം ഭാഷയോട് തോന്നുന്ന അനാദരവാണ് ഭാഷാ പുരോഗതിക്ക് വലിയ തടസ്സമായി നിൽക്കുന്നതെന്ന് ഉദാഹരണ സഹിതം അദ്ദേഹം വിശദമാക്കുന്നു. മലയാള ഭാഷയ്ക്ക് മറ്റു പല ഭാഷകളോടൊപ്പം നില്ക്കാൻ ശക്തി പോര എന്ന ധാരണയാണ് പല എഴുത്തുകാരും സൂക്ഷിക്കുന്നത്. ഈ ധാരണ ശരിയല്ല എന്ന അഭിപ്രായമാണ് ലേഖകനുള്ളത്. പല വിശ്വമഹാഗ്രന്ഥങ്ങളെയും വിവർത്തനം ചെയ്യാൻ കഴിഞ്ഞ മലയാളത്തിന് മറ്റേത് ഭാഷയ്ക്കൊപ്പവും നിൽക്കാനുള്ള പ്രാമാണ്യവും പ്രാധാന്യവും ഉണ്ടെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്.

മുമ്പ് സംസ്കൃത പണ്ഡിതന്മാരായിരുന്നു ഭാഷയെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചിരുന്നതെങ്കിൽ ഇന്ന് ഇംഗ്ലീഷ് പഠിച്ചവരിൽ നിന്നാണ് ഭാഷയ്ക്ക് ഏറെ പരുക്കുകൾ ഏല്ക്കേണ്ടി വരുന്നത്. അവർ ഇംഗ്ലീഷ് മട്ടിൽ മലയാളം എഴുതുന്നതു കൊണ്ട് സംഭവിക്കുന്ന തകരാറുകൾ ചെറുതല്ല എന്ന് അദ്ദേഹം വിശദമാക്കുന്നു.

പ്രകൃതിക്കുമേൽ പ്രത്യയം ചേർത്തുണ്ടാക്കുന്ന ഭാഷയാണ് മലയാളം. അതുകൊണ്ട് തന്നെ യഥോ ചിതം പ്രത്യയങ്ങൾ ചേർത്തുമാത്രമേ ഉപയോഗിക്കാനും പാടുള്ളൂ. മറ്റൊരു പ്രധാനപ്രശ്നം ഇംഗ്ലീഷിനെ അനുകരിച്ചുകൊണ്ട് അനാവശ്യമായി നലയാളത്തിൽ ആവർത്തിക്കുന്ന 'ഒരു' ആണ്.

ഉദാ: രാമനെ ഒരു പാമ്പു കടിച്ചു. ഇവിടെയൊക്കെ ഇംഗ്ലീഷ് നിയമമാണ് മലയാളത്തിലെ എഴുത്തു കാർ അനാവശ്യമായി പിന്തുടരുന്നത് എന്ന് മാരാർക്ക് അഭിപ്രായമുണ്ട്.

ഇംഗ്ലീഷിനെ അനുകരിച്ച് മലയാളത്തിലുണ്ടായ മറ്റൊരു വിലക്ഷണതയാണ് അനാവശ്യമായി കർത്താ വിനെ വാക്യത്തിൽ ഉൾപ്പെടുത്തുക എന്നത്. ഉദാ: ആ പഴയ വീടിനു ചുറ്റും ഇപ്പോഴും കുറെ വാഴകൾ നിൽക്കുന്നത് ഒരു സന്ദർശകന് കാണാം. ഇവിടെ സന്ദർശകൻ എന്നു ചേർക്കാതെ തന്നെ മലയാളത്തിൽ അർത്ഥപൂർത്തി വന്നു കൊള്ളും. അനാവശ്യമായി കൊണ്ട്, വേണ്ടി എന്നീ ഗതികളെ വാക്യത്തിൽ ഘടിപ്പി ക്കുന്നത് ഇന്ന് ആഢംബരം പോലെ വന്നിരിക്കുന്നതും ഇംഗ്ലീഷ് വിവർത്തകന്മാർ ഉണ്ടാക്കിയ കുഴപ്പമാ ണെന്ന് മാരാർ ചൂണ്ടിക്കാണിക്കുന്നു. അതുപോലെ ഒറ്റപ്പദമായി ചുരുക്കാവുന്ന പലതും വിസ്തരിച്ചെഴുതു ന്നതും ഇങ്ങനെ സംഭവിക്കുന്നതാണ്. ഇവയാണ് യഥാർത്ഥത്തിൽ ശൈലീഭംഗങ്ങൾ എന്ന് മാരാർ വിമർശി ക്കുന്നുണ്ട്. ഭാഷ ജനജീവിതത്തിന്റെ സൃഷ്ടിയാണ്. പുറമേ വരുത്തുന്ന ചില്ലറ പരിഷ്കാരങ്ങൾ കൊണ്ട് ഭാഷയെ മാറ്റാൻ കഴിയില്ല. ആ നിലയ്ക്ക് പഴയതും പുതിയതും താരതമ്യം ചെയ്ത് ഭാഷയ്ക്ക് ഗുണം ചെയ്യുന്നത് മാത്രം സ്വീകരിക്കാനാണ് മാരാർ ആവശ്യപ്പെടുന്നത്.

# മൊഡ്യൂൾ - 3

## മലയാളവും ജനപ്രിയമാധ്യമങ്ങളും

**ജനപ്രിയസംസ്കാരം:** ജനങ്ങൾക്ക് ഇഷ്ടമുള്ളത് എന്ന അർത്ഥത്തിൽ ജനപ്രിയതയെ നിർവ്വചിക്കാവുന്നതാണ്. ഏതൊരു സമൂഹത്തിലെയും ജനങ്ങൾ ചിന്തയുടെയും ആസ്വാദനത്തിന്റെയും ആവിഷ്കരണത്തിന്റെയും കാര്യങ്ങളിൽ ഒരേ നിലവാരം പുലർത്തുന്നവരായിരിക്കണമെന്നില്ല. ഓരോ വ്യക്തിയുടെയും അഭിരുചികൾ നിർണ്ണയിക്കുന്നത് അയാളുടെ വിദ്യാഭ്യാസം, സാംസ്കാരിക പശ്ചാത്തലം, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയാണ്. ഇതിന്റെ ഏറ്റക്കുറച്ചിലുകൾ അവരുടെ താൽപര്യങ്ങളെയും ബാധിക്കുന്നു. ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തെക്കാളും മുൻപന്തിയിലാണ് കേരളം. ബാല്യത്തിൽ വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കാത്തവർക്ക് പോലും വയോജനവിദ്യാഭ്യാസം, സാക്ഷരതാപ്രവർത്തനം എന്നിവയിലൂടെ പിൽക്കാലം വായനയിലേക്കും എഴുത്തിലേക്കും കടന്നുവരാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. കേരളത്തിൽ നടന്ന പരിഷ്കരണപ്രവർത്തനങ്ങളും നവോത്ഥാനപ്രസ്ഥാനങ്ങളും മലയാളിയുടെ ലോകവീക്ഷണത്തെ തന്നെ മാറ്റിമറിക്കുന്നുണ്ട്. ഗ്രന്ഥശാലാ പ്രസ്ഥാനവും ഗ്രാമീണ വായനശാലകളും വായനയുടെ ഒരു പുതിയ ചക്രവാളം ഇവിടെ വികസിപ്പിച്ചെടുത്തിരുന്നു. വസ്ത്രം, പാർപ്പിടം, തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾക്ക് തുല്യമായി വിദ്യാഭ്യാസത്തെയും കണ്ടവരാണ് മലയാളികൾ.

ഏതൊരു ജനതയുടെയും ജീവിതവീക്ഷണം രൂപപ്പെടുത്തുന്നതിലും, ധാരണകളെ മാറ്റിത്തീർക്കുന്നതിലും അവിടെയുള്ള മാധ്യമങ്ങൾക്കും പുസ്തകങ്ങൾക്കും പലതും ചെയ്യാനുണ്ട്. പുസ്തകങ്ങൾ ജനസമൂഹങ്ങളെയും, സാമ്രാജ്യങ്ങളെയും സൃഷ്ടിക്കാൻ കരുത്തുള്ളവയാണ്. മതഗ്രന്ഥങ്ങൾക്ക് പിന്നിൽ വിശ്വാസികൾ അണിനിരക്കുന്നതും രാഷ്ട്രീയതത്വശാസ്ത്രകൃതികൾക്ക് പിന്നിൽ അനുയായികൾ ആവേശം കൊള്ളുന്നതും അക്ഷരങ്ങളുടെ ശക്തി വെളിപ്പെടുത്തുന്നു. 'കുതിരയെക്കാൾ വേഗതയും അമ്പിനെക്കാൾ മൂർച്ചയുമുണ്ട് ഉച്ചരിക്കപ്പെട്ട വാക്കുകൾക്ക്' എന്ന പ്രസ്താവനയും 'രക്തസാക്ഷികളുടെ രക്തത്തെക്കാൾ വിലപ്പെട്ടതാണ് പേനയിലെ മഷി' എന്ന ചൊല്ലും എഴുത്തിന്റെയും വാക്കിന്റെയും ശക്തിയും നിശ്ചയദാർഢ്യവും വെളിപ്പെടുത്തുന്നു. എന്നാൽ വായനയും ചിന്തയും ശരിയായ ദിശയിൽ തന്നെയാണോ എന്ന് അലോചിക്കേണ്ടതുണ്ട്. ഏറ്റവും കൂടുതൽ വായനക്കാരുള്ള പ്രസിദ്ധീകരണങ്ങളും, ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന സീരിയലുകളും എന്താണ് ചെയ്യുന്നത് എന്ന് പരിശോധിക്കുമ്പോൾ ജനപ്രിയത എന്നത് എന്താണെന്ന് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഉപഭോഗസംസ്കാരത്തിൽ ജനപ്രിയത കച്ചവടകേന്ദ്രിതമായിത്തീരുകയും കമ്പോളത്തിലേക്ക് ആളുകളെ എത്തിക്കാനുള്ള പരസ്യവാഹകരായി കലാസാഹിത്യങ്ങൾ മാറുകയും ചെയ്തിരിക്കുന്നു. ഭരണകൂടത്തിന്റെ ആശയപരമായ മർദ്ദനോപാധികൾ എന്നാണ് കമ്പോളകലയെ അൽത്തുസർ വിശേഷിപ്പിക്കുന്നത്.

**പൈങ്കിളി സാഹിത്യം:** മുട്ടത്ത് വർക്കിയുടെ 'പാടാത്ത പൈങ്കിളി' എന്ന നോവൽ പ്രസിദ്ധീകരിച്ചതോടെയാണ് വൈകാരികാംശം കൂടുതലുള്ള കൃതികളെ പൈങ്കിളി സാഹിത്യം എന്നു വിളിക്കാൻ തുടങ്ങിയത്. കലാസാഹിത്യങ്ങളുടെ മേഖലയിൽ ലൈറ്റ് ആർട്ടെന്നും സീരിയസ് ആർട്ടെന്നും ഉള്ള വിഭജനം ഏതൊരു ഭാഷാസമൂഹത്തിലും ഉണ്ട്. വെറും തമാശയ്ക്കോ നേരംപോക്കിനോ വേണ്ടി മാത്രമുള്ള കലാസൃഷ്ടികളാണ് ലൈറ്റ് ആർട്ടുകൾ. വ്യക്തികൾക്ക് സാമൂഹ്യജീവിതത്തിനാവശ്യമായ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഗൗരവമേറിയ അനുഭവങ്ങളെ ആവിഷ്കരിക്കുന്നവരാണ് സീരിയസ് ആർട്ടുകൾ. മ.പ്രസിദ്ധീകരണങ്ങളും, പൈങ്കിളി നോവലുകളും സോപ്പ് സിനിമകളും കണ്ണീരണിയിക്കുന്ന മെഗാസീരിയലുകളും ലൈറ്റ് ആർട്ടിന്റെ പരിധിയിലാണ് വരുന്നത്. ഇവ വ്യക്തമായ ജീവിതലക്ഷ്യങ്ങൾ ഒന്നും അവിഷ്കരിക്കാൻ വേണ്ടി ഉണ്ടാകുന്നതല്ല. മനുഷ്യമനസ്സിലെ താഴ്ന്ന തരം വികാരങ്ങൾക്കാണ് ഇവ പ്രാധാന്യം നൽകുന്നത്.

കച്ചവടസംസ്കാരത്തിന്റെ പുതിയകാലത്ത് ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള സൂത്രവാക്യങ്ങളായി കലാരൂപങ്ങൾ മാറുമ്പോൾ അത് ജനവിരുദ്ധമായാണ് മാറുന്നത്. പൈങ്കിളി സാഹിത്യത്തിന്റെ ഒരു പ്രധാന പ്രത്യേകത അതിന്റെ ഉള്ളടക്കത്തിന്റെ നിലവാരമില്ലായ്മയാണ്. ഇടതുപക്ഷ ബുദ്ധിജീവികളും പുരോഗമനസാഹിത്യകാരന്മാരും പൈങ്കിളിസാഹിത്യത്തിനും അതിന്റെ ജനപ്രിയതയക്കും എതിരായിരുന്നു. ഇവരുടെ നിരന്തരവിമർശനം മലയാളസാഹിത്യത്തെ രണ്ടു തട്ടുകളിലാക്കിത്തീർത്തു. ഗൗരവമുള്ള വായന അവകാശപ്പെടുന്നവയും നേരംപോക്കിനുള്ളവയും. പൈങ്കിളി പ്രസിദ്ധീകരണങ്ങൾക്കെല്ലാം ചില പൊതു സ്വഭാവങ്ങൾ

ഉണ്ടായിരുന്നു. 'മ' എന്ന അക്ഷരത്തിലായിരുന്നു ഇവയിൽ പലതിന്റെയും പേരുകൾ. എന്നാൽ 'മ'യിൽ തുടങ്ങുന്നതുകൊണ്ടു മാത്രം ഒരു പ്രസിദ്ധീരണവും പൈങ്കിളിയാവണമെന്നില്ല. പൈങ്കിളി സാഹിത്യത്തിന്റെ ഉള്ളടക്കം പലപ്പോഴും ഒരേ സ്വഭാവം പ്രകടിപ്പിക്കുന്നു. ഒന്നോ രണ്ടോ നോവലുകൾ, ഒരു കുറ്റാന്വേഷണ നോവൽ, ഒരു മന്ത്രവാദ നോവൽ, ഡോക്ടറോട് ചോദിക്കുക, മന:ശാസ്ത്രജ്ഞനോട് ചോദിക്കുക, ജീവിതദു:ഖം, കണ്ണീരിന്റെ കഥ, ലളിത പാചകം, ഫലിതം, പാരഡികൾ, സമസ്യാപൂരണം എന്നിവ പൈങ്കിളി പ്രസിദ്ധീകരണങ്ങളിലെ സ്ഥിരം പംക്തികളാണ്.

ജനപ്രിയപ്രസിദ്ധീകരണങ്ങളുടെ രൂപഭാവങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാവാറുണ്ട്. ഓരോ കാലത്തും പരമാവധി വായനക്കാരുടെ കണ്ണീരാണ് ഇവ ലക്ഷ്യം വെയ്ക്കുന്നത്. 1950കളിലും 60കളിലും ആദർശ പ്രണയമായിരുന്നു പ്രധാന വിഷയം. സാമ്പത്തികമായി രണ്ടു ധ്രുവങ്ങളിലുള്ള നായികാനായകന്മാർ പ്രണയബദ്ധരാകുന്നതും അവസാനം പ്രതിബന്ധങ്ങളെ തരണം ചെയ്ത് വിവാഹിതരാവുന്നതും സ്ഥിരം പ്രമേയമായിരുന്നു. ചിലപ്പോൾ വില്ലന്മാരും മറ്റ് ചിലപ്പോൾ കുടുംബാംഗങ്ങളും സ്നേഹത്തിന് തടസ്സമായി വരുന്നു. എന്തും സംഭവിക്കാവുന്ന ദിവസങ്ങൾ. ഖണ്ഡശയായി പ്രസിദ്ധീകരിക്കുന്ന നോവലുകളിൽ ഓരോ ആഴ്ചയും പ്രതീക്ഷയോടെ വായനക്കാർ കാത്തിരിക്കുന്നു. അവസാനം നായികാനായകന്മാർ വിവാഹിതരാവുന്നതോടെ വായനാക്കാർക്കും സമാധാനമായി. കാലഘട്ടത്തിന്റെ ജനമനസ്സ് ആവശ്യപ്പെടുന്ന രീതിയിൽ പ്രമേയങ്ങൾ മാറികൊണ്ടിരുന്നു. പല വാരികകളിലും ഒരാൾ തന്നെ വിവിധ പേരുകളിൽ നോവലുകൾ എഴുതി, കഥാപാത്രങ്ങളുടെ പേരിലോ, പശ്ചാത്തലത്തിലോ മാത്രം വ്യത്യാസമുള്ള കഥകൾ ആവിഷ്കരിച്ചു. ഇപ്പോൾ കാമ്പസുകൾ കേന്ദ്രമാക്കിയും ഐ.ടി.പാർക്കുകൾ പശ്ചാത്തലമാക്കിയും, ദാമ്പത്യതകർച്ചകളെ അടിസ്ഥാനമാക്കിയും ഏറ്റവും പുതിയതായി ക്വട്ടേഷൻ സംഘങ്ങളെ ഉൾപ്പെടുത്തിയും വളർന്നുകൊണ്ടിരിക്കുന്നു പൈങ്കിളി സാഹിത്യം.

**ഫോർമുല റൈറ്റിംഗ്**: ജനപ്രിയ വാരികകളിലെ ഏറ്റവും പ്രധാന ആകർഷണ കേന്ദ്രം തുടർനോവലുകളാണ്. ഓരോ ആഴ്ചയിലും കഥ ഇതുവരെ എന്ന് ചുരുക്കം കൊടുത്തിരിക്കും. ചിത്രങ്ങൾ കളറിലും പരമാവധി മിനുസപ്പെടുത്തിയും, ശരീര വടിവ് വ്യക്തമാക്കുന്ന വിധത്തിലുമായിരിക്കും. അടുത്ത ലക്കം എന്തായിരിക്കും എന്ന ആകാംക്ഷ നിലനിറുത്തിയാണ് ഓരോ ലക്കവും അവസാനിക്കുന്നത്. സംഭാഷണങ്ങളും നാടകീയതയുമാണ് വൈകാരികത സൃഷ്ടിക്കാനുള്ള മാർഗ്ഗമായി സ്വീകരിക്കുന്നത്. നോവലുകൾക്ക് പേര് നൽകുന്നത് നോവലിസ്റ്റായിരിക്കില്ല, ഓരോ കാലത്തിന്റെയും ജനമനസ്സറിഞ്ഞ പത്രാധിപസമിതി തന്നെയായിരിക്കും. വായനക്കാരുടെ താല്പര്യമനുസരിച്ച് കഥയിലും മാറ്റങ്ങൾ വരാം. ഇതൊന്നും നോവലിസ്റ്റിന്റെ വരുതിയിലാവണമെന്നില്ല. കച്ചവടലാഭം മാത്രം മുന്നിൽ കണ്ട് സ്ഥാപനത്തിന്റെ നിർദ്ദേശപ്രകാരം ചില പ്രത്യേക മാനദണ്ഡങ്ങൾ അനുസരിച്ച് രചന നിർവ്വഹിക്കുന്നതിനാണ് ഫോർമുല റൈറ്റിംഗ് എന്നു പറയുന്നത്.

## വിവിധ ജനപ്രിയ മാസികകൾ

**വനിതാ മാസികകൾ**: ജനപ്രിയപ്രസിദ്ധീകരണങ്ങളിൽ പ്രധാനമായ സ്ഥാനം വനിതാ മാസികകൾക്കുണ്ട്. സ്ത്രീകൾക്ക് വേണ്ടി എന്ന പ്രചരണത്തോടെ മലയാളത്തിൽ പുറത്തിറങ്ങുന്ന വനിത, ഗൃഹലക്ഷ്മി, സഖി, മഹിളാചന്ദ്രിക, മഹിളാരത്നം, സ്നേഹിത, സ്ത്രീ എന്നിവയാണ് പ്രധാന വനിതാ പ്രസിദ്ധീകരണങ്ങൾ. ഉള്ളടക്കത്തിലും കെട്ടിലും മട്ടിലും ഇവ ഏതാണ്ടെല്ലാം ഒരേ പോലെ തന്നെയാണ്. പരസ്യങ്ങളാണ് ഇവയെ താങ്ങി നിർത്തുന്നത്. സ്ത്രീകളുടെ സൗന്ദര്യവർദ്ധക വസ്തുക്കളെക്കുറിച്ചുള്ള പരസ്യങ്ങളാണ് ഇവയിൽ ഏറെയും ഉണ്ടായിരിക്കുക.

സ്ത്രീകൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണമാണെന്നും സ്ത്രീപ്രശ്നങ്ങളാണ് ഇതിൽ ചർച്ച ചെയ്യുന്നത് എന്നുമാണ് പൊതുവെ അവകാശപ്പെടുന്നത്. എന്നാൽ സ്ത്രീ പുരുഷനെ ആകർഷിക്കാനുള്ള ഒരു സുന്ദരവസ്തു മാത്രമാണെന്നും അവളൊരു ശരീരം മാത്രമാണെന്നും പ്രചരിപ്പിക്കുകയാണ് ഫലത്തിൽ ചെയ്യുന്നത്. വണ്ണം കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ, വിവിധ തരം വ്യായാമ മുറകൾ, ഉടലിന്റെ ഓരോ ഭാഗവും എങ്ങിനെ ആകർഷകമാക്കാം തുടങ്ങിയവയെക്കുറിച്ച് സ്ഥിരം പംക്തികൾ തന്നെയുണ്ട്. യാത്രാനുഭവങ്ങൾ, ഷോപ്പിംഗ്, കൗതുകവാർത്തകൾ, പണമുണ്ടാക്കാനുള്ള എളുപ്പവഴികൾ, സുരക്ഷിതമായ ദാമ്പത്യം, കണ്ണീർക്കടൽ താണ്ടിയവർ, സിനിമാ വാർത്തകൾ, വളർത്തുമൃഗങ്ങളുടെ പരിചരണം, വീട് വൃത്തിയായി സൂക്ഷിക്കൽ എന്നിവ എല്ലാ ലക്കങ്ങളിലും ഉണ്ടാവും.

ജനപ്രിയസാഹിത്യത്തിന്റെ വിഭാഗമാണ് വനിതാ മാസികകൾ. കാര്യങ്ങളെ വസ്തുനിഷ്ഠമായി കാണുന്നതിന് പകരം വൈകാരികമായ സമീപനമാണ് ഇവർ ഇഷ്ടപ്പെടുന്നത്. സ്ത്രീയുടെ ബുദ്ധിപരതയ്ക്കോ, സ്വതന്ത്രചിന്തയ്ക്കോ ഇതിൽ സ്ഥാനമില്ല. സ്ത്രീസ്വാതന്ത്ര്യം, പെണ്ണെഴുത്ത് തുടങ്ങിയ ദാർശനിക സംവാദങ്ങളിൽ നിന്നും കൃത്യമായ അകലം പാലിക്കുകയാണിവർ. വെളുപ്പാണ് സൗന്ദര്യമെന്നും വെളുക്കാനുള്ള ഉപാധികൾ എന്തെല്ലാമാണെന്നുമാണ് പ്രധാനചിന്താവിഷയം. ആദിവാസി, തെരുവിലെ ജീവിതം, പരിസ്ഥിതി മലിനീകരണം ഇതൊന്നും ഇവരുടെ പ്രശ്നമേയല്ല. ഒരിനം രാഷ്ട്രീയവും സാംസ്കാരികവുമായ ചർച്ചാവിഷയങ്ങളൊന്നും ഇത്തരം മാസികകളിൽ കാണാറില്ല. ബുദ്ധിപരത പുരുഷന്റെ ലോകമാണെന്ന് സമ്മതിച്ച് സ്ത്രീയെ അതിൽ നിന്ന് അകറ്റി നിറുത്തുകയാണ് ചെയ്യുന്നത്. ആഗോളതാപനം തൊലിയുടെ വെളുപ്പിനെ ബാധിക്കുമോ എന്നതുമാണ് ഇവരുടെ ചിന്താവിഷയം. മധ്യവർഗസമൂഹങ്ങളിലെ സ്ത്രീകളുടെ അഭിരുചികൾക്കും പൊങ്ങച്ചങ്ങൾക്കും പ്രോത്സാഹനം നൽകി അവരെ മാർക്കറ്റിലേക്കെത്തിക്കുക എന്നതാണ് ഇവരുടെ പ്രധാന കച്ചവട തന്ത്രം. വില്പനയും ലാഭവും മാത്രമാണ്  ഇവയുടെ ലക്ഷ്യം. അത് വർദ്ധിപ്പിക്കാനുള്ള തന്ത്രങ്ങളാണ് ആവിഷ്കരിക്കുന്നത്. പ്രധാനമായും വീട്ടമ്മമാരായ സ്ത്രീകളെയാണ് ഇവർ പ്രതീക്ഷിക്കുന്നത്. ചില പ്രത്യേക വിഷയങ്ങൾക്ക് ഇവർ ഊന്നൽ നൽകുന്നുണ്ട്. ആകർഷകമായ പുറംചട്ട നിർബന്ധമാണ്. ഉള്ളടക്കത്തിൽ നോവൽ, കഥ, ഫലിതം, ഡോക്ടറോട് ചോദിക്കുക, മന:ശാസ്ത്രജ്ഞനോട് ചോദിക്കുക, ജീവിതദു:ഖം, ലളിതപാചകം, ക്വിസ്, പാരഡികൾ എന്നിവ സ്ഥിരം പംക്തികളായിരിക്കും. ഒന്നാം പേജിൽ തന്നെ മഹദ്വചനങ്ങളും 'ഇന്നത്തെ ചിന്താവിഷയവും' ഉണ്ടാവും, ഏതെങ്കിലും ആചാര്യൻ നൽകുന്ന ഉത്തരം പോലെയാണിവ വരുന്നതെങ്കിലും പലപ്പോഴും ചോദ്യവും ഉത്തരവും ഒരാളിന്റെ തന്നെയായിരിയിരിക്കും. പുതിയ കാലത്ത് 'എംബ്രോയ്ഡറി, സൗന്ദര്യസംരക്ഷണം, നക്ഷത്രഫലം എന്നിവ കൂടി ഉൾപ്പെടുന്നുണ്ട്. വായനക്കാരുടെ കത്തുകൾ സ്ഥിരം പംക്തിയായി ഉൾപ്പെടുത്താറുണ്ട്.

**ആരോഗ്യമാസികകൾ** : ജനപ്രിയ പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ തന്നെയാണ്  ആരോഗ്യമാസികകളും വരുന്നത്. സമീപകാലത്തായി മലയാളത്തിലെ എല്ലാ മുഖ്യധാരാ പത്രങ്ങൾക്കും ആരോഗ്യമാസികകൾ പുറത്തിറങ്ങിക്കഴിഞ്ഞിട്ടുണ്ട്. മധ്യവർഗ ജീവിതത്തിൽ മരണഭയം വർദ്ധിക്കുകുയം മരണത്തിന് രോഗങ്ങൾ ഒരു കാരണമാണെന്ന് വരികയും ചെയ്തതോടെ ആശുപത്രികളും മരുന്നുകളും ഏറ്റവും നല്ല മൂലധനനിക്ഷേപ കേന്ദ്രങ്ങളായി വളരുന്ന കാഴ്ചയാണ് കാണുന്നത്. ഓരോ അവയവത്തിനും പ്രത്യേകം പ്രത്യേകം പരിചരണവും അതിനായി സ്പെഷ്യലിസ്റ്റുകളും ഉണ്ടായിത്തുടങ്ങി. കൂണുകൾ പോലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ ഗ്രാമങ്ങളിൽ പോലും ഉയർന്നു വരാൻ തുടങ്ങി. ആരോഗ്യത്തെ സംബന്ധിച്ച വ്യക്തികളുടെ വമ്പിച്ച ഉൽക്കണ്ഠകൾ ചൂഷണം ചെയ്യാനുള്ള ഒരു വഴിയായി മാറി വൈദ്യശാസ്ത്രരംഗം.

ഈ ചുറ്റുപാടിലാണ് ആരോഗ്യമാസികകളുടെ പ്രചരണം മനസ്സിലാക്കേണ്ടത്. പല അസുഖങ്ങളും തെറ്റായ ജീവിതരീതികൊണ്ടും, ഭക്ഷണക്രമം കൊണ്ടും, അനാവശ്യമായ  മരുന്നുകൾ ഉപയോഗിക്കുന്നതുകൊണ്ടും ഉണ്ടാവുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഈ വസ്തുത തന്ത്രപരമായി മറച്ചുവെക്കപ്പെടുകയും ഉടലിൽ കാണുന്ന ഒരു പാട്, ഒരു തടിപ്പ്, ഒരു കിതപ്പ് എന്നിവയിൽ ഭയപ്പെടുത്തി ആളുകളെ ആശുപത്രിയിലേക്ക് ഓടിക്കുകയുമാണ് ഇത്തരം പ്രസിദ്ധീകരണങ്ങൾ ചെയ്യുന്നത്.

ഏതെങ്കിലും ഒരു പ്രധാന രോഗത്തെക്കുറിച്ചുള്ള സ്പെഷ്യൽ പതിപ്പായാണ് ആരോഗ്യമാസികകൾ പുറത്തിറങ്ങുന്നത്. മുഖചിത്രം മിക്കവാറും ഏതെങ്കിലും സിനിമാ നടിയുടെയോ മറ്റോ ആയിരിക്കും. മഞ്ഞപ്പിത്തം, പ്രമേഹം, ബ്ലഡ്പ്രഷർ, ഹാർട്ട് അറ്റാക്ക് തുടങ്ങിയ രോഗങ്ങളായിരിക്കും കവർപേജിൽ തന്നെ സൂചിപ്പിക്കപ്പെടുന്ന ചർച്ചാവിഷയം. ഇത്തരം രോഗങ്ങളെക്കുറിച്ച് വിവിധ ഡോക്ടർമാർ നടത്തുന്ന അഭിപ്രായങ്ങളും ചികിത്സാ രീതികളും അവതരിപ്പിക്കപ്പെടുന്നു. അലോപ്പതി, ആയൂർവേദം, ഹോമിയോ, നാട്ടുവൈദ്യം എന്നീ മേഖലകളിലെല്ലാമുള്ള ചികിത്സകന്മാർ രോഗത്തെക്കുറിച്ച് വിശദമായ നിരീക്ഷണങ്ങൾ നടത്തുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. വായനക്കാർക്ക് ആരെയും സ്വീകരിക്കാവുന്നതാണ്. അലോപ്പതി മരുന്നുകൾ വലിയ തോതിൽ സൈഡ് ഇഫക്ടുകൾ ഉണ്ടാക്കുന്നു എന്ന പ്രചരണം നിലനിൽക്കുന്നതിനാൽ പാരമ്പര്യനാട്ടു ചികിത്സാപദ്ധതികളും വലിയ തോതിൽ വാണിജ്യവത്കരിക്കപ്പെടുന്നു. ഹെർബൽ ആയി ലഭിക്കാത്ത മരുന്നുകൾ ഒന്നും തന്നെയില്ല.

ആരോഗ്യമാസികയിൽ സ്ഥിരമായി ചർച്ച ചെയ്യപ്പെടുന്ന ഒരു രോഗം ലൈംഗികപ്രശ്നങ്ങളാണ്. സെക്സ് അടിച്ചമർത്തി സൂക്ഷിക്കുന്ന നമ്മുടെത് പോലുള്ള ഒരു സമൂഹത്തിൽ അതിനെക്കുറിച്ചുള്ള ഏത് ചർച്ചയും ആവേശകരമായി വായിക്കപ്പെടും എന്നുറപ്പുണ്ട്. ഗർഭധാരണം, പ്രസവം എന്നിവയും ദീർഘ

നാൾ ചികിത്സ ചെയ്യേണ്ട മാരകരോഗങ്ങൾ എന്ന നിലയിലാണ് ഇത്തരം മാസികകളിൽ പ്രത്യക്ഷപ്പെടുന്നത്. ലൈംഗികതയെക്കുറിച്ചുള്ള തെറ്റായ ധാരണകൾ നല്ല രീതിയിൽ ചൂഷണം ചെയ്യാനും ഇവർക്ക് സാധിക്കുന്നു. ആരോഗ്യമാസികകളിൽ സ്ഥിരം പംക്തികളായി മറ്റ് ജനപ്രിയമാസികകളിൽ വരുന്ന ഡോക്ടറോട് ചോദിക്കാം. മന:ശാസ്ത്രജ്ഞനോട് ചോദിക്കാം എന്നിവ കുറെക്കൂടി വിശാലമായി നല്കിയതായി കാണാം. ചെറുകഥ, നോവൽ, സിനിമാ ഷൂട്ടിംഗിന്റെ വിവരണങ്ങൾ എന്നിവയും ഇവയിൽ സാധാരണ കാണാവുന്നതാണ്.

## സിനിമാപ്രസിദ്ധീകരണങ്ങൾ:

ഏറ്റവും ജനകീയമായി കലാരൂപം എന്ന നിലയ്ക്ക് സിനിമയ്ക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനമാണുള്ളത്. മറ്റേത് മാധ്യമങ്ങളെക്കാളും സ്വീകാര്യത സിനിമ നേടുന്നതിൽ ധാരാളം കാരണങ്ങളുണ്ട്. പുരുഷാധിപത്യലോകത്ത് പുരുഷന്റെ കാഴ്ചയയെയും താല്പര്യങ്ങളെയും പരമാവധി സംരക്ഷിക്കാൻ കമ്പോള സിനിമ തയ്യാറാവുന്നു എന്നതാണ് ഒരു കാരണം. താരോദയങ്ങൾക്ക് മുമ്പിൽ നിഴലുപോലെ മാത്രം നിൽക്കുന്നതാണ് സിനിമയിലെ സ്ത്രീ. അതാവട്ടെ പുരുഷലൈംഗീകതയുടെ പൂർത്തീകരണ ഉപാധി എന്ന നിലയിൽ വെറും ശരീരമായി മാത്രവും. തിയേറ്ററുകളിൽ കാഴ്ചക്കാരായി എത്തുന്നവരിൽ ഏറെയും പുരുഷന്മാരാണ് അതിൽ തന്നെ കൗമാരപ്രായക്കാരായ ആൺകുട്ടികളാണ്. അവരെ ആകർഷിക്കാനും വരുതിയിൽ നിറുത്തുവാനും ആവശ്യമായ മസാലക്കൂട്ടുകൾ നിർലോഭം കമ്പോളസിനിമയിൽ ഉപയോഗിക്കപ്പെടുന്നു.

വെള്ളിത്തിരയിൽ അത്ഭുതമായെത്തുന്ന സിനിമയുടെ പിന്നാമ്പുറങ്ങളെപ്പറ്റി അറിയാനുള്ള വ്യഗ്രതകളാണ് സിനിമാ മാസികക്കാർ ചൂഷണം ചെയ്യുന്നത്. കഴിഞ്ഞ അൻപത് വർഷങ്ങൾക്കിടയിൽ മാത്രം മുപ്പതോളം സിനിമാ പ്രസിദ്ധീകരണങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. പലതും അല്പായുസ്സായിരുന്നെങ്കിലും ഇന്നും വിജയകരമായി മുന്നോട്ട് പോകുന്നവയുമുണ്ട്. നാന, ചിത്രഭൂമി, വെള്ളിനക്ഷത്രം, ചലച്ചിത്രം എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

സിനിമാ പ്രസിദ്ധീകരണങ്ങളുടെയെല്ലാം ഉള്ളടക്കം ഏതാണ്ടൊരു പോലെയാണ്. അച്ചടിയേക്കാൾ ഫോട്ടോകൾക്കാണ് ഇവയിൽ പ്രാധാന്യം. നടീനടന്മാരുടെ വിവിധ പോസിലുള്ള ഫോട്ടോകൾ കൊണ്ട് പേജുകൾ നിറഞ്ഞു കിടക്കുന്നു. ഷൂട്ടിംഗ് വിശേഷങ്ങൾ, ലൊക്കേഷനുകൾ, തമാശകൾ, നടീനടന്മാരുടെ സ്വകാര്യജീവിതം, കുടുംബജീവിതം, പ്രണയം, എന്നിവയെല്ലാം വിശദമായി ചർച്ച ചെയ്യപ്പെടുന്നു. റിലീസ് ചെയ്യാൻ പോകുന്ന പടങ്ങളെപ്പറ്റി വിശദമായിത്തന്നെ വിവരണങ്ങളുണ്ടാകും. ആരുമറിയാത്ത രഹസ്യങ്ങൾ പങ്കു വെയ്ക്കുന്ന ഗോസിപ്പുകളാണ് സിനിമാപ്രസിദ്ധീകരണങ്ങളിലെ ചൂടേറിയ മറ്റൊരു വിഭവം. ഇതെല്ലാം സ്ഥിരമായി വായിക്കുകയും, ഇതിലെല്ലാം ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്യുന്ന വിദ്യാസമ്പന്നരായ യുവാക്കൾ പോലുമുണ്ട് എന്നതാണ് അതിശയകരമായ വസ്തുത.

## ബാലമാസികകൾ:

കുട്ടിക്കാലം വായനയുടെ ആഘോഷക്കാലമാണ്. ലോകത്തിൽ ഏറ്റവും അധികം വായനക്കാരുള്ളത് കുട്ടികളുടെ ലോകത്താണ്. മുതിർന്നവർ ജീവിത പ്രയാസങ്ങൾക്കിടയിൽ വായനയിൽ നിന്ന് അകന്നു പോകുമ്പോൾ ഇത്തരം പ്രശ്നങ്ങൾ കാര്യമായി ബാധിക്കാത്ത കുട്ടികൾ വായനയുടെ ലോകത്ത് ആനന്ദം കണ്ടെത്തുകയാണ്. കുട്ടികൾ എല്ലായ്പ്പോഴും സ്വപ്നലോകത്താണ്. സങ്കല്പവും യാഥാർത്ഥ്യവും തമ്മിൽ അവർക്ക് അതിർ വരമ്പുകളില്ല. യക്ഷിക്കഥകളും, പക്ഷിമൃഗാദികൾ കഥാപാത്രങ്ങളായി വരുന്ന കഥകളും സംശയമൊന്നുമില്ലാതെ വായിച്ചു രസിക്കാൻ അവർക്ക് കഴിയും.

കഥകൾ, എഴുതപ്പെടുന്നതിന് മുമ്പ് തന്നെ വാമൊഴിയായി പ്രചരിച്ചിരുന്നു. പ്രാചീനഭാരതം കഥകളുടെ മഹാപ്രപഞ്ചമായിരുന്നു. പഞ്ചതന്ത്രകഥകൾ, വിക്രമമാദിത്യകഥകൾ, കഥാസരിത്സാഗരം, ജാതകകഥകൾ എന്നിവ ലോകത്തിന് തന്നെ നിത്യാത്ഭുതങ്ങളായി നിലകൊള്ളുന്നു. പാശ്ചാത്യനാടുകളിൽ നിന്നുവന്ന ഈസോപ്പുകഥകൾ അറബിനാടുകളുടെ സംഭാവനയായ ആയിരത്തൊന്നു രാവുകൾ എന്നിവയും കുട്ടികൾക്ക് വേണ്ടിയുള്ളതായിരുന്നു. ഇവയിൽ പലതും ഗുണപാഠകഥകളോ, അന്യാപദേശകഥകളോ ആയി പ്രസിദ്ധങ്ങളായവയാണ്. മഹാരാജാവിന്റെ മക്കളെ ലോകനീതി പഠിപ്പിക്കുവാൻ വിഷ്ണു ശർമ എന്ന ബ്രാഹ്മണൻ എഴുതിയതാണ് പഞ്ചതന്ത്രം. ഇതിൽ പക്ഷിമൃഗാദികൾ മനുഷ്യസ്വഭാവത്തിന്റെ പ്രതിനിധികളായാണ് പ്രത്യക്ഷപ്പെടുന്നത്.

മലയാളത്തിൽ ആദ്യമിറങ്ങിയ ബാലപ്രസിദ്ധീകരണം 'ബാലൻ' എന്ന വാരികയാണ്. ഈസോപ്പുകഥകൾ ആദ്യം വരുന്നത് ഇതിലാണ്. എസ്.പി.സി.എസ് ബാലസാഹിത്യത്തിലേക്ക് തിരിഞ്ഞതോടെ കുട്ടികളുടെ പ്രസിദ്ധീകരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. ലോകഭാഷകളിൽ നിന്നെല്ലാം കഥകൾ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ തുടങ്ങിയത് അപ്പോഴാണ്.

മലയാളത്തിൽ വായനയുടെ കാര്യത്തിൽ വിജയം നേടിയ കുട്ടികളുടെ ആദ്യമാസിക ദീപിക പുറത്തിറക്കിയ 'കുട്ടികളുടെ ദീപിക' ആണ്. അമർചിത്രകഥകളുടെയും കാർട്ടൂൺ മാസികകളുടെയും കാലമായതോടെ കുട്ടികളുടെ പ്രസിദ്ധീകരണത്തിന്റെ വസന്തകാലമായ മൂന്നാം ഘട്ടമായി. ഭാരതീയ പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങളെ കുട്ടികളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അനന്ത് പൈ തുടങ്ങിവെച്ച അമർചിത്രകഥകൾ വായനയുടെ ലോകത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. അദ്ദേഹമാണ് മലയാളത്തിലെ എക്കാലത്തെയും പ്രചാരമുള്ള കുട്ടികളുടെ പ്രസിദ്ധീകരണമായ പൂമ്പാറ്റയ്ക്ക് തുടക്കമിടുന്നത്. 1970കളോടെ വൻകിടപത്രങ്ങൾ ബാലപ്രസിദ്ധീകരണങ്ങളിൽ ശ്രദ്ധിക്കാൻ തുടങ്ങി. ബാലരമ, ബാലഭൂമി, ബാലമംഗളം എന്നിവ ഇങ്ങനെ പ്രസിദ്ധീകരിക്കപ്പെട്ടതാണ്. കുട്ടികളെ ആകർഷിക്കാനും വായനയിൽ ഉറപ്പിച്ചു നിറുത്തുവാനുമാവശ്യമായ തന്ത്രങ്ങൾ ഉപയോഗിച്ച് വലിയ മത്സരം തന്നെ ഈ രംഗത്ത് നടക്കുന്നുണ്ട്. പ്രി-പ്രൈമറി കുട്ടികൾക്കായുള്ള കളിച്ചെപ്പ്, കളിക്കുടുക്ക, കുട്ടികളിൽ ശാസ്ത്രീയാഭിരുചി ലക്ഷ്യം വെച്ചുണ്ടായ യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി എന്നിവ നല്ല പ്രചാരമുള്ള പ്രസിദ്ധീകരണങ്ങളായിരുന്നു.

എഴുത്തുകാരന്റെ രചനാതന്ത്രങ്ങളും, ചിത്രകാരന്റെ അസാമാന്യ ഭാവനയും കൂട്ടുചേർന്നാലേ നല്ലൊരു ബാലസാഹിത്യപ്രസിദ്ധീകരണം ജന്മം കൊള്ളുകയുള്ളൂ. അത്ഭുതങ്ങളുടെ ലോകത്ത് കണ്ണുംനട്ടിരിക്കുന്ന കുട്ടികൾക്ക് അത്ഭുതകരമായി അനുഭവപ്പെട്ടാലെ അത് സ്വീകാര്യമാവുകയുള്ളു എന്നതാണ് യാഥാർത്ഥ്യം.

## പരസ്യരചന

മുതലാളിത്ത കാലഘട്ടത്തിൽ മത്സരവിപണിയെ സംബന്ധിച്ചിടത്തോളം പരസ്യങ്ങൾ അന്ത്യന്താപേക്ഷിതമാണ്. ഒരേ തരം വസ്തുക്കൾ വ്യത്യസ്ത നിറങ്ങളിലും മണങ്ങളിലും ബ്രാൻഡുകളിലും വിപണിയിലെത്തുമ്പോൾ ഒരോന്നിന്റെയും സവിശേഷതകളെപ്പറ്റി ഉപഭോക്താവിനെ പരിചയപ്പെടുത്തുന്നത് പരസ്യങ്ങളാണ്. കച്ചവട സംസ്കാരത്തെ നിലനിറുത്തുന്നതിലും മുന്നോട്ട് കൊണ്ടുപോവുന്നതിലും പരസ്യങ്ങൾക്ക് നല്ല പങ്കുണ്ട്. പല വൻകിട കമ്പനികളും അവരുടെ മുടക്കുമുതലിന്റെ ഭൂരിഭാഗം ശതമാനവും പരസ്യങ്ങൾക്കാണ് നീക്കിവെയ്ക്കുന്നത്. ഉല്പന്നം വിപണിയിലെത്തും മുമ്പ് പരസ്യങ്ങളാണെത്തുന്നത്. ഉല്പന്നങ്ങൾക്ക് മാത്രമല്ല സേവനങ്ങൾക്കും ആശയങ്ങൾക്കുമെല്ലാം പരസ്യങ്ങൾ അത്യാവശ്യമാണ്.

"സാധനങ്ങൾ, സേവനങ്ങൾ, ആശയങ്ങൾ എന്നിവയെപ്പറ്റി ഉപഭോക്താവിനെ അറിയിക്കാനുള്ള ഉപാധികളാണ് പരസ്യങ്ങൾ" എന്നു നിർവ്വചിക്കാം. ഉപഭോക്താവിനെ ഏതെങ്കിലും നിലയിൽ വശീകരിച്ച് വിപണിയിലെത്തിക്കേണ്ടതുകൊണ്ടു തന്നെ പരസ്യം സംവിധാനം ചെയ്യുന്നത് മറ്റെന്തിനെക്കാൾ ശ്രദ്ധാപൂർവ്വം ആയിരിക്കണം. പരസ്യം ഒരു മാധ്യമമാണ്. മാധ്യമത്തിന് ഒരു ഭാഷ ഉണ്ടായിരിക്കും. പരസ്യഭാഷ സംഭാഷണത്തിന്റെയോ എഴുത്തിന്റെയോ മാത്രമല്ല; കലയുടെയും സാഹിത്യത്തിന്റെയും സർവ്വസാധ്യതകളും ഉപയോഗപ്പെടുത്തി ക്കൊണ്ടാണ് നിലനിൽക്കുന്നത്. പരിമിതമായ സ്ഥലവും, സമയവും മുന്നിൽകണ്ട് പരമാവധി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ഏറ്റവും ലളിതവും കാവ്യാത്മകവുമായ ഭാഷ പരസ്യങ്ങളുടെതാണ്. ഒരു തവണ കേട്ടാൽ ഒരിക്കലും മറക്കാൻ കഴിയാത്തതായിരിക്കണം പരസ്യവാചകങ്ങൾ. പരസ്യവാചകമെഴുത്ത് ഒരു പഠനശാഖയായിപ്പോലും വളർന്നിരിക്കുന്നു. സന്ദർഭത്തിന് അനുസൃതമായ വാക്യങ്ങൾ എഴുതാൻ ശാസ്ത്രീയപരിശീലനം ലഭിച്ച വിദഗ്ദസംഘങ്ങൾ വരെ ഈ മേഖലയിൽ ഉണ്ട്.

മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള ധാരണ, ഭാഷാപരിജ്ഞാനം, കലാബോധം എന്നിവയുള്ള ഒരാളിനു മാത്രമേ നല്ല പരസ്യരചയിതാവാകാൻ കഴിയുകയുള്ളൂ. എത്ര മുന്നറിയിപ്പുകൾ ഉണ്ടായിട്ടും ഇന്നും പുകവലി തുടരുന്നതിന്റെ പ്രധാന കാരണമായി ഒരു പഠനം പറയുന്നത് വിൽസ് കമ്പനിയുടെ 'അധ്വാനിക്കുന്നവന് സംതൃപ്തി' എന്ന പരസ്യവാചകത്തിന്റെ സ്വാധീനഫലമാണെന്നാണ്. കേരളത്തിലും ഒനിഡാ ടിവിയുടെയും (Neighbour's Envy Owner's Pride), മലബാർ ഗോൾഡിന്റെയും (Beauty Meets Quality)

സിസ്സേർസ് സിഗരറ്റിന്റെയും (Made for Each Other) ഐഡിയ മൊബൈലിന്റെയും (An Idea can change your life) സ്പ്രിംഗിൾ ഉപ്പിന്റെയും (ഉപ്പെന്ന് മാത്രം പറയാതെ സ്പ്രിംഗിൾ എന്നു ചോദിച്ചു വാങ്ങൂ) ഏഷ്യൻ പെയിന്റിന്റെയും (പായലേ വിട, പൂപ്പലേ വിട) പരസ്യവാചകങ്ങൾ ഉണ്ടാക്കിയ തരംഗം ഇന്നും നിലനിൽക്കുന്നുണ്ട്. നല്ല പരസ്യവാചകങ്ങൾ വായനക്കാരന്റെയും, കാഴ്ചക്കാരന്റെയും മനസ്സിൽ ഒരട്ടിമറിയാണ് സൃഷ്ടിക്കുന്നത്. പോസിറ്റീവായി മാത്രമല്ല നെഗറ്റീവായും പരസ്യം സ്വാധീനിക്കും എന്നതിന്റെ ഉദാഹരണമാണ് ഒനീഡയുടെ ചെകുത്താൻ.

ദൃശ്യമാധ്യമങ്ങൾ നിലനിൽക്കുന്നത് തന്നെ പരസ്യവരുമാനത്തിലാണ്. കാഴ്ചയെ അതിവേഗതയിൽ ചൂഷണം ചെയ്യുന്നു ഇവ. ഇക്കാലത്ത് മനുഷ്യബന്ധങ്ങൾ തന്നെ വിപണി വ്യവസ്ഥയിലാണ് നിലനിൽക്കുന്നത്. ഇന്ന് സർവ്വരോഗസംഹാരിയായി ഉയർന്നു നിൽക്കുന്നത് ഷോപ്പിംഗ് ആണ്. അതുതന്നെ ഒരു രോഗമായും മാറിയിരിക്കുന്നു. സാമൂഹ്യപദവി ഷോപ്പിംഗിലൂടെ നേടാമെന്ന് പരസ്യങ്ങൾ വ്യോമോഹിപ്പിക്കുന്നു. പുരുഷാധിപത്യലോകത്ത് സ്ത്രീകേന്ദ്രീകൃതമായിരിക്കുന്നു പരസ്യങ്ങൾ. മൊട്ടുസൂചി മുതൽ മോട്ടോർ സൈക്കിൾ വരെ വിൽക്കാനുള്ള പരസ്യചിത്രമാണ് സ്ത്രീ.

ജീവിതത്തിലെ അവശ്യവസ്തുക്കൾക്ക് എന്തിനാണ് പരസ്യം എന്നായിരുന്നു പൊതുധാരണ. ഇന്ന് അതും മാറി. ഉപ്പ് തൊട്ട് കർപ്പൂരം വരെ ഇന്ന് പരസ്യത്തിന്റെ പിൻബലത്തിലാണ് വില്പനയ്ക്കെത്തുന്നത്. ഉള്ളിലിരുപ്പ് എന്തായാലും പുഞ്ചിരിക്കുന്ന ഒരു മുഖമുണ്ടെങ്കിൽ, അകത്ത് എന്തായാലും തിളക്കമുള്ള ഒരു പേപ്പർ കൊണ്ട് പൊതിഞ്ഞാൽ വാങ്ങൽക്കാരന് സംതൃപ്തിയായി. ഈ മനോഭാവം നന്നായി ചൂഷണം ചെയ്യുകയാണ് പരസ്യങ്ങൾ.

## എസ്.എം.എസ്സുകൾ

മൊബൈൽ ഫോണുമായി ബന്ധപ്പെട്ട് രൂപം കൊണ്ടതാണ് ഷോർട്ട് മെസ്സേജ് സർവ്വീസ് അഥവാ എംസ്.എം.എസുകൾ. സന്ദേശങ്ങൾ അയക്കുക എന്നതിനപ്പുറം വൻജനക്കൂട്ടങ്ങളുടെ പിന്തുണ ആർജ്ജിക്കുക എന്നുവരെ എത്തിയിരിക്കുന്നു ഇതിന്റെ പ്രയോജനം. എസ്.എം.എസിന്റെ കച്ചവട സാധ്യതകൾ ഏറെ മുതലെടുക്കുന്നത് ടിവി ചാനലുകളാണ്. അവരുടെ പല ജനപ്രിയപരിപാടികളും നില നിന്നു പോകുന്നത് എസ്.എം.എസിന്റെ പിൻബലത്തിലാണ്. എഫ്.എം.റേഡിയോകളുടെ വരുമാന മാർഗ്ഗവും ഇതു തന്നെ. ഭാഷയിലെ വ്യവസ്ഥാപിതമായ വ്യാകരണ,ലിപി സമ്പ്രദായങ്ങളെ തിരുത്തിക്കുറിച്ചുകൊണ്ടാണ് എസ്.എം. എസുകൾ പ്രചരിക്കുന്നത്. സ്വന്തമായ ഒരു ലിപി, വാക്യവ്യവസ്ഥ തന്നെ ഇവയ്ക്കുണ്ട്. വാക്കുകൾക്ക് പകരം ഒറ്റ അക്ഷരങ്ങളോ, അക്കങ്ങളോ, ചിഹ്നങ്ങളോ ഉപയോഗിക്കുക ഇതിന്റെ രീതിയാണ്.

| | | | |
|---|---|---|---|
| ഉദാ: | You | - | U |
| | Okay | - | K |
| | Goodnight | - | Gdn8 |
| | There fore | - | thr4 |

## പത്രവും പത്രഭാഷയും

ഒരു ജനാധിപത്യരാജ്യത്തിൽ പത്രങ്ങൾക്കുള്ള സ്ഥാനം വളരെ വലുതാണ്. ജനാഭിപ്രായം സമാഹരിക്കാനും, അവകാശങ്ങൾ സംരക്ഷിക്കാനും, ഉള്ളിലിരുപ്പുകൾ പുറത്തുകൊണ്ടുവരുവാനും പത്രങ്ങൾക്ക് പങ്കുണ്ട്. അഴിമതിയും, സ്വജനപക്ഷപാതവും, മറ്റു സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളും വെളിപ്പെടുത്തുവാൻ പത്രങ്ങൾ സദാജാഗരൂകരാണ്. 'ജനാധിപത്യത്തിന്റെ കാവൽഭടന്മാർ' എന്നാണ് പത്രങ്ങൾക്കുള്ള വിശേഷണം. നാവ് നഷ്ടപ്പെട്ടവന്റെ നാവായി അത് സമൂഹത്തെ സേവിക്കുന്നു. സാങ്കേതികവിദ്യകൾ എത്ര തന്നെ വികസിച്ചാലും പത്രവായനയ്ക്കുള്ള സ്ഥാനം ഒട്ടും കുറയുന്നില്ല എന്നാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്.

ആധുനിക സാങ്കേതികവിദ്യകൾ പത്രങ്ങളെ ഒരുപാട് പരിഷ്കരിച്ചിട്ടുണ്ട്. പത്രാധിപർ, റിപ്പോർട്ടർമാർ, പ്രിന്റർമാർ തുടങ്ങി പത്രവില്പനക്കാരൻ വരെയുള്ളവരുടെ കൂട്ടായ്മയുടെ ഉല്പന്നമാണ് പത്രങ്ങൾ. മലയാളിയെ സംബന്ധിച്ചെടുത്തോളം ദിനചര്യയുടെ ഭാഗമാണ് പത്രവായന. ഒരുപാട് പത്രങ്ങൾ മലയാളത്തിലുണ്ടെങ്കിലും ചില പത്രങ്ങൾക്ക് സർക്കുലേഷൻ കൂടും. ഇതിന് പല കാരണങ്ങളാണ്. പത്രഭാഷ, അവതരണരീതി, വാർത്താപ്രാധാന്യം, രാഷ്ട്രീയ ചായ്‌വുകൾ, നിഷ്പക്ഷത എന്നിവയെല്ലാം പത്രങ്ങളിലേക്ക് വായനക്കാരെ ആകർഷിക്കുന്ന ഘടകങ്ങളാണ്. വലിയ തലക്കെട്ടുകൾ, ബോക്സ് കോളങ്ങൾ,

കാർട്ടൂണുകൾ, ഫോട്ടോകൾ, ശ്രദ്ധാപൂർവ്വം തയ്യാർ ചെയ്ത ഫീച്ചറുകൾ എന്നിവ പത്രങ്ങളിലെ ശ്രദ്ധാവിഷയങ്ങളാണ്. മുഖപ്രസംഗങ്ങൾ ഗൗരവസ്വഭാവത്തോടെ എഴുതിയതായിരിക്കണം.

വ്യക്തതയും ലാളിത്യവുമുള്ള ഉപന്യാസ ശൈലി, മനോഹരമായ ആഖ്യാനം, സംഭവാവിഷ്കരണങ്ങളിലെ നാടകീയത, ചടുലമായ ഭാഷ, നല്ല പൊതുവിജ്ഞാനം, ക്ഷമ, നിർഭയത്വം എന്നീ ഗുണങ്ങൾ പത്രാധിപർക്കും ലേഖകർക്കും പൊതുവായി ഉണ്ടാവേണ്ടതാണ്.

ടിവിയുടെ വരവോടെ പത്രങ്ങൾക്കുള്ള സ്ഥാനം നഷ്ടപ്പെട്ടു എന്നു പറയാൻ ആവില്ല. എന്നാൽ വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ വലിയ മത്സരം ഉണ്ടായിട്ടുണ്ട്. മത്സരം വർദ്ധിക്കുമ്പോൾ പിഴവുകളും സാധാരണമാണ്. കൂടുതൽ ശ്രദ്ധ ആവശ്യമായ ഒരു ഘട്ടമാണിത്.

**വാർത്തകൾ** : വാർത്തകൾക്ക് വേണ്ടിയാണ് ആളുകൾ പത്രങ്ങൾ വായിക്കുന്നത്. ചൂടാറാത്ത വാർത്തകൾ വായിച്ച്, സംവാദങ്ങളിലൂടെ പൊതുഅഭിപ്രായം രൂപപ്പെടുകയാണ് ചെയ്യുന്നത്. സംഭവങ്ങൾക്കെല്ലാം ഒരേ സ്വഭാവമല്ല ഉള്ളത്. അതുകൊണ്ട് റിപ്പോർട്ടിംഗും ഒരേ രീതിയിലല്ല. വാഹനപകടത്തിൽ മരിക്കുന്നതും, പ്രായാധിക്യത്താൽ മരിക്കുന്നതും, ആക്രമണത്തിൽ കൊല്ലപ്പെടുന്നതും മരണമാണെങ്കിലും ഒരേ രീതിയിലല്ല റിപ്പോർട്ട് ചെയ്യുന്നത്. സംഭവത്തിന്റെ വിവരണം അഥവാ കുറിപ്പാണ് വാർത്ത. 'ലോകസ്ഥിതിയെ അറിയിക്കുന്നത്' എന്നാണ് ശബ്ദതാരാവലിയിൽ വാർത്തയ്ക്ക് നൽകുന്ന നിർവചനം. ഇംഗ്ലീഷിൽ NEWS-North, East, West, South എന്നിവയുടെ ചുരുക്കമാണെന്നാണ് പറയാറ്. ലോകത്തെവിടെയും സംഭവിക്കുന്ന കാര്യങ്ങളുടെ സംഗ്രഹവിവരണമാണ് വാർത്ത എന്നു പറയാം.

ഒരു സംഭവം വാർത്തയാകുന്നത് പല ഘടകങ്ങൾ ചേർന്നാണ്.

1. സംഭവം നടന്ന സ്ഥലം
2. കാരണക്കാരനായ വ്യക്തി
3. സംഭവിച്ച കാര്യം.

ഇവയുടെ പ്രാധാന്യം കണക്കിലെടുത്താണ് വാർത്താ പ്രാധാന്യം ഉണ്ടാവുന്നത്. സംഭവം വാർത്തയാകുമ്പോൾ ഉയർന്നു വരുന്ന അഞ്ച് ചോദ്യങ്ങൾ ഉണ്ട്. Who? What? Where? When? Why? (Five Ws) ഈ ചോദ്യങ്ങൾക്കുള്ള ഉത്തരത്തോടൊപ്പം ഒ്ം? എന്നതിനുള്ള ഉത്തരം കൂടി ലഭിച്ചാൽ വാർത്ത പൂർത്തിയാവുന്നു.

പത്രം ഓഫീസുകളിൽ സാധാരണയായി ഒട്ടേറെ വാർത്തകൾ എത്താറുണ്ട്. ഇതിൽ പലതും കൃത്യമായ തെളിവില്ലാത്തതിന്റെ പേരിലോ, പ്രാധാന്യമില്ലാത്തതിന്റെ പേരിലോ നിരാകരിക്കപ്പെടുകയാണ് പതിവ്. ഇത്തരം വാർത്തകളെ മാത്രം ആശ്രയിച്ച് പത്രത്തിന് മുന്നോട്ട് പോകാനാവില്ല. എത്തിച്ചേരുന്ന വാർത്തകളെ ആശ്രയിച്ചുള്ള പത്രപ്രവർത്തനം പാസ്സീവ് ജേർണലിസം എന്നാണറിയപ്പെടുന്നത്. പത്രലേഖകന്മാർ അന്വേഷണ ഉദ്യോഗസ്ഥരെപ്പോലെ വാർത്തകൾ തേടിച്ചെല്ലുകയും അവയുടെ പിന്നാമ്പുറങ്ങളിൽ ഇരുട്ട് മൂടിക്കിടക്കുന്ന യാഥാർത്ഥ്യങ്ങളെ വെളിച്ചത്ത് കൊണ്ടുവരികയും ചെയ്യാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ജീവന് പോലും ഭീഷണികൾ ഉണ്ടാവാറുണ്ട്. ഇങ്ങനെ മരണത്തെപ്പോലും ഭയപ്പെടാതെ വാർത്താശേഖരണത്തിനായി മുന്നോട്ട് പോകുന്നതിനെയാണ് അന്വേഷണാത്മക പത്രപ്രവർത്തനം 'Investigative Journalism' എന്നു പറയുന്നത്. ഉറവിടം വെളിപ്പെടുത്താത്ത വാർത്തകളും ഉണ്ട്. അത് പത്രങ്ങൾ രഹസ്യമായി സൂക്ഷിക്കും.

## വാർത്തയുടെ ഉറവിടങ്ങൾ :

ഒരു നല്ല റിപ്പോർട്ടറെ സംബന്ധിച്ചെടുത്തോളം എല്ലാ കാഴ്ചകളും, വ്യക്തികളും, സ്ഥാപനങ്ങളും, വസ്തുക്കളും വാർത്താവിതരണ കേന്ദ്രങ്ങളാണ്. ഔദ്യോഗികമായി വാർത്തകൾ വിതരണം ചെയ്യുന്ന ഏജൻസികകളുമുണ്ട്. ഗവ:പ്രസ് റിലീസുകൾ, PTI, UNI, AFP, B.B.C, റോയ്ട്ടർ, റേഡിയോ, വെബ്സൈറ്റുകൾ എന്നിവയിൽ നിന്ന് വാർത്തകൾ ശേഖരിക്കാം. പത്രസമ്മേളനങ്ങൾ, അഭിമുഖങ്ങൾ, സെമിനാറുകൾ, പ്രസംഗങ്ങൾ, സമരങ്ങൾ, കോടതി, പോലീസ് സ്റ്റേഷൻ, ആശുപത്രികൾ, ഭരണസിരാകേന്ദ്രങ്ങൾ, ദൃക്സാക്ഷികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നാട്ടുവർത്തമാനങ്ങൾ എന്നിവയെല്ലാം വാർത്താസ്രോതസ്സുകളാണ്.

## വാർത്താവിഭജനം:

സ്വഭാവമനുസരിച്ച് വാർത്തകളെ പലതായി വിഭജിക്കാം.

**1. സാന്ദ്രവാർത്തകൾ:** പത്രത്തിലെ പ്രധാന വാർത്തകളാണിവ. കാര്യമാത്രപ്രസക്തവും ഗൗരവവും നിറഞ്ഞ വാർത്തകളാണിവ.

ഉദാ : കേന്ദ്രമന്ത്രിസഭ അധികാരത്തിൽ
: ലോക്പാൽ ബില്ലിന് അവതരണാനുമതി
: മുല്ലപ്പെരിയാർ - സുപ്രീം കോടതി വിധി
: കേന്ദ്രബജറ്റിൽ ആയിരം കോടി വിഹിതം കേരളത്തിന്

പലപ്പോഴും സാധാരണക്കാർ ഇതിന്റെ തലക്കെട്ട് മാത്രമേ വായിക്കാറുള്ളൂ.

**2. സഹതാപ വാർത്തകൾ:** വായനക്കാരിൽ സഹതാപമുണ്ടാക്കുന്ന തരം വാർത്തകളാണിവ. അപകടമരണങ്ങൾ, സങ്കടകരമായ അനുഭവങ്ങൾ, ആത്മഹത്യകൾ എന്നീ വാർത്തകൾ.

**3. സംഭ്രമവാർത്തകൾ:** ഈ ലോകത്തിനി ജീവിക്കാൻ കഴിയില്ല എന്നു തോന്നിപ്പിക്കുന്ന തരം വാർത്തകൾ, പ്രകൃതിദുരന്തങ്ങൾ, അവിശ്വസനീയമായ പീഢനങ്ങൾ, പകർച്ചവ്യാധികൾ-ഇവയെ കുറിച്ചുള്ള വാർത്തകൾ.

**4. സരസവാർത്തകൾ:** വായനക്കാർക്ക് കൗതുകവും ആഹ്ലാദവും ഉണ്ടാകുന്നതരം വിചിത്രവാർത്തകളാണ് ഇവയിൽ വരുന്നത്. പലപ്പോഴും ഫോട്ടോകളും ഉണ്ടായിരിക്കും. - 'വൈദ്യുതി ലൈനിൽ കുടുങ്ങിയ കൊറ്റിയെ ലൈൻ ഓഫാക്കി രക്ഷിച്ചു', 'എലിയും പൂച്ചയും ചങ്ങാതിമാർ'.

**5. ആശ്വാസവാർത്തകൾ:** വായനക്കാർക്ക് ആശ്വാസം പകരും വിധമുള്ള വാർത്തകളാണിവ.

'ഇന്ധന വില കുറഞ്ഞു', 'നിയമനനിരോധനം പിൻവലിച്ചു', 'ഗവൺമെന്റ് സബ്സിഡികൾ പുന:സ്ഥാപിച്ചു'.

**6. സന്തോഷവാർത്ത:** മനസ്സിന് സന്തോഷവും സമാധാനവും നൽകുന്ന തരം വാർത്തകളാണിവ. 'മത്സരവിജയവാർത്തകൾ', 'അവാർഡ് പ്രഖ്യാപനങ്ങൾ', 'നല്ല വിധി പ്രസ്താവനകൾ' എന്നിവ ഇത്തരം വാർത്തകളിൽ വരും.

**7. സന്താപവാർത്തകൾ:** മനസ്സിനെ സങ്കടത്തിലാഴ്ത്തുന്ന വാർത്തകളാണിവ. മരണവാർത്തകൾ, പരാജയവാർത്തകൾ, അനുകൂലമല്ലാത്ത വിധി പ്രസ്താവനകൾ എന്നിവ ഇതിൽ വരും.

8. ചരമവാർത്തകൾ: പത്രങ്ങളിൽ പ്രത്യേക പേജുകൾ തന്നെ ഇതിനായി നീക്കി വെക്കാറുണ്ട്. സംസ്ഥാനം ഒട്ടാകെ അറിയേണ്ടതാണെങ്കിൽ ആദ്യപേജിൽ തന്നെ വരും. ലോക്കൽ അറിയിപ്പു മാത്രമാണെങ്കിൽ ചരമകോളത്തിലേ വരികയുള്ളൂ.

## ഒരു പത്രലേഖകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ:

വാർത്തകളുടെ ഉറവിടങ്ങൾ തേടി എത്ര വേണമെങ്കിലും സഞ്ചരിക്കാനുള്ള സന്നദ്ധത; സംഭവവികാസങ്ങളും, പ്രത്യാഘാതങ്ങളും മുൻകൂട്ടി കണ്ട് ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവ്, സമകാലിക രാഷ്ട്രീയ സാമൂഹ്യ സംഭവവികാസങ്ങളെക്കുറിച്ചുള്ള നല്ല ധാരണ, പരന്ന വായനയും പൊതു വിജ്ഞാനവും, ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടാതിരിക്കാനുള്ള വിവേകം, മറ്റുള്ളവരുടെ വിശ്വാസം ആർജ്ജിക്കാനുള്ള കഴിവ്, ഒന്നും കണ്ണടച്ച് വിശ്വസിക്കാതെ സ്വന്തമായ അന്വേഷണത്തിലൂടെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാനുള്ള ആർജ്ജവം ഇതൊക്കെ ഒരുനല്ല പത്രലേഖകനുണ്ടായിരിക്കേണ്ട ഗുണങ്ങളാണ്.

**വാർത്താ മൂല്യം:** ഓരോ കാലഘട്ടവും, ചരിത്രസാന്ദർഭികതകളുമാണ് വാർത്തയുടെ പ്രാധാന്യത്തെ നിശ്ചയിക്കുന്നത്. എല്ലാ സംഭവങ്ങളും വാർത്തയാകണമെന്നില്ല. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. കുട്ടിയെ പട്ടി കടിച്ചു എന്നത് വാർത്താമൂല്യമുള്ള വാർത്തയല്ല. എന്നാൽ പട്ടിയെ കുട്ടി കടിച്ചു എന്നതിന് പ്രാധാന്യമുണ്ട്. മൂല്യമുള്ള വാർത്തകളെ കണ്ടെത്താൻ ലേഖകർക്ക് കഴിയണം. ഇതാണ് വാർത്തകൾ പത്രത്തിൽ സജ്ജീകരിക്കാൻ എളുപ്പമാക്കിത്തീർക്കുന്നത്.

**വാർത്താഘടന**: പത്രവായന ഒരു ശീലമാക്കിയുള്ള മലയാളിക്ക് വായനയിൽ ചില സമ്പ്രദായങ്ങൾ ഉണ്ട്. പത്രം കിട്ടിയാൽ ആദ്യം തുറന്നു നോക്കുന്നത് ഏതു പേജാണ് എന്നു വരെ പ്രത്യേകതയാണ്. ചിലർക്ക് ബോക്സ് കോളം ഐറ്റംസിലാണ് താല്പര്യം. ചിലർ മുഴുവൻ വായിച്ചു തീർന്നേ പത്രം നിലത്ത് വയ്ക്കൂ.

ഒരു വാർത്ത വായിക്കുമ്പോൾ ആദ്യം അതിന്റെ തലക്കെട്ട് നോക്കും. അതിന് ശേഷം റിപ്പോർട്ട് ചെയ്തത് ആരാണെന്ന് നോക്കും. ചിലപ്പോൾ അവിടെ സ്വ.ലേ. എന്നോ സ്വന്തം പ്രതിനിധി എന്നോ കാണും. ഇതിനെ 'ക്രെഡിറ്റ് ലൈൻ' എന്നാണ്പയുന്നത്. ക്രെഡിറ്റ് ലൈനിൽ റിപ്പോർട്ടറുടെ പേരുണ്ടെങ്കിൽ ബൈലൈൻ എന്നാണ് പറയുക. അടുത്തതായി റിപ്പോർട്ട് ചെയ്ത സ്ഥലമായിരിക്കും. ഇതിന് 'പ്ലേസ് ലൈൻ' എന്നാണ് പറയുക. പിന്നീട് വാർത്തയുടെ ആദ്യഖണ്ഡികയാണ്. ഇവിടെ വായിക്കാനുള്ള താല്പര്യം സൃഷ്ടിക്കുന്ന രീതിയിലാവണം അവതരണം. ഇതിന് 'ലീഡ്' അല്ലെങ്കിൽ 'ഇൻട്രൊ' എന്നു പറയും. അതിനു പിന്നാലെ വാർത്താ ശരീരം ആണ്, അവസാനം ഉപസംഹാരം അഥവാ വാൽക്കഷ്ണം എന്നു പറയും. തലക്കെട്ടു മുതൽ തുടങ്ങി പ്രാധാന്യം കുറഞ്ഞ്, തിരിച്ചു വെച്ച ഒരു പിരമിഡ് പോലെയാണ് വാർത്താഘടന എന്നു പറയാറുണ്ട്.

**തലക്കെട്ട്**: പത്രസ്ഥാപനങ്ങളിൽ വാർത്തകൾക്ക് തലക്കെട്ട് നൽകുവാൻ പ്രത്യേകം തസ്തികകൾ തന്നെയുണ്ട്. തലക്കെട്ടിലൂടെയാണ് അലസമായി വായിക്കുന്നവരെ വായനയിലേക്ക് ക്ഷണിച്ചുകൊണ്ടു പോവേണ്ടത്. ഒരു തലക്കെട്ടിന് താഴെ പറയുന്ന ഗുണങ്ങൾ ഉണ്ടായിരിക്കണം.

മ) വാർത്തയിലേക്ക് ആകർഷിക്കാൻ കഴിയണം
യ) വാർത്തയുടെ സാരാംശം ഉൾക്കൊള്ളുന്നതായിരിക്കണം
ര) വാർത്തയുടെ സ്വഭാവം ഉണ്ടായിരിക്കണം
റ) നിലവാരമുള്ളതായിരിക്കണം
ല) നിശ്ചിത സ്ഥലത്ത് ഒതുക്കാവുന്നതാവണം
ള) ഏതെങ്കിലും പക്ഷപാതിത്വങ്ങൾ ഇല്ലാത്തതാവണം

## വിശദപഠനം: ലേഖനങ്ങൾ

### 1. സാഹിത്യവും മാധ്യമങ്ങളും: ഡോ:ഷാജി ജേക്കബ്

മാറി മാറി വരുന്ന മാധ്യമങ്ങളുടെ സ്വാധീനം കലാസാഹിത്യങ്ങളിൽ എത്രത്തോളം പ്രതിഫലിക്കുന്നു എന്ന് മലയാള സാഹിത്യത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള അന്വേഷണമാണ് ഡോ:ഷാജി ജേക്കബ് നടത്തിയിട്ടുള്ളത്. സാങ്കേതിക വിദ്യയുടെ വികാസ ചരിത്രവുമായി ബന്ധപ്പെട്ടാണ് മാധ്യമങ്ങളുടെ വികാസപുരോഗതികൾ നിലനിൽക്കുന്നത്. മനുഷ്യജീവിത ചരിത്രത്തിന്റെ അർത്ഥവത്തായ പ്രതികരണം എന്ന നിലയിൽ കലാസാഹിത്യങ്ങൾ പ്രാധാന്യം പിടിച്ചു പറ്റുന്നു. ഓരോ കാലഘട്ടത്തിലെയും സാങ്കേതിക വിദ്യകളും മാധ്യമസംസ്കാരവും പ്രതീക്ഷകളായോ, ഉത്കണ്ഠകളായോ മനുഷ്യജീവിതത്തിനെ പിൻതുടർന്നിരുന്നു എന്നതിനുള്ള അനുഭവസാക്ഷ്യങ്ങളാണ് കലാസാഹിത്യങ്ങളിൽ പ്രതിഫലിക്കുന്ന മാധ്യമചിന്തകൾ എന്ന് ചില ഉദാഹരണങ്ങളിലൂടെ വെളിപ്പെടുത്തുകയാണ് ലേഖകൻ.

ലിപിയും സാഹിത്യവും നിലനിൽക്കുന്ന ഭാഷാസമൂഹങ്ങളിൽ ആദ്യം രൂപംകൊണ്ട മാധ്യമങ്ങൾ പത്രമാധ്യമങ്ങളായിരുന്നു. വ്യവസായ വിപ്ലവവും അച്ചടിയുടെ പ്രചാരവും പത്രമാധ്യമങ്ങളുടെ വളർച്ചയ്ക്കും സാഹിത്യത്തിന്റെ വളച്ചയ്ക്കും ഒരേ പോലെ പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ പത്രപ്രവർത്തനവും സാഹിത്യവും തമ്മിൽ ബന്ധപ്പെടുമ്പോൾ തന്നെ, അടിസ്ഥാനപരമായി മനുഷ്യസമൂഹത്തിന്റെ രണ്ടു തലങ്ങളിലെ അനുഭവാവിഷ്കാരങ്ങളാണ് അവ കൈകാര്യം ചെയ്തിരുന്നത്. ഒന്ന് യഥാർത്ഥ്യത്തിന്റെതായിരുന്നെങ്കിൽ മറ്റേത് ഭാവനയുടെയും സ്വപ്നത്തിന്റെയുമായിരുന്നു. ആധുനിക ലോകത്തിന്റെ രാഷ്ട്രീയപരിസരം നിർണയിച്ചത് പ്രധാനമായും ബഹുജനമാധ്യമങ്ങളായിരുന്നു. ആധുനിക നോവലിൽ രാഷ്ട്രീയ വിവക്ഷകൾ ഇപ്രകാരം മാധ്യമബന്ധത്തിൽ നിന്ന് രൂപീകരിക്കപ്പെട്ടതാണെന്ന് ബഷീർ, ആനന്ദ് എന്നീ എഴുത്തുകാരുടെ കൃതികളിലൂടെ ലേഖകൻ വ്യക്തമാക്കുന്നു.

മാധ്യമങ്ങൾ ആധുനിക ആധുനികാന്തരകാലഘട്ടത്തിൽ സാഹിത്യത്തിൽ 3 വിധത്തിലാണ് സ്വാധീനം ഉറപ്പിക്കുന്നത്.

1. സാഹിത്യത്തിലെ മാധ്യമസൂചകങ്ങൾ, പ്രതീകങ്ങൾ, ബിംബങ്ങൾ
2. മാധ്യമീകൃത സാഹിത്യഭാഷയും ഘടനയും
3. സിനിമാ സ്വാധീനം സാഹിത്യരചനയിൽ

ബഷീർ സാഹിത്യത്തിൽ എഴുത്തുകാരൻ രാഷ്ട്രീയ, ചരിത്രസ്വത്വങ്ങളുമായി പ്രത്യക്ഷപ്പെടുന്നത് സാധാരണമാണ്. പ്രേമലേഖനം മുതലുള്ള നോവലുകളിലും, നീലവെളിച്ചം ഉൾപ്പെടെയുള്ള കഥകളിലും കഥാബീജം എന്ന നാടകത്തിലും ചരിത്രകാരന്റെ സ്വത്വത്തിൽ പ്രത്യക്ഷമാകുന്ന എഴുത്തുകാരനെ കണ്ടെത്താം. 'വിനീതനായ ചരിത്രകാരൻ' എന്നാണ് ബഷീറിന്റെ പ്രഖ്യാപനം. ആനന്ദിൽ ചരിത്രകാരനെ എഴുത്തുകാരനും എഴുത്തുകാരനെ ചരിത്രകാരനായും കാണുന്ന ആധുനികാനന്തരസമീപനമാണ് കാണുന്നത്. എഴുത്ത്, എഴുത്ത്കാരൻ പുസ്തകം, വായനശാല എന്നിവ പ്രശ്നവൽക്കരിക്കപ്പെട്ട ധാരാളം കൃതികൾ ആധുനീകാനന്തരകാലത്തിന്റെ സവിശേഷതയാണ്. പത്രപ്രവർത്തനം നേരിട്ടോ, അല്ലാതെയോ, മലയാള നോവലുകൾക്ക് വിഷയമാകുന്നതും ശ്രദ്ധേയമാണ്. പത്രലേഖകരോ, പത്രസ്ഥാപനങ്ങളോ, സാഹിത്യകൃതികളുടെ കേന്ദ്രസ്ഥാനത്തെത്തുന്നത് ഒ.വി.വിജയൻ, എം.മുകുന്ദൻ, എം.പി.നാരായണപിള്ള, എൻ.എസ്. മാധവൻ മുതലായവരുടെ കൃതികളിൽ ധാരാളമായുണ്ട്. തനി കേരളീയ പശ്ചാത്തലത്തിൽ എഴുതിയ ദേവിന്റെ ഭ്രാന്താലയം, ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും തുടങ്ങിയ നോവലുകളിലും പത്രമാധ്യമങ്ങളുടെ ഇടപെടലിലൂടെ നടക്കുന്ന സാമൂഹ്യരൂപീകരണം തെളിഞ്ഞു കാണാവുന്നതാണ്. പത്രമാധ്യമങ്ങളെപ്പോലെ റേഡിയോയുടെ ഇടപെടലും സാഹിത്യത്തിൽ സജീവമായുണ്ടായിരുന്നു.

ആധുനികാനന്തരപരിസരം ആധുനികതയിൽ നിന്നുള്ള പരിച്ഛേദം തന്നെയായിരുന്നു. അതുവരെ കാത്തു സൂക്ഷിച്ച മൂല്യബോധങ്ങളും ചിന്താപദ്ധതികളും അട്ടിമറിക്കപ്പെടുകയും വ്യക്തിവാദത്തിന്റെ ലോകം അഭിവൃദ്ധിപ്രാപിക്കുകയും ചെയ്തു. കൂട്ടായ്മയുടെയും മാനവികതയുടെയും അർത്ഥം നഷ്ടമാവുകയും അതിനടിസ്ഥാനമായ ചിന്താപദ്ധതികൾ തിരസ്കരിക്കപ്പെടുകയും ചെയ്തു.

ആധുനികാനന്തര സാഹിത്യത്തിൽ പത്രം, റേഡിയോ എന്നിവയെക്കാൾ സ്വാധീനം സ്ഥാപിച്ചത് പുതിയ ടെക്നോളജിയുടെ ഭാഗമായി വന്ന ടിവി, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയാണ്. ടിവി ചാനലുക ളെയും അതു രൂപീകരിക്കുന്ന വ്യവസ്ഥയില്ലായ്മകളെയും ആദ്യം മുതലേ ശത്രുതാപരമായാണ് സാഹിത്യ ലോകം നോക്കിക്കണ്ടത്. സാമൂഹ്യജീവിതത്തിലെ എല്ലാ ജീർണ്ണതകൾക്കും ഉത്തരവാദിയായി അവർ ടെലിവിഷനെ അവതരിപ്പിച്ചു. ഓം ചേരിയുടെ 'പ്രളയം' എന്ന നാടകത്തിലാണ് ടെലിവിഷൻ ഒരു സൂചക മായി ആദ്യം കടന്നു വരുന്നത്. വർത്തമാന മനുഷ്യാവസ്ഥയുടെ ശീലങ്ങൾക്കും സമ്പ്രദായങ്ങൾക്കും കാരണക്കാരനായ ഒരു കഥാപാത്രത്തിന്റെ റോളിൽ തന്നെയാണ് ടിവി ഇവിടെ പ്രത്യക്ഷമാവുന്നത്. പിന്നീട് മലയാളത്തിലെ എണ്ണപ്പെട്ട എഴുത്തുകാരെല്ലാം സാംസ്കാരിക ജീവിതത്തെ മലിനമാക്കുന്ന വിഡ്ഢിപ്പെട്ടി യായി ടിവിയെ അവതരിപ്പിക്കുന്നതായി കാണുന്നുണ്ട്. അപ്രതീക്ഷിതമായി മാറിപ്പോയ ജീവിതവും അതിനൊപ്പം സഞ്ചരിച്ച സാങ്കേതിക വിദ്യയും വലിയ പ്രതീക്ഷാനഷ്ടങ്ങളായാണ് ഈ എഴുത്തുകൾ പരിഗണിക്കുന്നത്.

1990കൾക്ക് ശേഷം മലയാള സാഹിത്യത്തിൽ ഇന്റർനെറ്റിന്റെ കാലമാണ്. സൈബർ സാഹിത്യം എന്നു വിളിക്കാവുന്ന തരത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ പരിസരവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള സാഹിത്യരചനകൾ പുറത്തിറങ്ങുന്നത് ഈ ഘട്ടത്തിലാണ്. വില്യം ഗിപ്സൺന്റെ ചലൗ്യീാമിരലൃ എന്ന നോവലാണ് ആദ്യത്തെ സൈബർ നോവൽ എന്ന് അറിയപ്പെടുന്നത്. സയൻസ് ഫിക്ഷൻ ആധുനിക കാലത്തെ ഫാന്റസിയായിരുന്നെങ്കിൽ സൈബർ ഫിക്ഷൻ ഉത്തരാധുനികതയുടെ യാഥാർത്ഥ്യമാണെന്നാണ് നിരീക്ഷി ക്കപ്പെടുന്നത്. ടിവി കൊച്ചുബാവയുടെ 'കൊക്കരണി' ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' എന്നീ കഥകൾ ഇന്റർനെറ്റും കമ്പ്യൂട്ടറും സൃഷ്ടിക്കുന്ന അലോസരങ്ങളെക്കുറിച്ച് ഉത്കണ്ഠ പ്രകടിപ്പിക്കുന്നവയാണ്.

സാങ്കേതിക വിദ്യകൾ ശാന്തമായൊഴുകുന്ന തങ്ങളുടെ ചുറ്റുപാടുകളെ മലിനമാക്കിക്കളയുമോ എന്ന ഭയത്തിന്റെ തുടർച്ച തന്നെയാണ് ഇന്റർനെറ്റ് ഭയവുമെന്ന് ലേഖകൻ വ്യക്തമാക്കുന്നു. ഈ ഭയങ്ങളെയെല്ലാം അസ്ഥാനത്താക്കിക്കൊണ്ടാണ് ഇന്റർനെറ്റ് സാധ്യതകൾ വികസിക്കുന്നത്. എഴുത്തിന്റെയും വായനയു ടെയും ലോകത്ത് പരിപൂർണ്ണസ്വാതന്ത്ര്യവും ജനാധിപത്യവും നൽകുന്ന ഒരു മേഖലയായി ബ്ലോഗുകളും, ഇ-വായനയും യാഥാർത്ഥ്യമായതോടെ സാഹിത്യലോകം ഭയന്നപോലെ അകറ്റി നിർത്തേണ്ട ഒന്നല്ല ഈ സാങ്കേതിക വിദ്യ എന്ന് ഇന്ന് വ്യക്തമായിട്ടുണ്ട്.

സിനിമാ സ്വാധീനം സാഹിത്യത്തിൽ കടന്നുവരുന്നതാണ് 3ാമത്തെ ഘട്ടം. സിനിമയും സാഹിത്യവുമായുള്ള ബന്ധത്തെപ്പറ്റി ധാരാളം പഠനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. ഹെമിംഗ്വേ മുതൽ മാർകേസ് വരെയുള്ള നോവലിസ്റ്റുകൾ തങ്ങളുടെ രചനകളിൽ സിനിമയിലെ വേഗതകളും അത്ഭുതസാധ്യതകളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മലയാളസാഹിത്യത്തിലും വലിയ തോതിൽ സിനിമയുടെ ആവിഷ്കരണരീതി കടന്നുവന്നിട്ടുണ്ട്. ദൃശ്യങ്ങൾക്കും ദൃശ്യബിംബങ്ങൾക്കും കൈവന്ന പ്രാധാന്യം, ക്യാമറക്കണ്ണിലൂടെയുള്ള ലോകവീക്ഷണം എന്നിവയായി സാഹിത്യത്തിൽ ഇത് പ്രത്യക്ഷപ്പെടുന്നു.

## വിശദപഠനം: ലേഖനങ്ങൾ

### 2. പരസ്യവും ഉപഭോഗത്വരയും: സി.ഗൗരീദാസൻ നായർ

ആധുനിക ലോകത്തിന്റെ കച്ചവട സംസ്കാരത്തിന് അത്യന്താപേക്ഷിതമായ പരസ്യങ്ങൾ സൃഷ്ടിക്കുന്ന സംവേദനപരിസരത്തെക്കുറിച്ചാണ് സി.ഗൗരീദാസൻ നായരുടെ ലേഖനം. കമ്പനികൾ അവരുടെ മുടക്കുമുതലിന്റെ വലിയൊരു ശതമാനം നീക്കിവെയ്ക്കുന്നത് പരസ്യങ്ങൾക്കാണ്. ഉല്പന്നം വിപണിയിലെത്തും മുമ്പ് പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെ സർവ്വവ്യാപിയായിത്തീർന്ന പരസ്യങ്ങൾ കമ്പോളസംസ്കാരത്തിൽ അനുഷ്ഠിക്കുന്നതെന്തെന്ന് വ്യക്തമാക്കുകയാണ് ലേഖകൻ.

സ്വന്തമായൊരു ഭാഷയും സിദ്ധാന്തവ്യവസ്ഥയും ഉള്ള മേഖലയായി പരസ്യങ്ങൾ മാറിയിരിക്കുന്നു. കോപ്പി റൈറ്റിംഗ് എന്ന ഒരു പഠനശാഖ തന്നെ പരസ്യവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. മനുഷ്യമനസ്സിലെ ഉപഭോഗ വാസനകളെ നിലനിറുത്തുന്നതിലും, ത്വരിതപ്പെടുത്തുന്നതിലും പരസ്യം വഹിക്കുന്ന പങ്കിനെപ്പറ്റി ധാരാളം പഠനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്.

ഇന്ന് ആവശ്യങ്ങൾ സ്വാഭാവികമായുണ്ടാകുന്നതല്ല, പരസ്യങ്ങൾ വഴി ഉണ്ടാക്കപ്പെടുന്നതാണ്. വേണ്ട സാധനങ്ങൾ മാത്രമല്ല അനാവശ്യമായും ആളുകൾ സാധനങ്ങൾ വാങ്ങിക്കൂട്ടുന്ന ഒരു പ്രതിഭാസം പരസ്യസൃഷ്ടിയാണ്. ഷോപ്പിംഗ് ഒരു രോഗം പോലെ വ്യാപിപ്പിക്കുന്നതിൽ പരസ്യങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല.

ആളുകളുടെ മാനസികാവസ്ഥ കണ്ടറിഞ്ഞ് വിവിധ തന്ത്രങ്ങളിലൂടെ അത് തങ്ങൾക്കനുകൂലമാക്കി പരിവർത്തനപ്പെടുത്തുകയാണ് പരസ്യങ്ങളുടെ ധർമ്മം. പലപ്പോഴും ഒന്നു പറയുകയും മറ്റൊന്നു സൂചിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് പരസ്യങ്ങളുടേത്. ഒരിക്കലും ഉപഭോക്താവ് ഇതിൽ പരാതിപ്പെടുന്നില്ല എന്നതാണ് അത്ഭുതം. പരസ്യത്തിൽ പറയുന്നതുപോലെ ഉല്പന്നങ്ങൾ ഗുണനിലവാരം പ്രകടിപ്പിച്ചില്ലെങ്കിലും വാങ്ങൽക്കാരന് അതിൽ പരാതിയൊന്നുമില്ല. ഇത് നന്നായി ചൂഷണം ചെയ്താണ് പരസ്യങ്ങൾ നിലനിൽക്കുന്നത്. പരസ്യത്തിന്റെ കെണിയിൽ നിസ്സഹായരായിപ്പോകുന്ന ജനസമൂഹമാണ് കമ്പോളസംസ്കാരത്തിന്റെ ഇരകളായി നമുക്ക് മുമ്പിൽ ജീവിക്കുന്നത്.

മാറിക്കൊണ്ടിരിക്കുന്ന അഭിരുചികളെക്കുറിച്ചും, ജനങ്ങളുടെ ബോധനനിലവാരത്തെക്കുറിച്ചുമെല്ലാം വിശദമായ പഠനങ്ങളാണ് കമ്പനികൾ നടത്തുന്നത്. ഇത്തരം പഠനങ്ങൾക്ക് ശേഷമാണ് ഏത് കാലത്ത് ഏതുല്പന്നം, അതിന് ഏത് തരം പരസ്യം എന്നവർ തീരുമാനിക്കുന്നത്.

ആഗോളവൽക്കരണവും കച്ചവടസംസ്കാരവും എല്ലാറ്റിനെയും കച്ചവടച്ചരക്കാക്കി മാറ്റിക്കഴിഞ്ഞു. പഴയ സേവനങ്ങൾ പോലും ഇന്ന് ഉല്പന്നങ്ങളായി മാറിയിരിക്കുന്നു. കുടിവെള്ളം അവകാശമായിരുന്നെങ്കിൽ ഇന്ന് വില കൊടുത്തുവാങ്ങേണ്ടി വരുന്ന ഉല്പന്നമാണ്. സംസ്കാരം പോലും വ്യവസായമായി മാറിക്കഴിഞ്ഞ പുതിയ കാലത്ത് ഉല്പന്നങ്ങളെ വിപണിയിൽ സംശയലേശമന്യേ തെരഞ്ഞെടുക്കാൻ പരസ്യങ്ങൾ മത്സരിക്കുകയാണ്. എല്ലാ പരസ്യങ്ങളും പറയുന്നത് ഒരു കാര്യം തന്നെയാണ്. തങ്ങൾ പരിചയപ്പെടുത്തുന്ന ഉല്പന്നത്തിന്റെ അനന്യതയും, ആധികാരികതയും. ഉള്ളടക്കം ഒന്നാണെങ്കിലും നിറത്തിലും മണത്തിലും രൂപത്തിലും ബ്രാൻഡിലും വ്യത്യസ്ഥങ്ങളായി പ്രത്യക്ഷപ്പെടുന്ന ഉല്പന്നങ്ങൾക്ക് ഉപഭോക്താവിന്റെ മനസ്സിൽ മായാത്ത ഒരിടം അടയാളപ്പെടുത്തുകയാണ് പരസ്യങ്ങൾ.

മുമ്പ് അവശ്യവസ്തുക്കൾക്ക് പരസ്യം വേണ്ടെന്നായിരുന്നു കരുതിയിരുന്നത്. ഇന്ന് ഉപ്പിനും മുളകിനും വരെ പരസ്യമാണ്. അനാവശ്യങ്ങളെപ്പോലും ആവശ്യങ്ങളാക്കാൻ പരസ്യങ്ങൾക്ക് സാധിക്കുന്നു. വസ്ത്രം വ്യക്തിത്വത്തിന്റെ ലക്ഷണമായി, ടൂത്ത് പേസ്റ്റ് പ്രണയത്തിന്റെ മാധ്യമമായി പരസ്യം മാറ്റുന്നു.

ഒരു സ്പ്രേ തളിച്ചാൽ പൗരുഷം ലഭിക്കുമെന്നും ഒരു സോപ്പ് ഉപയോഗിച്ചാൽ സ്ത്രീകൾ പിന്നാലെ വരുമെന്നും അത് പുരുഷനോട് പറയുന്നു.

ശരീരത്തിന്റെ ആഘോഷമാണ് പരസ്യങ്ങളുടെ മറ്റൊരു സവിശേഷത. അതും സ്ത്രീ ശരീരത്തിൽ മറച്ചും മറയ്ക്കാതെയുമുള്ള അവതരണം. മൊട്ടു സൂചി മുതൽ മോട്ടോർ സൈക്കിൾ വരെ വില്ക്കാനുള്ള പരസ്യചിത്രമാണ് സ്ത്രീശരീരം. പോസിറ്റീവ് സെൻസിൽ മാത്രമല്ല നെഗറ്റീവ് സെൻസിലും പരസ്യങ്ങൾ ഇന്ന് പ്രത്യക്ഷപ്പെടുന്നുണ്ട്. കാഴ്ചക്കാരന് ആത്മനിന്ദ തോന്നിപ്പിക്കും വിധം പരസ്യങ്ങൾ പെരുമാറുന്നു. അധമബോധത്തിൽ നിന്ന് രക്ഷ നേടാനുള്ള ഉപാധി അവർ നിർദ്ദേശിക്കുന്ന ഉല്പന്നം സ്വന്തമാക്കുകയാണ്. പരിഹാസവും, ആക്ഷേപഹാസ്യവുമെല്ലാം ഇത്തരം പരസ്യങ്ങളുടെ മുഖമുദ്രകളാണ്.

കമ്പ്യൂട്ടർ യുഗത്തിൽ പരസ്യങ്ങൾ ഇന്റർനെറ്റിലും കയറിയിരിക്കുന്നു. ഒരാൾക്കൂട്ടത്തെയാണ് മാധ്യമങ്ങളിൽ ഇതുവരെ പരസ്യങ്ങൾ അഭിമുഖീകരിച്ചിരുന്നതെങ്കിൽ ഇന്റർനെറ്റിൽ ഒരു വ്യക്തിയെയാണ് അഭിമുഖീകരിക്കുന്നത്. പരസ്യലോകത്ത് വമ്പിച്ച അട്ടിമറികൾക്കിടയാക്കുന്നതായിരിക്കും ഈ സമീപനം എന്ന കാര്യത്തിൽ സംശയമില്ല.

# മൊഡ്യൂൾ 4.

# മലയാളവും വിവരസാങ്കേതികതയും

## മലയാള ഭാഷയുടെ ഉപയോഗം കമ്പ്യൂട്ടറിൽ

ഇന്റർനെറ്റ് പ്രചരിച്ച് 25 വർഷത്തോളമായി. മലയാളം കമ്പ്യൂട്ടറിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടും അത്ര തന്നെ വർഷങ്ങളായി. മലയാള ഭാഷ ഉപയോഗിക്കുന്നത് പ്രധാനമായി അച്ചടിയുടെ മേഖലയിലാണ്. മറ്റു ഭാഷാ സമൂഹങ്ങൾ കമ്പ്യൂട്ടറിൽ ഒരുപാട് മുന്നേറിയപ്പോഴും, ഡി.ടി.പി ചെയ്യാനുള്ള ഒരുപകരണം എന്ന നിലയ്ക്കാണ് കമ്പ്യൂട്ടറിനെ മലയാളികൾ കണ്ടത്. എന്നാൽ ഈ മേഖലയിലും ആദ്യകാലത്തൊന്നും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. ലിപി പരിഷ്കരണം നടക്കാത്തതും, ലിപിയുടെ കാര്യത്തിൽ മാനകീകരണം നടക്കാത്തതും വലിയ പ്രശ്നങ്ങളാണുണ്ടാക്കിയത്. 20ലേറെ വ്യത്യസ്തമായ എൻകോഡിംഗ് വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും അവ്യവസ്ഥ തന്നെയായിരുന്നു മലയാളത്തിൽ ഉണ്ടായിരുന്നത്. കമ്പ്യൂട്ടറിലെ വിവരശേഖരണം അക്കങ്ങൾ വഴിയാണ്. ഓരോ അക്ഷരത്തിനും പ്രതിനിധിയായി ഓരോ അക്കങ്ങൾ ആണ് കമ്പ്യൂട്ടറിൽ ഉണ്ടാവുക. വ്യത്യസ്തങ്ങളായ എൻകോഡിംഗ് വ്യവസ്ഥകൾ ഒരേ അക്ഷരത്തിന് തന്നെ വ്യത്യസ്ത അക്കങ്ങൾ നൽകിയതിനാൽ 20ലേറെ എൻകോഡിംഗ് വ്യവസ്ഥകൾ ഉണ്ടായിട്ടും, ഒരു വ്യവസ്ഥയിലെഴുതിയത് മറ്റൊരു വ്യവസ്ഥയിൽ വായിക്കാൻ കഴിയാതെ പോയി. ലോകത്തിലെ എല്ലാ ഭാഷകളിലെയും അക്ഷരങ്ങൾക്ക് സ്ഥിരമായ നമ്പർ നൽകി വ്യവസ്ഥപ്പെടുത്തിയ സൈറ്റാണ് യൂനിക്കോഡ് കൺസോർഷ്യം എന്ന ഭാഷാവിദഗ്ദ സംഘടന സംവിധാനം ചെയ്ത യുനിക്കോഡ് സിസ്റ്റം.

യൂനിക്കോഡ് നിലവിൽ വന്നതോടെയാണ് കച്ചവടാധിഷ്ഠിതമായ ഡി.ടി.പി, പുസ്കപ്രസിദ്ധീകരണം എന്നീ മേഖലകൾക്കപ്പുറം ആശയപ്രകാശനത്തിന്റെ തലത്തിലേക്ക് മലയാളം കമ്പ്യൂട്ടിംഗ് വികസിക്കുന്നത്. ബ്ലോഗുകളാണ് ഈ മേഖലയിൽ ഏറ്റവുമധികം മുന്നോട്ട് വന്നിട്ടുള്ളത്.

കീബോർഡിൽ വിരൽ അമർത്തുമ്പോൾ മോണിറ്ററിൽ ഏതൊക്കെ അക്ഷരങ്ങൾ തെളിയണമെന്ന് തീരുമാനിക്കുന്ന സങ്കീർണ്ണമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്ന മാപ്പിംഗ് സമ്പ്രദായമാണ് എൻകോഡിംഗ് സിസ്റ്റം. ഭാഷാ കമ്പ്യൂട്ടിംഗിന്റെ അടിസ്ഥാനം ഇതാണ്. ആദ്യകാലങ്ങളിൽ വ്യത്യസ്തങ്ങളായ എൻകോഡിംഗ് സിസ്റ്റങ്ങൾ വ്യത്യസ്ത രീതികളിലായിരുന്നു അക്ഷരങ്ങൾക്ക് കോഡ് നൽകിയിരുന്നത്. ഇംഗ്ലീഷിനു പോലും ഈ പ്രശ്നം ഉണ്ടായിരുന്നു. ഒരു കമ്പ്യൂട്ടറിൽ ഉണ്ടാക്കിയ ഫയൽ മറ്റൊരു കമ്പ്യൂട്ടറിൽ തുറക്കാനോ വായിക്കാനോ ഇതു കാരണം കഴിയുമായിരുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ് എൻകോഡിംഗിൽ മാനകീകരണം നടപ്പാക്കാൻ തീരുമാനിച്ചത്. ഇങ്ങനെയാണ് ASCII (അസ്കി) American Standard Code for Information Interchange നിലവിൽ വന്നത്. അടഇകക നിലവിൽ വന്നതോടെയാണ് മലയാളഭാഷ കമ്പ്യൂട്ടറിൽ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത്.

ASCII എൻകോഡിംഗിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറിൽ മലയാളം എങ്ങിനെ ടൈപ്പ് ചെയ്യാം എന്ന അന്വേഷണത്തിന് രണ്ടു ഘട്ടങ്ങളുണ്ട്. പ്രോഗ്രാമർമാർ സ്വയം നിശ്ചയിച്ച എൻകോഡിംഗ് അടിസ്ഥാനത്തിൽ പ്രവർത്തിച്ച ആദ്യഘട്ടവും, ഇത് വിനിമയത്തിന് തടസ്സമാണെന്ന് മനസ്സിലായപ്പോൾ എൻകോഡിംഗ് വ്യവസ്ഥകൾ മാനകീകരിക്കാൻ തയ്യാറായ രണ്ടാം ഘട്ടവും. സർക്കാർ സ്ഥാപനമായ പൂനെയിൽ പ്രവർത്തിക്കുന്ന സി-ഡാക് അടഇകക യെ പിന്തുടർന്ന് ISCII (ഇസ്കി) Indian Standrad Code for Information Interchange എന്ന കോഡിംഗ് വ്യവസ്ഥ രൂപീകരിച്ചു. ഇന്നും അച്ചടി രംഗത്ത് ഇസ്കി തന്നെയാണ് സ്വാധീനം ഉറപ്പിച്ചിട്ടുള്ളത്. മലയാളം കമ്പ്യൂട്ടിംഗ് ചരിത്രം ഇപ്രകാരം ഇസ്കിപൂർവ്വം, ഇസ്കി ഘട്ടം, യൂനികോഡ് ഘട്ടം എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

ISCII ഘട്ടം എന്നത് ASCII യെ പിന്തുടർന്നുണ്ടായതാണ്. ASCII യൂറോപ്യൻ ഭാഷകൾക്ക് പൊതുവായുണ്ടായ എൻകോഡിംഗ് സിസ്റ്റമാണെങ്കിൽ ഇന്ത്യൻ ഭാഷാലിപികൾക്ക് പൊതുവായി ക്രമീകരിച്ചതാണ് ISCII. ഇസ്കി എൻകോഡിംഗിനെ അടിസ്ഥാനമാക്കി ഉണ്ടാക്കിയ ഫോണ്ട് കോഡാണ് ISFOC. ഇന്ത്യൻ സ്ക്രിപ്റ്റിംഗ് ഫോണ്ട് കോഡ്. സ്ക്രിപ്റ്റ് എന്നാൽ ഭാഷ എന്നാണർത്ഥം. ISFOC കോഡിംഗിന്റെ അടിസ്ഥാനത്തിൽ ഫോണ്ടുകൾ ഉപയോഗിക്കാനായി തയ്യാർ ചെയ്ത കീബോർഡ് മാനേജർ പ്രോഗ്രാമാണ് I.S.M അഥവാ ഇൻഫോക് സ്ക്രിപ്റ്റ് മാനേജർ.

സി-ഡാക് ഉല്പന്നങ്ങൾ പ്രചരിച്ചതോടെ 90'കൾ ആദ്യം തന്നെ ഡി.ടി.പി. കേരളം മുഴുവൻ വ്യാപിച്ചു. ഇന്ന് വേഡ് പ്രോസസ്സിംഗിനും, ഡി.ടി.പിയ്ക്കും കൂടുതലും ഉപയോഗിക്കുന്നത് സി-ഡാക്കിന്റെ പാക്കേജുകളാണ് മലയാളത്തിൽ ഏറ്റവുമധികം ഫോണ്ടുകളുടെ ശ്രേണിയും ഇവരുടെതാണ്. മോണോലിംഗ്വൽ, ഇംഗ്ലീഷും ഉപയോഗിക്കാൻ കഴിയുന്ന ബൈലിംഗ്വൽ ഫോണ്ടുകൾ, വെബ്ഫോണ്ടുകൾ എന്നിങ്ങനെ സി-ഡാക്കിന്റെ പാക്കേജുകൾ നിരവധിയാണ്. ഇതിലെല്ലാമുള്ള ഒരു പ്രധാനപ്രശ്നം ഉപയോഗിച്ച ലിപി പുതിയ ലിപി ആയിരുന്നു എന്നതാണ്. കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ട് വേർപെടുത്തിയും മറ്റും അത് വലിയ അസ്വാഭാവികതക ൾ സൃഷ്ടിച്ചു. പൂനെയിലെ തന്നെ മോഡുലർ ഇൻഫോടെക് 'ശ്രീലിപി' എന്ന പാക്കേജുമായി വന്നതോടെ ഈ പ്രശ്നത്തിന് ഒരളവോളം പരിഹാരമാവുന്നുണ്ട്.

ഈ സന്ദർഭത്തിൽ വിൻഡോസ് ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം എന്ന നിലയിൽ മലയാളികൾക്കും സ്വീകാര്യമായിത്തീരുന്നുണ്ട്. കൂടാതെ ലിനക്സിലും മലയാള സാന്നിധ്യം പ്രത്യക്ഷപ്പെടാൻ തുടങ്ങി. മൈക്രോസോഫ്റ്റിന്റെ സ്വേച്ഛാധിപത്യത്തിൽ വിയോജിപ്പുണ്ടായ ചിലർ ചേർന്ന് മലയാളം ലിനക്സ് എന്ന പേരിൽ ഒരു സ്വതന്ത്ര സംവിധാനം തന്നെ ഉണ്ടാക്കുന്നതും ഈ സന്ദർഭത്തിലാണ്.

മലയാളത്തിലെ അക്ഷരസംഖ്യ കമ്പ്യൂട്ടറിൽ പ്രാവർത്തികമാക്കാൻ കഴിയില്ല എന്നും അത് പരിഷ്കരിക്കണമെന്നുമുള്ള വാദങ്ങൾ ഇനിയും അവസാനിച്ചിട്ടില്ല. പരിഷ്കരിക്കുന്തോറും വ്യവസ്ഥയില്ലാതാവുകയാണ് എന്ന യാഥാർത്ഥ്യം അറിയുന്നവർ തന്നെയാണ് ഈ വാദം ഉന്നയിച്ചുകൊണ്ടിരിക്കുന്നതും ഇത്തരം വാദങ്ങളിലെ അസംബന്ധം തുറന്ന് കാട്ടിക്കൊണ്ടാണ് തനതു ലിപിക്കുവേണ്ടിയുള്ള കൂട്ടായ പരിശ്രമം എന്ന നിലയിൽ രചന അക്ഷരവേദി രൂപപ്പെടുത്തുന്നത്. മലയാളം കമ്പ്യൂട്ടിംഗിന് ഏറ്റവും യോജിച്ചത് പഴയ ലിപി തന്നെയാണെന്ന് ഇത് വ്യക്തമാക്കുന്നു. മലയാളത്തിലെ ഏതാണ്ടെല്ലാ എഴുത്തുകാരും രചനയുടെ ശ്രമങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചിരുന്നു

**മലയാളം യൂനിക്കോഡ്**: മലയാളം കമ്പ്യൂട്ടിങ്ങിന്റെ ആധുനിക ചരിത്രം യൂനിക്കോഡുമായി ബന്ധപ്പെട്ടതാണ്. ലോകഭാഷകളുടെ പുതിയ സ്റ്റാൻഡേർഡായി യൂനിക്കോഡ് സ്വീകരിക്കപ്പെടുകയും തൂലിക, അഞ്ജലി എന്നീ ഫോണ്ടുകൾക്കു പിന്നാലെ രചന യൂനിക്കോഡ് ഫോണ്ട് കടന്നു വരികയും ചെയ്തു. യൂനിക്കോഡ് സാങ്കേതികതയിൽ പഴയ ലിപി, പുതിയ ലിപി എന്നീ വേർതിരിവുകൾ തന്നെ വ്യക്തമല്ല. പഴയ ലിപിയിൽ അച്ചടിച്ചത് പുതിയ ലിപിയിലും പുതിയ ലിപിയിൽ അച്ചടിച്ചത് പഴയ ലിപിയിലും വായിക്കാവുന്നതാണ്. മലയാളം യൂനിക്കോഡിന്റെ സാങ്കേതിക സാധ്യതകൾ പൂർണ്ണമായി ഉപയോഗിക്കുന്നത് ബ്ലോഗുകളാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ബ്ലോഗുകളിൽ ഉണ്ടായ വർദ്ധന വിസ്മയാവഹമാണ്. ഇന്ന് ഇന്ത്യയിൽ തന്നെ ഏറ്റവുമധികം ബ്ലോഗുകളുള്ള പ്രാദേശിക ഭാഷയാണ് നമ്മുടേത്.

## ഹൈപ്പർ ടെക്സ്റ്റ് (തിരമൊഴി)

വാമൊഴി, വരമൊഴി എന്നിവയിൽ നിന്ന് വ്യത്യസ്തമായി നവീന സാങ്കേതിക വിദ്യയുടെ കാലഘട്ടത്തിൽ ഒരു ഭാഷയ്ക്ക് ലഭിക്കുന്ന അധിക മാനമാണ് ഹൈപ്പർ ടെക്സ്റ്റ്. തിയോഡർ എച്ച്.നെൽസൺ ആണ് ആദ്യമായി ഈ പേര് ഉപയോഗിക്കുന്നത്. എല്ലാ വിവരങ്ങളും ഡിജിറ്റലായി രേഖപ്പെടുത്താനും, വായിക്കാനും കഴിയുന്ന സംവിധാനമാണിത്. ഹൈപ്പർടെക്സ്റ്റിന് മലയാളത്തിൽ തിരമൊഴി എന്ന പേര് നൽകിയത് കവി. പി.പി.രാമചന്ദ്രനാണ്. തിരയിൽ കാണാവുന്ന മൊഴി എന്നോ, തിരയിൽ കാണും പോലെ അസ്ഥിരമായ മൊഴി എന്നോ അർത്ഥം പറയാം.

സ്വതന്ത്രവും ജനാധിപത്യപരവുമായ ഇടപെടലും, രേഖപ്പെടുത്തലും, വായനയും സാധിക്കും എന്നതാണ് ഹൈപ്പർടെക്സ്റ്റുകളുടെ സവിശേഷത. വായന ഇവിടെ തെന്നി നീങ്ങലാണ്. ഹൈപ്പർ ലിങ്കുകളാൽ ബന്ധിക്കപ്പെട്ട വിവരങ്ങളിൽ നിന്ന് വിവരങ്ങളിലേക്കുള്ള ഒരു സഞ്ചാരമാണിത്. ഇഷ്ടമുള്ള ഫോണ്ടിൽ, ഇഷ്ടമുള്ള മോഡിൽ, ചിത്രങ്ങളിൽ, നിറങ്ങളിൽ വ്യക്തിതാല്പര്യമനുസരിച്ച് മാറ്റങ്ങൾ വരുത്തിക്കൊണ്ട് വായനയും, എഴുത്തും നിർവ്വഹിക്കാൻ കഴിയുമെന്നത് ഇതിന്റെ ഇതിന്റെ സവിശേഷതയാണ്. ഹൈപ്പർ ലിങ്കുകളിലൂടെ പോകാൻ കഴിയുന്നതിനാൽ ഒരു പുസ്തകം വായിച്ചു തുടങ്ങുന്നയാൾ മറ്റൊട്ടേറെ പുസ്തകങ്ങളിലൂടെ സഞ്ചരിച്ച് അവസാനം മറ്റെവിടെയോ, അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. ഇങ്ങിനെ എഴുത്തിന്റെയും വായനയുടെയും ലോകത്തെ എല്ലാ അധികാര വ്യവസ്ഥകളെയും അട്ടിമറിക്കുന്നതാണ് തിരമൊഴി.

## മലയാളം ഇന്റർനെറ്റിൽ

ഇന്റർനെറ്റിലെ മലയാളത്തിന്റെ പ്രത്യക്ഷപ്പെടൽ താഴെ പറയുന്ന മേഖലകളിലാണ്.
വെബ്സൈറ്റുകൾ, പോർട്ടലുകൾ, ഇ-ജേർണലുകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, ബ്ലോഗുകൾ.

**വെബ്സൈറ്റുകൾ** : മലയാളം വെബ്സൈറ്റുകളുടെ ആരംഭം യഥാർത്ഥത്തിൽ പത്രമാധ്യമങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇന്റർനെറ്റ് സാധ്യതകൾ മനസ്സിലാക്കിയ പത്രങ്ങൾ വെബ്സൈറ്റുകൾ ആരംഭിച്ചതാണ് മലയാളം ഇന്റർനെറ്റിന്റെ തുടക്കം. ദീപിക പത്രമാണ് മലയാളത്തിൽ ആദ്യമായി ഇന്റർനെറ്റ് എഡിഷൻ ആരംഭിച്ചത്. ഇന്ന് മലയാളത്തിലെ ഏതാണ്ടെല്ലാ പത്രങ്ങളും ഇന്റർനെറ്റിൽ വായിക്കാൻ കഴിയും.

പിന്നീട് മാസികകളും വാരികകളും ഇന്റർനെറ്റ് വഴി പ്രസിദ്ധീകരിക്കാൻ തുടങ്ങി. മലയാളത്തിലെ പ്രധാന പ്രസിദ്ധീകരണങ്ങൾ എല്ലാം ഇന്റർനെറ്റിലൂടെ ലഭിക്കുന്നുണ്ട്. അതു കൂടാതെ ഇന്റർനെറ്റിൽ മാത്രം ലഭ്യമായ ചില പ്രസിദ്ധീകരണങ്ങൾ വേറെയുമുണ്ട്. പുഴ.കോം ആണ് മലയാളത്തിലെ ആദ്യ വെബ് മാഗസിൻ. ചിന്ത, അയനം, ജയകേരളം എന്നിവ വിദേശമലയാളികളുടെ സംരംഭമാണെങ്കിൽ ഹരിതകം, ചിരിച്ചെപ്പ് എന്നിവ മലയാളത്തിൽ നിന്നു തന്നെയുള്ള പ്രസിദ്ധീകരണങ്ങളാണ്.

വാർത്ത, വിനോദം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന വെബ്സൈ റ്റുകളും ഇപ്പോൾ ധാരാളമായി രംഗത്ത് വരുന്നുണ്ട്. അശ്വമേധം, സായൂജ്യം എന്നിവ ഇതിന്റെ മുന്നോടികളായി പ്രത്യക്ഷപ്പെട്ടവയാണ്. എം.ടി.വാസുദേവൻ നായരുടെ സമ്പൂർണ്ണകൃതികൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതാണ് മറ്റൊരു പ്രധാന സംഭവം. ഇന്ദുലേഖ.കോമിലൂടെയാണ് ഇത് പ്രസിദ്ധീകരിച്ചത്. ഒരു ഇന്ത്യൻ എഴുത്തുകാരന്റെ എല്ലാ പുസ്തകങ്ങളും ഇന്റർനെറ്റിലെത്തുന്നത് ആദ്യ ബഹുമതിയായിരുന്നു. പുസ്തകം, ചിത്രകല, പാചകം, ഫാഷൻ, വീട് നിർമ്മാണം, വിനോദയാത്ര എന്നീ മേഖലകളിലെല്ലാം ശ്രദ്ധ ചെലുത്തുന്ന വെബ്സൈറ്റുകളും ഇന്ന് മലയാളത്തിന്റെ വകയായിട്ടുണ്ട്.

**പോർട്ടലുകൾ**: 'വിശാലമായ കവാടം' എന്ന അർത്ഥത്തിലാണ് പോർട്ടൽ എന്ന പദം പ്രയോഗിക്കുന്നത്. വാർത്തകൾക്കുപരിയായി ഒരാളിന്റെ ആവശ്യത്തിനുള്ള എന്തും നൽകുന്ന കവാടങ്ങൾ തന്നെയാണ് ഇവ. ഇ-മെയിൽ, ചാറ്റിംഗ്, വ്യായാമം, ഗെയിമുകൾ, പുസ്തകങ്ങൾ, ഒപീനിയൻ പോൾ, ഷോപ്പിംഗ് എന്നിങ്ങനെ വ്യത്യസ്തങ്ങളായ സൗകര്യങ്ങൾ നൽകുന്ന ഇന്ററാക്ടീവ് സൈറ്റുകളാണിവ.

മലയാളത്തിലെ ആദ്യപോർട്ടൽ ഇന്ത്യാ ഇൻഫോ.കോം ആണ്.വെബ്ലോകം ആണ് മറ്റൊന്ന്. മലയാളം സെർച്ച് എഞ്ചിനായ അന്വേഷി, മലയാളത്തിൽ മെയിൽ ചെയ്യാവുന്ന ഇ.പത്ര എന്നിവ ഇതിന്റെ ഭാഗമാണ്.

**ഇ-ജേർണലുകൾ**: തമാശയ്ക്കും വിനോദത്തിനും, നേരംപോക്കിനുമാണ് സാധാരണക്കാർ പൊതുവെ സൈറ്റുകൾ സന്ദർശിക്കുന്നത്. എന്നാൽ വിദ്യാഭ്യാസ കാര്യങ്ങൾക്കോ, പഠനത്തിനോ, ഗവേഷണത്തിനോ വേണ്ടിയുള്ള ഗൗരവമേറിയ പ്രസിദ്ധീകരണങ്ങളാണ് ഇലക്ട്രോണിക് മാഗസിനുകൾ. നേരത്തെ പണമടച്ചാണ് ഇവ ലഭിച്ചിരുന്നതെങ്കിൽ സൗജന്യമായും ഇന്ന് ഇവ ലഭിക്കുന്നുണ്ട്.

**ബ്ലോഗുകൾ:**

സ്വതന്ത്ര രചനയുടെയും ആവിഷ്കാരത്തിന്റെയും മേഖലയിലെ ഏറ്റവും വലിയ വിപ്ലവമായിട്ടാണ് ബ്ലോഗുകൾ പ്രചരിക്കുന്നത്. ഹൈപ്പർ ലിങ്കുകൾ വഴി പ്രചരിക്കുന്ന ചെറിയ വെബ്സൈറ്റുകളാണിവ. വെബ്ലോഗ് എന്നതിന്റെ ചുരുക്കരൂപമാണ് ബ്ലോഗ്.

മലയാളം ബ്ലോഗിങ്ങിന് ഏതാണ്ട് അഞ്ചു വർഷത്തെ ചരിത്രമേയുള്ളൂ. മലയാള ബ്ലോഗ് കൂട്ടായ്മയെ 'ബൂലോകം' എന്നാണ് വിളിക്കുന്നത്. മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യ ബ്ലോഗ് 'ജാലകം' ആണ്. കവിത, കഥ, മറ്റ് സാഹിത്യരൂപങ്ങൾ, ഫലിതം, കാർട്ടൂൺ, പാചകം, യാത്രാവിവരണം, നിരൂപണം, രാഷ്ട്രീയം, ഡയറിക്കുറിപ്പുകൾ എന്നിവയെല്ലാം ബ്ലോഗുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

പ്രിന്റിംഗ് മാധ്യമങ്ങളിൽ പബ്ലിഷറാണ് അന്തിമ വിധികർത്താവെങ്കിൽ ബ്ലോഗുകൾ എഴുത്തുകാരന് പൂർണ്ണസ്വാതന്ത്ര്യവും നൽകുന്നുണ്ട്. ബ്ലോഗുകൾ തുടങ്ങാൻ വലിയ സാങ്കേതിക ജ്ഞാനമൊന്നും ആവശ്യമില്ല എന്നതും, പണച്ചെലവില്ല എന്നതും ആളുകളെ ഇതിലേക്ക് എളുപ്പം ആകർഷിക്കുന്ന ഘടകങ്ങളാണ്. അഞ്ചു വർഷങ്ങൾക്കുള്ളിൽ ഇത്രയേറെ പ്രചരിച്ച മറ്റൊരു ജനകീയ പ്രസിദ്ധീകരണമേഖലയും മലയാളത്തിലില്ല. 'ജാലകം' എന്ന തുടക്കത്തിന് ശേഷം വിശാലമനസ്കൻ, രാത്രിഞ്ചരൻ, ചിത്രകാരൻ,

കടത്തനാടൻ, കൈതമുള്ള, കുടുംബം കലക്കി, സങ്കുചിത മനസ്കൻ എന്നിങ്ങനെ ധാരാളം പേരുകൾക്ക് പിന്നിൽ ഒളിച്ചിരുന്ന് ബ്ലോഗുകൾ പ്രചരിക്കാൻ തുടങ്ങിയിട്ടുണ്ട്.

സാഹിത്യവിഷയത്തിലാണ് ഏറെയും ബ്ലോഗുകൾ ഉള്ളത്. ശ്രദ്ധേയമായ ഒരു കഥാ ബ്ലോഗ് 'പെരിങ്ങോടൻ' ആണ്. ഫലിതം നിറഞ്ഞ ബ്ലോഗുകളിൽ വിശാലമനസ്കന്റെ 'കൊടകര പുരാണം' പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. ആക്ഷരശ്ലോകങ്ങൾക്ക് മാത്രമായുള്ള ഒരു ബ്ലോഗ് ആണ് 'അക്ഷരശ്ലോകം.ബ്ലോഗ്സ്പോട്ട്.കോം'.

ലിബറൽ ജനാധിപത്യത്തിൽ ഭരണകൂടത്തെ ഒരു പരിധിയുമില്ലാതെ വിമർശിക്കാനുള്ള നല്ലൊരു മാധ്യമമാണ് ബ്ലോഗുകൾ. ഇന്റർനെറ്റിൽ സെൻസർഷിപ്പുകൾ ഇല്ലെന്നത് ഇക്കാര്യത്തിൽ അവർക്ക് ഏറെ സഹായകമായിത്തീരുന്നുണ്ട്. ലോകമെമ്പാടും ഇങ്ങിനെ ഭരണകൂടാധികാരത്തിനെതിരായി ബ്ലോഗുകൾ പ്രവർത്തിക്കുന്നുണ്ട്. മലയാളത്തിൽ വ്യക്തമായ രാഷ്ട്രീയ നിലപാടുകൾ സൂക്ഷിക്കുന്ന ബ്ലോഗുകൾ എണ്ണത്തിൽ കുറവാണ്. 'കടത്തനാടൻ' എന്ന പേരിൽ വ്യക്തമായ ഇടതുപക്ഷ, തൊഴിലാളി വർഗ്ഗ നിലപാട് കാത്തുസൂക്ഷിക്കുന്ന ഒരു ബ്ലോഗ് മലയാളത്തിൽ കാണുന്നുണ്ട്.

ബ്ലോഗിനെ അടിസ്ഥാനമായുണ്ടാക്കുന്ന പുസ്തകത്തെ 'ബ്ലൂക്ക്' എന്നാണ് വിളിക്കുന്നത്. ഈ വിഭാഗത്തിൽ ആദ്യത്തേത് 'കൊടകപുരാണമാണ്.'

**വെബ് ഡിസൈനിംഗ്:** ഇന്റർനെറ്റിലെ വിവരകേന്ദ്രങ്ങളാണ് വെബ്സൈറ്റുകൾ. വിവിധാവശ്യങ്ങൾക്കായി വ്യത്യസ്ത വിഷയങ്ങളിൽ സൈറ്റുകൾ നിലവിലുണ്ട്. ബിസിനസ്, ആർകിടെക്റ്റ്, റിയൽ എസ്റ്റേറ്റ്, സാഹിത്യം, കല, ആരോഗ്യം, വിദ്യഭ്യാസം, നിയമം, പെയിന്റിംഗ്, സംഗീതം, പാചകം, ഫാഷൻ, സ്പോർട്സ്, സിനിമ എന്നിവയെല്ലാം സൈറ്റുകളിൽ ലഭ്യമാണ്. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കാനുള്ള ഇന്റർനെറ്റ് ആസൂത്രണത്തെയാണ് വെബ്ഡിസൈനിംഗ് കൊണ്ടുദ്ദേശിക്കുന്നത്.

ഒരു സൈറ്റ് രൂപീകരണത്തിന് ചില പ്രധാനഘട്ടങ്ങളുണ്ട്. ഭാവന, ആസുത്രണം, ഉള്ളക്ക രചന, രൂപകല്പന, അപ്‌ലോഡിംഗും പരിശോധനയും, രൂപീകരണം, സംരക്ഷണം എന്നിവയാണവ.

ഒരു വെബ്സൈറ്റിന്റെ പ്രാധാന്യം അതെന്ത് ഉൾക്കൊള്ളുന്നു എന്നതാണ്. ഉൾപ്പെടുത്തേണ്ട വിവരങ്ങളുടെ ടൈറ്റിലുകൾ അടുക്കി ഉള്ളടക്കം തയ്യാറാക്കുന്നു. ഇവ വിവിധ പേജുകളിൽ ഉൾക്കൊള്ളിച്ചു ലിങ്കുകൾ വഴി ഹോം പേജുമായി ബന്ധിപ്പിക്കുന്നു. ആകർഷകമായ രൂപമുണ്ടെങ്കിൽ മാത്രമേ അതിലേക്ക് ആളുകൾ ആകർഷിക്കപ്പെടുകയുള്ളൂ. എ.എസ്.പി, ജാവ തുടങ്ങിയ പ്രോഗ്രാം ഭാഷകളാണ് ഇതിനായുപയോഗിക്കുന്നത്. അടുത്ത ഘട്ടത്തിൽ സൈറ്റ് ഏതെങ്കിലും ബ്രൗസറിന്റെ സഹായത്താൽ സെർവറിൽ ഹോസ്റ്റ് ചെയ്യുന്നു. വിവിധ ബ്രൗസറുകളിൽ സൈറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. പ്രവർത്തനം തുടങ്ങിയാൽ സംരക്ഷണവും പരിപാലനവും അത്യാവശ്യമാണ്. കാലാനുസൃതമായ പുതുക്കലുകളും മാറ്റങ്ങളും ഉണ്ടാവേണ്ടതാണ്.

## വിക്കിപീഡിയ

വിവിധ ഭാഷകളിൽ സ്വതന്ത്രവും വിശാലവുമായ വിശ്വവിജ്ഞാനകോശം സംവിധാനം ചെയ്യാനുള്ള കൂട്ടായ്മയാണ് വിക്കിപീഡിയയുടെ തുടക്കം. നേരത്തെയുള്ള വിജ്ഞാനകോശങ്ങൾ വിദഗ്ദരുടെ സമിതികളുടെ സൃഷ്ടിയായിരുന്നെങ്കിൽ ആർക്കും എഴുതാവുന്നതും, എഴുതിയതിലെ തെറ്റുകൾ ചൂണ്ടിക്കാട്ടാനും തിരുത്താനും കഴിയുന്നതുമാണ് ഇന്റർനെറ്റിലെ ഈ വിശ്വവിജ്ഞാനകോശത്തിന്റെ സവിശേഷത. ആർക്കും എപ്പോഴും എഴുതാമെന്നുള്ളതും, എഡിറ്റ് ചെയ്യാമെന്നുള്ളതുമാണ് ഇതിന്റെ ജനകീയതയുടെ അടിസ്ഥാനം.

മലയാളത്തിലും ഇന്റർനെറ്റിൽ വിശ്വവിജ്ഞാനകോശം പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രാദേശികമായ അറിവുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയുന്ന മലയാളികൾക്കു മുമ്പിൽ സൗജന്യമായി എത്തിക്കാൻ കഴിയുന്നു എന്നതാണ് മലയാളം വിക്കിപീഡിയയുടെ സവിശേഷത.

## ലിപ്യന്തരണ സോഫ്റ്റുവേറുകൾ:

ഒരു ഭാഷയിലെ വാക്യങ്ങളെ മറ്റൊരു ഭാഷയിലെ ലിപി ഉപയോഗിച്ച് എഴുതുന്നതാണ് ലിപ്യന്തരണം ഇവിടെ ലിപി മാത്രമേ മാറുന്നുള്ളൂ. ഉച്ചാരണം, അർത്ഥം എന്നിവ മാറുന്നില്ല.

ഉദാ: How Are you?

ഹൗ ആർ യൂ? ഇത് ലിപ്യന്തരണമാണ്. മലയാളത്തിൽ ധാരാളം ലിപ്യന്തരണ സോഫ്റ്റ്‌വേറുകളുണ്ട്. വരമൊഴി, ഇളമൊഴി, സ്വനലേഖ, മംഗ്ലീഷ് എന്നിവ അവയിൽ ചിലതു മാത്രമാണ്. മലയാളത്തിലെ പ്രധാന യൂനികോഡ് ഫോണ്ടുകൾ മീര, അഞ്ജലി, കാർത്തിക, തൂലിക എന്നിവയാണ്.

## വിശദപഠനം: 1 .

### മലയാളം കമ്പ്യൂട്ടിംഗ് ചരിത്രാവലോകനം- ഡോ:മഹേഷ് മംഗലാട്ട്

സാമൂഹ്യജീവിതത്തിനുള്ള പ്രധാന ഉപാധിയായാണ് മനുഷ്യൻ ഭാഷയെ കണ്ടെത്തുന്നത്. പദപ്രയോഗവും പാദപ്രയോഗവുമാണ് മനുഷ്യനെ മറ്റ് ജീവികളിൽ നിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ എന്ന് സാമൂഹ്യശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നുണ്ട്. ഒരു ഭാഷ ഒരു പാട് കാലം വാമൊഴിയായി നിലനിന്നതിന് ശേഷമാണ് അതിൽ എഴുതാനാവശ്യമായ ലിപിയും ലേഖനവിദ്യകളും പ്രത്യക്ഷമാകുന്നത്. ഇന്നും ഭൂമുഖത്തുള്ള ഭൂരിപക്ഷം ഭാഷകളും ലിപിയോ, സാഹിത്യമോ ഇല്ലാതെ വാമൊഴിയായി മാത്രം ജീവിക്കുന്നവയാണ്. ലിപിയുടെ വികാസം സാങ്കേതിക വിദ്യയുമായാണ് ബന്ധപ്പെടുന്നത്. പുതിയ കാലത്ത് വിവരവിനിമയ സാങ്കേതിക വിദ്യകളിലുണ്ടായ വമ്പിച്ച കുതിച്ചു ചാട്ടങ്ങൾ മനുഷ്യരാശിയെ നാളിതുവരെയില്ലാത്ത പരിവർത്തനങ്ങൾക്ക് വിധേയമാക്കിയിരിക്കുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും അതിന്റെ ലേഖന വിദ്യകളും, വാമൊഴി, വരമൊഴി എന്നിവയ്ക്കപ്പുറം തിരമൊഴി എന്ന മൂന്നാമതൊരും സാധ്യത കൂടി ഭാഷകളിൽ ഉണ്ടാക്കിയിരിക്കുകയാണ്. സൈബർ കാലഘട്ടത്തിലെ മലയാളത്തിന്റെ സാധ്യതകൾ എന്തെന്നും സൈബർസ്പേസിൽ നമ്മുടെ ഭാഷയുടെ വികാസചരിത്രം എന്തെല്ലാമെന്നുമുള്ള പരിശോധനയാണ് ഡോ:മഹേഷ് മംഗലാട്ടിന്റെ മലയാളം കമ്പ്യൂട്ടിംഗ് ചരിത്രാവലോകനം എന്ന ലേഖനം. മറ്റൊരു ഭാഷയിലുമില്ലാത്ത വിധം സങ്കീർണ്ണമായ മലയാളത്തിന്റെ ലിപി വ്യവസ്ഥയും ഭാഷാകമ്പ്യൂട്ടിംഗും ഇണക്കിച്ചേർക്കാൻ വയ്യാത്ത കണ്ണികളായി കരുതപ്പെട്ടു വന്ന പഴയ കാലത്തിൽ നിന്ന് വ്യത്യസ്തമായി യൂനിക്കോഡ് നടപ്പായതോടെ മലയാളത്തിനുണ്ടായ പുരോഗതി എന്തെന്ന് വിശദമാക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്.

കമ്പ്യൂട്ടർ, അച്ചടിയാവശ്യത്തിനും ഡി.ടി.പിക്കും വേണ്ടി മാത്രമായിരുന്നു ആദ്യകാലങ്ങളിൽ മലയാളികൾ ആശ്രയിച്ചിരുന്നത്. ആശയാവിഷ്കാരത്തിനും സ്വതന്ത്രരചനയ്ക്കുമുള്ള സാധ്യതകൾ മനസ്സിലായതോടെ സ്വന്തമായ ഒരു കമ്പ്യൂട്ടർ ഭാഷാപദ്ധതിയ്ക്കായുള്ള അന്വേഷണങ്ങളും ആരംഭിക്കുകയായി.

ഭാഷാ കമ്പ്യൂട്ടിംഗിന്റെ അടിസ്ഥാനം എൻകോഡിംഗ് വ്യവസ്ഥയാണ്. കീബോർഡിൽ വിരലമർത്തുമ്പോൾ മോണിറ്ററിൽ എന്തു തെളിയണമെന്ന് തീരുമാനിക്കുന്നത് എൻകോഡിംഗാണ്. ഓരോ അക്ഷരത്തിനും ഓരോ കോഡ് നമ്പർ നൽകുക എന്നതാണ് ഈ വ്യവസ്ഥ. ഓരോ കമ്പ്യൂട്ടറുകളിലും വ്യത്യസ്തങ്ങളായ എൻകോഡിംഗ് നിലനിൽക്കുന്നതിനാൽ കമ്പ്യൂട്ടറുകൾ തമ്മിലുള്ള ആശയവിനിമയത്തിന് തടസ്സമായിത്തീർന്നു. ഒരു കമ്പ്യൂട്ടറിൽ ചെയ്ത ഫയൽ മറ്റൊന്നിൽ തുറക്കാനോ, വായിക്കാനോ കഴിയുമായിരുന്നില്ല. ഇംഗ്ലീഷ് ഭാഷയ്ക്ക് പോലും ഈ പ്രശ്നം നേരിടേണ്ടി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് യൂറോപ്പിൽ കമ്പ്യൂട്ടർ ഭാഷാ മാനകീകരണ ശ്രമങ്ങൾ നടക്കുന്നത്. ASCII (അസ്കി) American Standard Code for Information Interchange ഈ രംഗത്ത് വിജയമായിരുന്നു.

മലയാളത്തിൽ ASCIIയും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ആദ്യഘട്ടങ്ങളിൽ പ്രോഗ്രാമർമാർ സ്വന്തം നിലയിൽ കോഡിംഗ് നടത്തുകയായിരുന്നു. ഇത് വിവരവിനിമയത്തിന് ഒട്ടും സഹായകമായിരുന്നില്ല. പൂനെയിൽ പ്രവർത്തിച്ചിരുന്ന കേന്ദ്രസർക്കാരിന്റെ സി-ഡാക് ആണ് ഇതിനൊരു പരിഹാരം നിർദ്ദേശിക്കുന്നത്. ACII യെ പിന്തുടർന്ന് കൊണ്ട് Indian Standrad Code for Information Interchange ISCII (ഇസ്കി) എന്ന ഒരു കോഡിംഗ് വ്യവസ്ഥ അവർ രൂപീകരിച്ചു.ISCII യും അവരുടെ ഇസ്ഫോക് (ISFOC) എന്ന ഫോണ്ടും മലയാളം കമ്പ്യൂട്ടിംഗിനെ ഒരുപാട് വികസ്വരമാക്കിത്തീർക്കുന്നു.

മലയാളം കമ്പ്യൂട്ടിംഗ് ഇപ്പോൾ യൂനിക്കോഡ് വ്യവസ്ഥയിലാണ്. ലോകത്തിലെ ഏതു ഭാഷാലിപികൾക്കും സ്വീകാര്യമായ എൻകോഡിംഗ് വ്യവസ്ഥയാണ് 'യൂനിക്കോഡ് കൺസോർഷ്യം' എന്ന ഭാഷാവിദഗ്ദരുടെ കൂട്ടായ്മ നിർദ്ദേശിച്ച യൂനിക്കോഡ് വ്യവസ്ഥ.

വിപുലമായ പദ്ധതികളുമായി സി-ഡാക്ക് രംഗപ്രവേശം ചെയ്തതോടെ കേരളത്തിൽ ഡി.ടി.പി വ്യാപകമായി പ്രചരിച്ചു. വേഡ് പ്രോസസിംഗ്, ഡി.ടി.പി.മേഖലകളിൽ സിഡാക്കിന്റെ പുതിയ സംവിധാനങ്ങൾ പരീക്ഷി

ക്കപ്പെട്ടു. ഒറ്റ ഭാഷ മാത്രമുള്ള മോണോലിംഗ്വൽ ഫോണ്ടുകൾ, ഇംഗ്ലീഷ് ഒപ്പമുള്ള ബൈലിംഗ്വൽ ഫോണ്ടുകൾ, വെബ്ഫോണ്ടുകൾ എന്നിവ ഈ രംഗത്തേക്ക് കടന്നുവരാൻ തുടങ്ങിയത് കാര്യങ്ങൾ എളുപ്പമാക്കി.

ഓപ്പറേറ്റിംഗ് സിസ്റ്റം എന്ന നിലയിൽ വിൻഡോസും, ലിനക്സും മലയാളത്തിലേക്ക് കടന്നുവന്ന ഘട്ടം കൂടിയായിരുന്നു ഇത്. മൈക്രോസോഫ്റ്റിന്റെ ആധിപത്യം അസഹ്യമായപ്പോൾ തിരുവനന്തപുരത്തെ ഒരു സംഘം മലയാളം ലിനക്സ് എന്ന പേരിൽ ലിനക്സ് ഡിസ്ട്രിബ്യൂഷൻ തന്നെയുണ്ടാക്കി. മലയാളം കമ്പ്യൂട്ടിങ്ങിന്റെ ഇക്കാലത്തെ ഏറ്റവും വലിയ ഭീഷണി ഒരു എൻകോഡിംഗിലും വഴങ്ങാത്ത ലിപിവ്യവസ്ഥ തന്നെയായിരുന്നു. ലിപി പരിഷ്കരണം നടത്തിയെങ്കിലും അത് കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണുണ്ടായത്. പരിഷ്കരിക്കപ്പെടുന്തോറും ഭാഷയുടെ തനിമ നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയ ഒരു കൂട്ടം കമ്പ്യൂട്ടർ വിദഗ്ദന്മാർ തനതു ലിപിക്കുവേണ്ടിയുള്ള അന്വേഷണങ്ങൾ ആരംഭിച്ചു. കമ്പ്യൂട്ടിംഗിന് പുതിയ ലിപി ആവശ്യമില്ലെന്നും പഴയി ലിപിയാണ് അതിന് കൂടുതൽ സ്വീകാര്യമെന്നും അവർ വ്യക്തമാക്കി. ‘രചന’ എന്ന പഴയ ലിപിയിൽ തന്നെ ചെയ്യാൻ കഴിയുന്ന ‘എഡിറ്റർ’ അവതരിപ്പിച്ചത് ഈ സാഹചര്യത്തിലാണ്. മലയാളത്തിലെ പ്രധാന എഴുത്തുകാരെല്ലാം രചന അക്ഷരവേദിക്ക് അകമഴിഞ്ഞ പിന്തുണ നൽകിയിട്ടുണ്ട്. നിത്യചൈതന്യയതിയുടെ ‘തുമ്പപ്പൂ മുതൽ സൂര്യൻ വരെ’ എന്ന പുസ്തകം പഴയ ലിപിയിൽ തന്നെ പ്രകാശിപ്പിച്ചു കൊണ്ടാണ് രചനയുടെ മേന്മ വ്യക്തമാക്കപ്പെട്ടത്.

മലയാളം കമ്പ്യൂട്ടിംഗിന്റെ  വർത്തമാനം യൂനിക്കോഡാണ്. അസ്കി, ഇസ്കി കാലഘട്ടത്തിലെ എല്ലാ പ്രശ്നങ്ങളും യൂനിക്കോഡ് വഴി പരിഹരിക്കാൻ സാധിക്കും. പഴയ ലിപി/ പുതിയ ലിപി എന്ന വേർതിരിവേ ഇതിലുണ്ടാവില്ല. ഏത് ലിപിയിൽ ചെയ്താലും വായിക്കാവുന്ന സാഹചര്യം യൂനിക്കോഡ് നൽകുന്നുണ്ട്. ബ്ലോഗുകൾ, വിക്കിപീഡിയ, നിഘണ്ടുക്കൾ എന്നിവ ഇന്റർനെറ്റിൽ സജീവമാകാൻ പ്രധാന കാരണം യൂനിക്കോഡിന്റെ ആവിർഭാവമാണ്. ഭാഷാ സ്നേഹികളുടെ കൂട്ടായ്മയുടെ ഫലമായി രൂപപ്പെട്ട അഞ്ജലി, മീര, തൂലിക, വരമൊഴി എന്നീ ഫോണ്ടുകളെയും ഈയവസരത്തിൽ ഓർമ്മിക്കേണ്ടതുണ്ട്.

## വിശദപഠനം.2. തിരമൊഴി . പി.പി.രാമചന്ദ്രൻ

തുടർച്ചയായും ക്രമവുമില്ലാത്ത എഴുത്ത് എന്ന അർത്ഥത്തിൽ തിയഡോർ എച്.നെൽസൺ ആണ് ആദ്യമായി ഹൈപ്പർടെക്സ്റ്റ് എന്ന പദം ഉപയോഗിക്കുന്നത്. തിരയിൽ കാണാവുന്നതെന്നോ തിരപോലെ അസ്ഥിരമായ മൊഴി എന്നോ ഉള്ള അർത്ഥത്തിൽ ഹൈപ്പർടെക്സ്റ്റിനെ തിരമൊഴി എന്നു വിളിക്കുന്നത് പി.പി.രാമചന്ദ്രനാണ്. വാമൊഴിക്കും, വരമൊഴിക്കും ശേഷം കമ്പ്യൂട്ടർ പ്രചാരവും വിവരവിനിമയ സാങ്കേതികവിദ്യയുടെ വികാസവും നടന്ന നമ്മുടെ കാലഘട്ടത്തിൽ ഭാഷയക്കുണ്ടാകുന്ന മൂന്നാമത്തെ ഭേദമാണ് തിരമൊഴി എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ഇന്റർനെറ്റിന്റെ ആവിർഭാവമുണ്ടായി കാൽനൂറ്റാണ്ടിലേറെ ആയെങ്കിലും ഈയടുത്ത കാലത്താണ് മലയാളം അതിന്റെ സജീവസാന്നിധ്യം അറിയിച്ചു തുടങ്ങിയത്. ആദ്യകാലങ്ങളിൽ പബ്ലിഷിംഗ്, പ്രിന്റിംഗ് ആവശ്യാർത്ഥം  മാത്രമായിരുന്നു മലയാളം കമ്പ്യൂട്ടറിനെ ആശ്രയിച്ചിരുന്നതെങ്കിൽ പിന്നീട് ആശയവിനിമയത്തിനും ആവിഷ്കാരത്തിനുമുള്ള ഉപാധിയായി അതിനെ തിരിച്ചറിയുന്നു. പത്രങ്ങൾ ആനുകാലികങ്ങൾ, പോർട്ടലുകൾ, ബ്ലോഗുകൾ എന്നിങ്ങനെ മലയാളത്തിന്റെ സജീവസാന്നിദ്ധ്യം ഇന്ന് ഇൻർനെറ്റിലുണ്ട്. യൂനികോഡിന്റെ സാധ്യതകൾ ഉപയോഗിക്കാൻ തുടങ്ങിയതോടെയാണ് ഈ മാറ്റം ഭാഷയിലുണ്ടാകുന്നത്.

അനാദിമധ്യാന്തവും വലക്കണ്ണികളാൽ പരസ്പരം ബന്ധിതവുമായ പാഠശേഖരം എന്ന് തിരമൊഴിയെ നിർവ്വചിച്ചിരിക്കുന്നു. തിരമൊഴി രേഖീയവും സാമ്പ്രദായികവുമായ എല്ലാ വായനാവ്യവസ്ഥകളെയും അട്ടിമറിക്കുകയും അതിന്റെ സ്ഥാനത്ത് അവ്യവസ്ഥിതവും ക്രമരഹിതവുമായ വായനയെ പകരം വെയ്ക്കുകയും ചെയ്യുന്നു. സാധാരണ അച്ചടി പുസ്തകങ്ങൾ ഒന്നാം പേജ് മുതൽ അവസാന പേജ് വരെ വായിക്കുന്ന സമ്പ്രദായമാണുള്ളത്. എന്നാൽ തിരമൊഴിയിൽ നടത്തുന്ന ഇ-വായന ഈ സമ്പ്രദായത്തെ നിഷേധിക്കുകയാണ്. പുസ്തകത്തിന്റെ സംവിധാനവും അച്ചടിയുമൊക്കെ പ്രസാധകന്റെ തീരുമാനത്തിലായിരുന്നെങ്കിൽ തിരമൊഴി വായനയിൽ അതും ഇല്ലാതെയാവുന്നു. ഇവിടെ വായനക്കാരനാണ് പരമാധികാരി. അയാളുടെ താല്പര്യമനുസരിച്ചാണ് പുസ്തകം, വായന ഇവ സംവിധാനം ചെയ്യപ്പെടുന്നത്.

ഓരോ പേജിലെയും നിസ്സാരസംശയങ്ങൾക്ക് പോലും ലിങ്കുകളിലൂടെ നമുക്ക് പരിഹാരം കാണാൻ കഴിയുന്നുണ്ട്. ഉദാഹരണമായി എഴുത്തച്ഛന്റെ രാമായണം വായിച്ചു തുടങ്ങുന്ന ഒരാൾ ലിങ്കുകളിലൂടെ സഞ്ചരിച്ച് മറ്റെവിടെയോ ആണ് വായന അവസാനിപ്പിക്കുന്നത്. ചെരിപ്പു വാങ്ങാൻ കയറി കാഴ്ചകൾ കണ്ടു നടന്ന് അവസാനം തൊപ്പി വാങ്ങി ഇറങ്ങിയ അനുഭവമായിട്ടാണ് ഇ-വായനയെ ലേഖകൻ സാദൃശ്യപ്പെടുത്തുന്നത്.

അച്ചടി പുസ്തകങ്ങൾ സ്ഥിരമാണ്. അടുത്ത പ്രസിദ്ധീകരണത്തിൽ മാത്രമേ അത് മാറ്റത്തിന് വിധേയമാവുന്നുള്ളൂ. എന്നാൽ തിരമൊഴി ഓരോ വായനക്കാരന്റെയും താല്പര്യമനുസരിച്ച് മാറ്റത്തിന് വിധേയമാണ്. ഒരു തിര മൊഴിപ്പുസ്തകത്തിൽ വായനക്കാരന്റെ താല്പര്യമനുസരിച്ച് കൂട്ടിച്ചേർക്കലുകളും, മുറിച്ചുമാറ്റലുകളും നടത്താൻ സാധിക്കും. കഥാപാത്രത്തിന്റെ പേരിലോ, കഥാഘടനയിലോ, ചിത്രങ്ങളിലോ, കഥ നടക്കുന്ന സ്ഥലത്തിലോ, ഇത്തരം മാറ്റങ്ങൾ വായനക്കാരന്റെ കൗതുകത്തിനനുസരിച്ച് വരുത്താൻ കഴിയുമെന്നത് മുമ്പൊരിക്കലും നൽകാത്ത സ്വാതന്ത്ര്യം വായനക്കാരന് നൽകുന്നുണ്ട്.

വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കും പിന്നീട് തിരമൊഴിയിലേക്കുള്ള ഭാഷാ വികാസം അനിവാര്യമായിരുന്നു എന്നാണ് ലേഖകാഭിപ്രായം. അറിവിന്റെയും അനുഭവങ്ങളുടെയും സാമൂഹ്യവൽക്കരണവും, വികേന്ദ്രീകരണവുമായിരുന്നു ഈ മാറ്റങ്ങൾ ലക്ഷ്യം വെക്കുന്നത്. വാമൊഴിയായി വ്യക്തികേന്ദ്രീകൃതമായ അറിവിനെ വരമൊഴി അച്ചടിരീതിയിൽ ജനകീയവത്കരിച്ചു. തിരമൊഴിയാവട്ടെ വരമൊഴിക്ക് കൂടുതൽ സംവാദസാധ്യതകൾ പ്രദാനം ചെയ്യുകയാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. മുമ്പ് വാമൊഴി മാത്രം ഉണ്ടായിരുന്ന കാലത്ത് രണ്ട് വ്യക്തികൾ തമ്മിൽ നടത്തുന്ന സംഭാഷണത്തിന് തിരമൊഴിയുമായി സാദൃശ്യമുണ്ടെന്ന് കാണാം. സംഭാഷണത്തിന് ഒരു വ്യവസ്ഥയുമില്ല. പലതും വിഷയങ്ങളാവാം. യഥാർത്ഥ പാഠത്തിൽ നിന്ന് വ്യതിചലിച്ചുപോവാം. ഈയൊരുസ്വഭാവം തന്നെയാണ് പുതിയ യുഗത്തിലെ തിരമൊഴിയും മുന്നോട്ട് വെയ്ക്കുന്നത് എന്ന് ലേഖകൻ നിരീക്ഷിക്കുന്നു. ഒന്നും ആധികാരികമായി വെയ്ക്കാതെ ആർക്കും ഇടപെട്ട് തിരുത്തൽ വരുത്താവുന്ന കൂട്ടായ്മയുടെ സൃഷ്ടിയായി തിരമൊഴി മാറുന്നു. ഇലക്ട്രോണിക് യുഗത്തിൽ പുതിയൊരു കൂട്ടായ്മയുടെ ഗോത്രസംസ്കൃതി രൂപപ്പെടുത്തിയെടുക്കുകയാണ് തിരമൊഴി ചെയ്യുന്നത് എന്നാണ് ലേഖകൻഅവസാനിപ്പിക്കുന്നത്.

## വിശദപഠനം: 3 വെബ്മാഗസിനുകൾ - വി.കെ.ആദർശ്

സൈബർ സ്പെയ്സ് ഒരു യാഥാർത്ഥ്യമാവുകയും കമ്പ്യൂട്ടർ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുകയും ചെയ്ത കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ തന്നെ അച്ചടി പ്രസിദ്ധീകരണങ്ങൾക്കെല്ലാം ഇന്റർനെറ്റ് എഡിഷനുകളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. പത്രങ്ങൾ, മാസികകൾ എന്നിവ ഇന്റർനെറ്റിലെ പ്രധാന വായനാനുഭവങ്ങളായിത്തീർന്നതിന്റെ ലഘു വിവരണമാണ് വി.കെ. ആദർശിന്റെ ഈ ലേഖനം. വെബ്മാഗസിനുകൾ എന്നാണ് ഇന്റർനെറ്റ് മാഗസിനുകൾ അറിയപ്പെടുന്നത്. കഥ, കവിത, ലേഖനം എന്നിങ്ങനെ തരംതിരിവുകൾക്കൊപ്പം ഇന്റർനെറ്റ് പ്രദാനം ചെയ്യുന്ന ഇന്ററാക്ഷനും വെബ് മാഗസിനുകൾക്കുണ്ട്. പല മാഗസിനുകളും സൗജന്യമായാണ് വായനക്കാരന് മുന്നിലെത്തുന്നത്.

മലയാളത്തിലെ ഒരു പ്രധാന വെബ്മാഗസിൻ പുഴ.കോം ആണ്. നാട്ടറിവുകൾ, പുസ്തകങ്ങൾ, പുഴ കിഡ്സ്, പുഴ മാഗസിൻ, വാർത്ത എന്നീ വ്യത്യസ്ത ചാനലുകളും ഇതിനോടൊപ്പമുണ്ട്. പുഴ കിഡ്സ് കുട്ടികൾക്കുള്ളതാണ്. പുഴ ക്ലാസിക്സിൽ ഗൗരവപ്പെട്ട വായനയാണുള്ളത്. ഇപ്പോൾ ദിനപ്പത്രങ്ങളിലെ വാർത്തകളും പുഴ നൽകുന്നുണ്ട്.

കവിതയ്ക്ക് മാത്രമായുള്ള വെബ്മാഗസിനാണ് ഹരിതകം.കോം. വളരെ ഭംഗിയായി രൂപകല്പന ചെയ്ത ഇതിൽ കവികളുടെ വെബ്സൈറ്റിലേക്കുള്ള ലിങ്കുകളുമുണ്ട്. യുദ്ധത്തിനും ഭീകരവാദത്തിനുമെതിരായുള്ള മാഗസിനാണ് തണൽ. പ്രവാസി മലയാളികൾ പ്രസിദ്ധീകരിക്കുന്ന അയനം, ഭംഗിയോടെ രൂപ കല്പന ചെയ്ത തുഷാരം, എന്നിവയും മലയാളത്തിലുള്ള വെബ്മാഗസിനുകളാണ്.

# First Semester B.A/B.Sc Degree Examination

## MA IA 07 (02) സർഗ്ഗാത്മക രചനയും ആശയവിനിമയ ശേഷിയും

**(I) താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. ഓരോന്നിന്റെയും മൂല്യം –1**

1. കുട്ട്യേടത്തി എഴുതാനുായ സാഹചര്യം എന്ത്?
2. തന്റെ പണിപ്പുരയെ എന്തിനോടാണ് ഇടശ്ശേരി സാദൃശ്യപ്പെടുത്തുന്നത്?
3. 'രംഗപ്രസാധനം'– നിർവ്വചിക്കുക.
4. അനുകല്പനത്തെക്കുറിച്ച് അലൻറെനെ പറയുന്നതെന്ത്?
5. വിവര സാങ്കേതിക വിദ്യ - നിർവ്വചിക്കുക
6. വാർത്തയും ഫീച്ചറും തമ്മിലുള്ള വ്യത്യാസം എന്ത്?
7. ബൈലൈൻ എന്നാലെന്ത്?
8. S.M.S ഭാഷയുടെ സ്വഭാവമെന്ത്?
9. യൂനികോഡ് എന്നാലെന്ത്? 9x1=9

**(II) ഏതെങ്കിലും 5 ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരം എഴുതുക.**

10. സ്വന്തം ജീവിതാനുഭവങ്ങളാണ് എം.ടിയുടെ കഥകൾ. പരിശോധിക്കുക.
11. പുത്തൻ കലവും അരിവാളും രചിക്കാനിടയായ സാഹചര്യമെന്ത്?
12. രംഗപ്രസാധനം ഒരു കലയാണെന്ന് പറയുന്നതെന്തുകൊ്?
13. കടവ് തോണി എന്ന കഥ കടവ് എന്ന സിനിമയായപ്പോൾ വന്ന മാറ്റങ്ങൾ എന്തെല്ലാം?
14. പരസ്യങ്ങൾ ആളുകളെ ആകർഷിക്കുന്നതെങ്ങനെ?
15. റേഡിയോ നാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
16. ബ്ലോഗുകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക. 5x2=10

**(III) ഏതെങ്കിലും രണ്ണെത്തിന് ഉപന്യാസം തയ്യാറാക്കുക**

17. നാടകവിജയത്തിന് രംഗപ്രസാധനം അനിവാര്യമാണെന്ന് പറയുന്നതെന്തുകൊ്?
18. അന്യഭാഷാ പാണ്ഡിത്യം മലയാള ഭാഷയിൽ ഉാക്കുന്ന വിലക്ഷണതകൾ ഉദാഹരണസഹിതം വിശദമാക്കുക.
19. ഇന്റർനെറ്റിൽ മലയാള സാന്നിധ്യം എത്രത്തോളമെന്ന് വിശദമാക്കുക

2x4=8